
ARCHDIOCESE OF TRICHUR
TRICHUR
ARCHDIOCESAN
BULLETIN
MARCH 2016
82
YEARS OF
PUBLICATION
1934-2016

TRICHUR
ARCHDIOCESAN
**Bulletin**

പുസ്തകം : 83
മാർച്ച് 2016
ലക്കം : 3

# ഈ ലക്കത്തിൽ


- ❖ സർക്കുലർ 3
- ❖ കച്ചേരികാര്യം 12
- ❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - മാർച്ച് 36
- ❖ സഹായമെത്രാന്റെ പരിപാടികൾ - മാർച്ച് 37
- ❖ നാളാഗമം 38
- ❖ സാമ്പത്തിക കാര്യാലയം 42
- ❖ വൈദികർ 46
- ❖ സന്യസ്തർ 49
- ❖ സ്ഥാപനങ്ങൾ 53
- ❖ സാന്ത്വനം 83
- ❖ സംഘടനകൾ 59


*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***
**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

576/2016 C- 1
09.02.2016

## സർക്കുലർ

# അതിരൂപതാ അസംബ്ലി
# (ന.1, വിഷയനിർണ്ണയം)

ഈശോയിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ, സഹോദരരേ, വത്സലമക്കളേ,

സഭാ കൂട്ടായ്മയെയും പങ്കാളിത്ത സഭാജീവിതത്തെയും ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക സഭയായ അതിരൂപതക്ക് പുതിയ ദർശനങ്ങളും നവചൈതന്യവും പകരുന്നതിനു വേണ്ടി, നമ്മുടെ സഭക്ക് പരമ്പരാഗതമായി ഉണ്ടായിരുന്ന സഭായോഗത്തിന്റെ മാതൃകയിൽ അതിരൂപതാ മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ സമ്മേളിക്കുന്ന അതിരൂപതയിലെ മുഴുവൻ ദൈവജനത്തിന്റെയും പ്രതിനിധി സമ്മേളനമാണ് അതിരൂപതായോഗം (അതിരൂപതാ അസംബ്ലി). സഭയിൽ കാരുണ്യത്തിന്റെ മുഖം കൂടുതൽ പ്രകാശിക്കുന്നതിനും ലോകം മുഴുവനും ദൈവത്തിന്റെ കരുണ അനുഭവവേദ്യമാക്കുന്നതിനും വേണ്ടി പ്രഖ്യാപിക്കപ്പെട്ട കരുണയുടെ വർഷത്തിന്റെ പശ്ചാത്തലത്തിൽ സഭാനിയമം അനുശാസിക്കുന്ന വിധത്തിലുള്ള (തൃശ്ശൂർ അതിരൂപതാ നിയമാവലി, ഭാഗം 1, 97–100) അതിരൂപതായോഗം വിളിച്ചുകൂട്ടുന്ന വിവരം സന്തോഷത്തോടെ നിങ്ങളെ ഞാൻ അറിയിക്കുന്നു. ഇതിനു മുൻപ് 2001 ലും 2011 ലുമാണ് സഭാകൂട്ടായ്മയുടെ ആഘോഷമായ അതിരൂപതാ യോഗങ്ങൾ നാം നടത്തിയത്.

അസംബ്ലിയിൽ ചർച്ച ചെയ്യാനുള്ള വിഷയങ്ങൾ നിർദ്ദേശിക്കുക സഭാംഗങ്ങളുടെ അവകാശവും ഉത്തരവാദിത്തവുമാണ്. അതിരൂപതയിലെ എല്ലാ ഇടവകകളിൽനിന്നും സമർപ്പിത സമൂഹങ്ങളിൽനിന്നും, സ്ഥാപന ങ്ങളിൽനിന്നും, സംഘടനകളിൽനിന്നും അസംബ്ലിയിൽ വിചിന്തനം ചെയ്യേണ്ട വിവിധ വിഷയങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ക്ഷണിക്കു ന്നു. കൂടാതെ, അതിരൂപതയിലെ ഒരോ വ്യക്തിക്കും കുടുംബത്തിനും തങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കാവുന്നതാണ്.

നമ്മുടെ അതിരൂപതയുമായും സഭാജീവിതവുമായും ബന്ധപ്പെട്ട എല്ലാ വിഷയങ്ങളെക്കുറിച്ചും അതിരൂപതയുടെ സർവതലസ്പർശിയായ വളർച്ചയും നന്മയും മുൻനിറുത്തി നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്.

കരുണയുടെ മുഖം കൂടുതൽ തെളിമയോടെ പ്രശോഭിപ്പിക്കാൻ നമ്മുടെ അതിരൂപതയെ സജ്ജമാക്കുന്നതിനുവേണ്ട ക്രിയാത്മക നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു. നിങ്ങളുടെ നിർദ്ദേശങ്ങൾ നേരിട്ടോ ഇടവക വികാരി വഴിയോ 2016 മാർച്ച് 20 നു മുൻപ് താഴെപറയുന്ന തപാൽ വിലാസത്തിലോ ഇമെയിൽ വിലാസത്തിലോ അയക്കേണ്ടതാണ്. അതിരൂപതയുടെ വെബ്സൈറ്റിൽ നിർദ്ദേശങ്ങൾ സമർപ്പിക്കാനും സൗകര്യമൊരുക്കിയിട്ടുണ്ട്. വിഷയങ്ങൾ നിർദ്ദേശിക്കുന്നവർ തങ്ങളുടെ പേരും മേൽവിലാസവും കൃത്യമായി രേഖപ്പെടുത്തുകയും നിർദ്ദിഷ്ടവിഷയങ്ങൾ മുൻഗണനാക്രമത്തിൽ നൽകേണ്ടതുമാണ്. അതിരൂപതാതലത്തിലുള്ള ചർച്ചകൾക്ക് മുന്നോടിയായി ഇടവകകളുടെയും സംഘടനകളുടെയും കുടുംബകൂട്ടായ്മകളുടെയും സമർപ്പിത സമൂഹങ്ങളുടെയും വേദികളിൽ ഫലപ്രദമായ ചർച്ചകൾ ഒരുക്കുവാൻ ഉത്തരവാദിത്തപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചു തയ്യാറാക്കപ്പെടുന്ന വിചിന്തനരേഖ (lineamenta) നിങ്ങളുടെ ചർച്ചക്കും വിചിന്തനത്തിനുമായി പ്രസിദ്ധീകരിക്കുന്നതുമാണ്. അതിരൂപതയുടെ സർവ്വോന്മുഖമായ വളർച്ചക്കുതകുന്ന വിശകലനങ്ങളും വിലയിരുത്തലുകളും നിർദ്ദേശങ്ങളും തീരുമാനങ്ങളും ഉണ്ടാകണം. ഇതിനു അതിരൂപതയുടെ എല്ലാ തലങ്ങളിലും പരിശുദ്ധാത്മാവിനാൽ പ്രചോദിതമായ സമഗ്രവും കാര്യക്ഷമവുമായ ചർച്ചകൾ അതിരൂപതായോഗത്തിനു മുന്നോടിയായി നടത്തേണ്ടതുണ്ട്. അസംബ്ലിയെക്കുറിച്ചുള്ള വിശദവിവരങ്ങൾ നിങ്ങളെ തുടർന്നും അറിയിക്കുന്നതാണ്.

**നിർദ്ദേശങ്ങൾ അയക്കേണ്ട വിലാസം:**

സെക്രട്ടറി, തൃശ്ശൂർ അതിരൂപതാ അസംബ്ലി, കാത്തലിക് ആർച്ച്ബിഷപ്പ്സ് ഹൗസ്, തൃശ്ശൂർ– 680 005

ഇ-മെയിൽ : archdiocesanassemblytcr@gmail.com

വെബ്സൈറ്റ് : www.trichurarchdiocese.org

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലർ 2016 ഫെബ്രുവരി 21ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

608/2016 C- 3
17.02.2016

## സർക്കുലർ

# ദൈവവിളിവാരം

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

കരുണയുടെ അസാധാരണ ജൂബിലി വർഷത്തിലൂടെ നാം കടന്നുപോവുകയാണ്. ഈ കാരുണ്യവർഷത്തിൽ 32 വൈദികർ നമ്മുടെ അതിരൂപതയിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ച് ദൈവത്തിന്റെ മുന്തിരത്തോപ്പിൽ വേലയ്ക്കായി സജ്ജമാക്കപ്പെട്ടു എന്നത് ദൈവം നമ്മുടെ അതിരൂപതയെ പരിധികളില്ലാതെ അനുഗ്രഹിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ്. കഴിഞ്ഞ വിഭൂതി തിരുനാൾ ദിവസം ഫ്രാൻസിസ് പാപ്പ വത്തിക്കാനിലെ വി. പത്രോസിന്റെ ബസിലിക്കയിൽ വെച്ച് 700 ഓളം വൈദിക സന്യാസ-സമർപ്പിതരെ ദൈവത്തിന്റെ കാരുണ്യമുള്ള മുഖം ലോകത്തിനു പങ്കുവെയ്ക്കുവാനായി തെരഞ്ഞെടുത്തിരുന്നു. മൂല്യമുള്ള യഥാർത്ഥ ദൈവവിളികളാൽ ഇനിയും ഈ ലോകം നിറയപ്പെടേണ്ടതുണ്ടെന്ന് ഇത് നമ്മെ ഉദ്ബോധിപ്പിക്കുകയാണ്. മാർച്ച് 28 മുതൽ ഏപ്രിൽ 2 വരെ നമ്മുടെ അതിരൂപതയിൽ നല്ല ദൈവവിളികൾക്കായി തീക്ഷ്ണമായി പ്രാർത്ഥിക്കുക എന്ന ലക്ഷ്യത്തോടെ ദൈവവിളിവാരം ആചരിക്കുകയാണ്. ഈയവസരത്തിൽ ദൈവവിളിയുമായി ബന്ധപ്പെട്ട ഏതാനും വസ്തുതകൾ നിങ്ങളുടെ പരിചിന്തനത്തിനായി പങ്കുവെയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ലോകത്തിനിന്ന് വൈദികരും സന്യാസ-സമർപ്പിതരും ആവശ്യമായി തീർന്നിരിക്കുന്ന സമയമാണ്. സാങ്കേതികവിദ്യയുടെ ചട്ടകൂടുകളിൽ മാത്രം ചുരുങ്ങിക്കൊണ്ടിരിക്കുന്ന (absolutism of technology) ഈ ഡിജിറ്റൽ ലോകത്തിലെ മനുഷ്യൻ, ശരിയും തെറ്റും തിരിച്ചറിയാനാകാതെ ഉപകരണങ്ങൾക്കും ആധുനിക സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾക്കും അടിമയായിത്തീർന്നിരിക്കുന്നു. പരിധിയില്ലാത്ത സാമൂഹ്യസമ്പർക്ക മാധ്യമങ്ങളുടെ ഉപയോഗത്തെ മാനസിക മലിനീകരണം (mental pollution) എന്നാണ് ഫ്രാൻസിസ് മാർപാപ്പ വിശേഷിപ്പിച്ചിരിക്കുന്നത്.

കുടുംബം ഒത്തുചേരുമ്പോൾ ഉരുത്തിരിയേണ്ട ആനന്ദവും സന്തോഷവും നഷ്ടമാകുന്നു എന്നുള്ളതാണ് ഇതിന്റെ ഗൗരവമേറിയ അനന്തരഫലങ്ങളിലൊന്ന്. കൂടാതെ, ആരോടും കടപ്പാടുകളില്ലാത്ത

നിസ്സംഗതയാർന്ന ഒരു തലമുറ നമ്മുടെ ഭവനങ്ങളിൽ രൂപപ്പെടുകയും ചെയ്യുന്നു. എന്നാൽ ഇന്നത്തെ വ്യതിചലിക്കപ്പെട്ട സാമൂഹ്യചുറ്റുപാടുകളിൽ നിന്നും മാറിനിന്ന് വിശ്വാസത്തിന്റെ കണ്ണുകളിലൂടെ നമ്മുടെ ജീവിതത്തെ നോക്കിക്കാണുമ്പോൾ തിരിച്ചറിയപ്പെടുന്ന ഒരു സത്യമുണ്ട്, ഈ ജീവിതം ദൈവികദാനമാണ് എന്ന വസ്തുത. ദാനമായി നമുക്കു നല്കപ്പെട്ട ഈ കൊച്ചു ജീവിതം കൊണ്ട് മൂല്യമുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ നമ്മൾ കടപ്പെട്ടവരാണ്. ദൈവസ്നേഹവും പരസ്നേഹവും കൂടിച്ചേരുന്നിടത്താണ് ഒരുവന്റെ ജീവിതം മൂല്യാധിഷ്ഠിതമായി തീരുന്നത്. എല്ലാ ജീവിതാന്തസ്സുകളും അതിനാൽത്തന്നെ മൂല്യമുള്ളതാണെങ്കിലും പൗരോഹിത്യജീവിതവും സന്യാസ - സമർപ്പിതജീവിതവും ഈ ലക്ഷ്യത്തെ കൂടുതൽ പ്രകാശമാനമാക്കുന്നു. പുണ്യസ്മരണാർഹനായ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു: 'അനേകരിൽ നിന്നും ക്രിസ്തുവിനാൽ പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ടവരാണ് പുരോഹിതരും, സമർപ്പിതരും. ക്രിസ്തു ഇന്ന് ദൈവജനത്തോടു സംസാരിക്കുന്നത് പുരോഹിതരുടെയും, സമർപ്പിതരുടെയും അധരങ്ങളിലൂടെയാണ്. ക്രിസ്തു തന്റെ ജനത്തിന്റെ പാപങ്ങൾ ക്ഷമിക്കുന്നതും അവർക്കുവേണ്ടി ബലിയർപ്പിക്കുന്നതും അവരിലൂടെയാണ്. പുരോഹിതരുടെയും സമർപ്പിതരുടെയും ഹൃദയം വഴിയാണ് അവിടുന്ന് ഈ ലോകത്തെ സ്നേഹിക്കുന്നത്. യേശുവിന്റെ കരുണ ദൈവജനത്തിന്റെ പക്കലേക്കെത്തുന്നത് പുരോഹിതരുടെയും സമർപ്പിതരുടെയും കരങ്ങളിലൂടെയാണ്. പുരോഹിതരുടെയും സമർപ്പിതരുടെയും പ്രയത്നം വഴിയാണ് ക്രിസ്തു തന്റെ ജനത്തെ രക്ഷിക്കുന്നത്' *(ലോകദൈവവിളി പ്രാർത്ഥനാദിന സന്ദേശം, 1979 - ജോൺപോൾ രണ്ടാമൻ പാപ്പ).* അനിതരസാധാരണമായ ഈ ജീവിതാന്തസ്സിലേക്കുള്ള ക്രിസ്തുവിന്റെ വിളിക്ക് വ്യക്തിപരമായി പ്രത്യുത്തരം നൽകാൻ യുവജനങ്ങളെ നിങ്ങളെ ഞാൻ ക്ഷണിക്കുകയാണ്.

ദൈവം എന്നെ പ്രത്യേകമായി വിളിക്കുന്നുണ്ടെന്ന് എങ്ങനെ തിരിച്ചറിയാൻ സാധിക്കും എന്നത് ഇന്നത്തെ ഓരോ യുവാവിനെയും യുവതിയെയും ആകുലപ്പെടുത്തുന്ന ചോദ്യമാണ്. പഴയനിയമഗ്രന്ഥത്തിൽ സാമുവേലിന്റെ വിളിയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട് (1 സാമു. 3:1-10). ബാലനായ സാമുവേൽ ദൈവാലയത്തിൽ ദൈവത്തിന്റെ പേടകം സ്ഥിതിചെയ്യുന്നതിനരികെ കിടക്കുകയായിരുന്നു. അപ്പോൾ കർത്താവ് സാമുവേലിനെ വിളിച്ചു. എന്നാൽ കർത്താവാണ് തന്നെ വിളിച്ചതെന്ന് സാമുവേൽ തിരിച്ചറിഞ്ഞില്ല. ആദ്യ രണ്ടുതവണയും ഏലി

ആയിരിക്കും വിളിച്ചത് എന്നു കരുതി സാമുവേൽ ഏലിയുടെ അടുക്കലേക്കു പോകുന്നുണ്ട്. മൂന്നാം തവണ സാമുവേലിനെ വിളിക്കുന്നത് ദൈവമാണ് എന്നു ഏലി വ്യക്തമാക്കികൊടുക്കുന്നു. പുതിയനിയമഗ്രന്ഥത്തിൽ സ്നാപകയോഹന്നാൻ തന്റെ രണ്ടു ശിഷ്യന്മാർക്ക് ഈശോയെ ചൂണ്ടികാണിച്ചുകൊടുക്കുന്നുണ്ട് (യോഹ. 1:35-40). 'ഇതാ ദൈവത്തിന്റെ കുഞ്ഞാട്' എന്ന യോഹന്നാന്റെ വെളിപ്പെടുത്തൽ കേട്ട് അന്ത്രയോസും മറ്റൊരു ശിഷ്യനും അവനെ അനുഗമിച്ചു. സാമുവേലിനെ വിളിക്കുന്നത് കർത്താവാണെന്ന് ഏലി ബോധ്യപ്പെടുത്തിയതുപോലെ, സ്നാപകയോഹന്നാൻ അന്ത്രയോസിനും മറ്റു ശിഷ്യനും ഈശോയെ ചൂണ്ടിക്കാണിച്ചുകൊടുത്തതുപോലെ ഇന്നത്തെ സമൂഹത്തിൽ കുടുംബങ്ങൾക്കും, മതബോധനവിദ്യാലയങ്ങൾക്കും, ഇടവകസമൂഹത്തിനും യുവജനങ്ങളിൽ രൂപംകൊള്ളുന്ന ദൈവവിളികളെ ബോധ്യപ്പെടുത്തുവാനും വളർത്തുവാനും കടമയുണ്ട്.

**കുടുംബം**

വിശുദ്ധ ഭവനങ്ങളാണ് നല്ല ദൈവവിളികളുടെ അടിസ്ഥാനം. നല്ല പുരോഹിതരും സമർപ്പിതരും ഉണ്ടാകണമെന്ന് നമ്മൾ ആഗ്രഹിക്കാറുണ്ട് എന്നാൽ എന്റെ കുടുംബത്തിൽ നിന്നും വിശുദ്ധിയുള്ള വൈദികരോ, സമർപ്പിതരോ ഉണ്ടാകണമെന്ന് ആഗ്രഹിച്ചു നമ്മൾ പ്രാർത്ഥിക്കാറുണ്ടോ? വൈദികരെയും സമർപ്പിതരെയും കുറിച്ച് നമ്മുടെ കുടുംബങ്ങളിൽ നല്ലതുപറയുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ നമ്മുടെ മക്കളിൽ രൂപപ്പെടുന്ന ദൈവവിളികൾ ശക്തമാക്കപ്പെടുകയാണ് ചെയ്യുന്നത്. ആത്മീയ ആഴമുള്ള കുടുംബജീവിതങ്ങളിലാണ് ദൈവിക-സാമൂഹിക സേവനത്തിനായി ഇറങ്ങിത്തിരിക്കുന്ന നിസ്വാർത്ഥമതികളായ വ്യക്തിത്വങ്ങൾ ഉടലെടുക്കുന്നത്. പൗരോഹിത്യ സന്യസ്ത ദൈവവിളികൾ ഒരു സമൂഹത്തിന്റെ ആത്മീയതയുടെ ഉഷ്ണമാപിനികളാണ്. കുടുംബങ്ങളിൽ ഈ വസ്തുത ഓർമ്മിക്കേണ്ടതും പ്രാർത്ഥനാപുരസ്സരം സമർപ്പിതജീവിതങ്ങളിലേക്ക് കുട്ടികളെ വളർത്തേണ്ടതുമാണ്.

**മതബോധന വിദ്യാലയങ്ങൾ**

ഒരു കുഞ്ഞിന്റെ സ്വഭാവരൂപീകരണത്തിൽ മതബോധനവും മതാധ്യാപകരും ചെറുതല്ലാത്ത പങ്കുവഹിക്കുന്നുണ്ട്. ദൈവസ്നേഹത്തെക്കുറിച്ചും, പരസ്നേഹത്തെക്കുറിച്ചും ദൈവവിളികളുടെ മാഹാത്മ്യത്തെക്കുറിച്ചും ബാല്യത്തിൽത്തന്നെ നമ്മുടെ കുഞ്ഞുങ്ങൾക്കു അവബോധം ജനിപ്പിക്കുവാൻ മതാധ്യാപകർക്കു സാധിക്കണം. മതാ

ധ്യാപകരെ കുറിച്ച് ഫ്രാൻസിസ് പാപ്പ ഇപ്രകാരമാണ് പറഞ്ഞുവെയ്ക്കുന്നത്, 'നിങ്ങൾ ദൈവസ്നേഹത്തിന്റെ അധ്യാപകരല്ല, പകരം ദൈവസ്നേഹത്തിന്റെ സാക്ഷ്യങ്ങളാകേണ്ടവരാണ്. പ്രാർത്ഥനയുടെ സൗന്ദര്യത്തെക്കുറിച്ചും, കാരുണ്യത്തിന്റെയും ക്ഷമയുടെയും ശക്തിയെക്കുറിച്ചും വി. കുർബ്ബാനയിലുള്ള പങ്കുവെയ്പിന്റെ ആനന്ദത്തെക്കുറിച്ചും നിങ്ങളുടെ ജീവിതമാതൃകയാണ് സംസാരിക്കേണ്ടത്' *(ഫ്രാൻസിസ് പാപ്പായുടെ ആഫ്രിക്കൻ സന്ദർശനം 27-11-2105)*. ദൈവവിളികൾ ഉണ്ട് എന്ന ബോധ്യപ്പെടുന്ന കുട്ടികളിൽ അത് നഷ്ടപ്പെടുത്താതെ പരിപോഷിപ്പിക്കേണ്ട ഉത്തരവാദിത്വം മതാധ്യാപകർ ഏറ്റെടുക്കേണ്ടതാണ്.

**ഇടവകകുടുംബം**

ദൈവവിളികൾ വളർത്തുന്നതിൽ ഒരു ഇടവകകുടുംബത്തിന് പ്രധാനപ്പെട്ട പങ്കുവഹിക്കുവാനുണ്ട്. ഒരു ഇടവകയുടെ സജീവത്വം പലപ്പോഴും വിലയിരുത്തപ്പെടുന്നത് ആ ഇടവകയിൽ നിന്നുമുള്ള സമർപ്പിത ദൈവവിളികളുടെ തോതനുസരിച്ചാണ് എന്നു പറയുന്നത് എത്രയോ ശരിയാണ്. വി. ജോൺ ബോസ്കോ പ്രസ്താവിക്കുന്നത് ഇപ്രകാരമാണ്: 'ഒരോ പത്ത് വ്യക്തികളിൽ ഒരാൾക്ക് ദൈവത്തിന്റെ പ്രത്യേക വിളി ലഭിക്കുന്നുണ്ട്' എന്ന്. എന്നിട്ടും നമ്മുടെ ഇടവകകളിൽ ദൈവവിളികൾ കുറയുന്നുണ്ടെങ്കിൽ ദൈവവിളിയോടുള്ള നമ്മുടെ സമീപനത്തിൽ അനിവാര്യമായ മാറ്റങ്ങൾ നമ്മൾ വരുത്തേണ്ടിയിരിക്കുന്നു എന്നു ചുരുക്കം. ഇടവകവികാരിയോടു ചേർന്ന് ദൈവജനം മുഴുവനും പ്രാർത്ഥനയാലും പ്രവർത്തനത്താലും ദൈവവിളി പരിപോഷണത്തിനായി യത്നിക്കേണ്ടതാണ്. ദൈവവിളികൾ ഉണ്ട് എന്ന് തിരിച്ചറിയപ്പെടുന്ന വ്യക്തികൾ നമ്മുടെ അടുത്തേക്ക് വരട്ടെ എന്ന ആശയങ്ങൾ മാറ്റിവെച്ച് ആവശ്യമായ ആത്മീയ ഭൗതീക സാഹചര്യങ്ങൾ അവർക്ക് ഒരുക്കികൊടുത്ത് ദൈവവിളികളെ വളർത്തുവാൻ ഇടവക സമൂഹം ശ്രദ്ധിക്കേണ്ടതാണ്.

ക്രിസ്തുവിന്റെ പ്രധാനപ്പെട്ട എല്ലാ കർത്തവ്യങ്ങൾക്കുമുമ്പ് അവിടുന്ന് പ്രാർത്ഥനയിൽ സമയം ചിലവഴിക്കാറുണ്ട്. അപ്പസ്തോലന്മാരെ തിരെഞ്ഞെടുക്കുന്നതിനുമുമ്പും അവൻ ഒരു രാത്രി മുഴുവൻ തന്റെ പിതാവുമായി ഗാഢമായ പ്രാർത്ഥനയിൽ ചെലവഴിച്ചു (ലൂക്കാ 6:12). ഏകാന്തതയിൽ തന്റെ പിതാവിന്റെ ഹിതം ആരായുകയും തിരഞ്ഞെടുക്കപ്പെടുന്നവർ ലോകത്തിന്റെ തന്ത്രങ്ങൾക്കനുസരിച്ചുള്ളവരാകാതെ പിതാവായ ദൈവത്തിന്റെ ഹൃദയത്തിനു അനുസരിച്ചുള്ളവരാ

കുവാൻ (ജെറമിയ 3:15) അവൻ പ്രാർത്ഥിച്ചു. നമ്മുടെ അതിരൂപത യിൽ വിശുദ്ധിയുള്ള ദൈവവിളികൾക്കായി മാർച്ച് 28 മുതൽ ഏപ്രിൽ 2 വരെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ പ്രാർത്ഥനാ -ഉപവാസ യജ്ഞം നടത്തുന്നു. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയാണ് സമയം. കൂടാതെ ഏപ്രിൽ 1, 2 ദിവസങ്ങളിൽ എസ്. എസ്. എൽ. സി., പ്ലസ് ടു കഴിഞ്ഞ പെൺകുട്ടികൾക്കായി ഡി. ബി. സി. എൽ. സി. യിൽ വെച്ച് ദൈവവിളി ക്യാമ്പും ആൺകുട്ടികൾക്കായി ഏപ്രിൽ 4 മുതൽ 6 വരെയും, 7 മുതൽ 9 വരെയും രണ്ടു ബാച്ചുകളി ലായി മഡോണ നഗർ സെന്റ് മേരീസ് മൈനർ സെമിനാരിയിലും ദൈവ വിളിക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നു. വിശദവിവരങ്ങൾ അതിരൂപത വൊക്കേഷൻ ബ്യൂറോയിൽ നിന്നും യഥാസമയം നിങ്ങളെ അറിയി ക്കുന്നതായിരിക്കും. ദൈവവിളി ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് കുട്ടി കളെ ഒരുക്കി പറഞ്ഞയക്കുവാൻ ബഹു. വികാരിയച്ചന്മാരും കൊച്ചച്ച ന്മാരും സിസ്റ്റേഴ്സും മാതാപിതാക്കളും മതബോധന അധ്യാപകരും ശ്രമിക്കണമെന്നും ദൈവവിളി വാരത്തിലെ പ്രാർത്ഥന-ഉപവാസ യജ്ഞത്തിൽ പ്രാർത്ഥനയും സാന്നിധ്യവും വഴി സഹകരിക്കണമെന്നും ഞാൻ താത്പര്യപൂർവ്വം അഭ്യർത്ഥിക്കുന്നു.

നിത്യപുരോഹിതനായ ഈശോയ്ക്ക് ജന്മം നൽകി വളർത്തി യവളും സമർപ്പിതരുടെ മാതൃകയും അതിരൂപതയുടെ സ്വർഗ്ഗീയ മധ്യ സ്ഥയുമായ പരി. അമ്മ നല്ല ദൈവവിളികൾ കണ്ടെത്തുവാനും തിരിച്ച റിയുവാനും യുവതീയുവാക്കന്മാരെ സഹായിക്കട്ടെയെന്ന് നമുക്കു പ്രാർത്ഥിക്കാം.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലർ 2016 മാർച്ച് 6ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

587/2016
10.02.2016 C- 2

## സർക്കുലർ

# പെസഹാവ്യാഴപിരിവ്

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ അതിരൂപതയുടെ വൈദികപരിശീലനത്തോട് നിങ്ങൾ കാണിക്കുന്ന സ്നേഹത്തിനും പ്രോത്സാഹനത്തിനും പ്രാർത്ഥനയ്ക്കും സാമ്പത്തികസഹായത്തിനും ഹൃദയപൂർവ്വം നന്ദിപറയുന്നു. ഈ വർഷം നമ്മുടെ അതിരൂപതയിൽനിന്ന് 30 ഡീക്കന്മാരാണ് അതിരൂപതയ്ക്കും വിവിധ സന്ന്യാസസഭകൾക്കുംവേണ്ടി അഭിഷിക്തരായത്. അതിൽ 17 ഡീക്കന്മാർ തൃശ്ശൂർ അതിരൂപതയ്ക്ക് വേണ്ടിയാണ് തിരുപ്പട്ടം സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ അതിരൂപതയിൽ നിന്നും വിവിധ സെമിനാരികളിൽ 218 വൈദിക വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ 73പേരും തിരുവില്ലാമലയിൽ നാലാം വർഷത്തിലുള്ളവർ 11പേരും ഡിഗ്രി പഠിക്കുന്നവർ 45 പേരും റീജൻസി പരിശീലനത്തിലുള്ളവർ 12 പേരും തത്വശാസ്തം പഠിക്കുന്നവർ 31പേരും ദൈവശാസ്ത്രം പഠിക്കുന്നവർ 46പേരുംകൂടി ആകെ 218 പേർ. ധാരാളം വൈദീക ദൈവവിളികളെ നൽകി നമ്മുടെ അതിരൂപതയെ അനുഗ്രഹിക്കുന്ന ദൈവത്തിന് നന്ദി പറയാം.


കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ജനപങ്കാളിത്തത്തോടുകൂടി വൈദികവിദ്യാർത്ഥികൾക്ക് പരീശീലനം നൽകുക എന്ന വലിയ ലക്ഷ്യം മുന്നിൽ കണ്ട് 1998 ൽ തൃശ്ശൂർ അതിരൂപത മുളയത്ത് മേരിമാത മേജർ സെമിനരി ആരംഭിച്ചു. കഴിഞ്ഞ 11 ബാച്ചുകളിലായി മേരിമാത സെമിനാരിയിൽ പരിശീലനം പൂർത്തിയാക്കിയ 230 വൈദിക വിദ്യാർത്ഥികൾ പുരോഹിതരായി അഭിഷിക്തരായി ഇന്ന് സഭയിൽ വിവധ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്യുന്നുണ്ട്. വിദേശസഹായം ഏകദേശം പൂർണ്ണമായും ഇല്ലാതായ സാഹചര്യത്തിൽ വൈദിക പരിശീലനത്തിന് ആവശ്യമായി വരുന്ന പണം അതത് സ്ഥലങ്ങളിൽ കണ്ടെത്തുക എന്ന സ്ഥിതിവിശേഷമാണ് എല്ലാ സെമിനരികളിലും നിലനിൽക്കുന്നത്. യേശു ശുശ്രൂഷാപൗരോഹിത്യം സ്ഥാപിച്ചതിനെ അനുസ്മരിക്കുന്ന പെസഹാവ്യാഴാഴ്ചയിലെ ദൈവജനത്തിന്റെ സമർപ്പണമാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി, മേരിമാത മേജർ സെമിനാരിയിൽ പരിശീലനം നേടുന്ന വൈദികവിദ്യാർത്ഥികൾക്കും നമ്മുടെ അതി

രൂപതയ്ക്കുവേണ്ടി മറ്റു സെമിനാരികളിൽ പരിശീലനം നേടുന്ന വൈദിക വിദ്യാർത്ഥികൾക്കും പഠനചെലവിനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. മുൻവർഷങ്ങളിൽ നിങ്ങൾ നൽകിയ വലിയ സഹകരണത്തിന് നന്ദി പറയുന്നതിനോടൊപ്പം ഈ വർഷവും ഈ സംരഭത്തിൽ ഉദാരമനസോടെ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതിരൂപതയിലെ എല്ലാ കുടംബങ്ങളിലേക്കും ഇതിനാവശ്യമായ കവറുകൾ മേരിമാത സെമിനാരിയിൽ നിന്ന് എത്തിക്കുന്നതാണ്. ഈ കവറുകളിൽ നിങ്ങളുടെ സംഭാവനകൾ നിക്ഷേപിച്ച് ഈ വരുന്ന പെസഹാവ്യാഴാഴ്ച ഇടവകയിൽ സമർപ്പിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ ഉദ്യമത്തിന് ഇടവകളിൽ നേതൃത്വം കൊടുക്കണമെന്നും ഇപ്രകാരം സമാഹരിക്കുന്ന തുക അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏപ്രിൽ 20നു മുൻപായി ഏൽപ്പിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. ഈശോയുടെ പീഢാനുഭവരഹസ്യങ്ങളുടെ ഏറ്റവും അടുത്ത ദിവസങ്ങളിലേക്ക് പ്രവേശിക്കുന്ന നിങ്ങൾക്ക് ദൈവാനുഗ്രഹങ്ങളും ആഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു.

പ്രാർത്ഥനയുടേയും പങ്കുവെയ്ക്കലിന്റെയും ഈ അവസരത്തിൽ വൈദികപരിശീലനത്തിനായി നിങ്ങൾ ചെയ്യുന്ന ഈ സമർപ്പണത്തെ നല്ലിടയനായ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,



മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2016 മാർച്ച് 20ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| മാർച്ച് | 4 : | ആദ്യവെള്ളി |
| | 6 : | **നോമ്പ് അഞ്ചാം ഞായർ** |
| | 13 : | **നോമ്പ് ആറാം ഞായർ** |
| | 18 : | ജറുസലെമിലെ വി. സിറിൾ |
| | 19 : | വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ |
| | 20 : | **നോമ്പ് ഏഴാം ഞായർ**<br>**ഓശാന ഞായർ** |
| | 24 : | **പെസഹാവ്യാഴം** |
| | 25 : | **ദുഃഖവെള്ളി**<br>മംഗളവാർത്ത തിരുനാൾ |
| | 26 : | **വലിയശനി**<br>ഇന്നു മുതൽ ത്രിത്വത്തിന്റെ തിരുനാൾ വരെ ത്രികാലജപം 'സ്വർലോകരാജ്ഞി' |
| | 27 : | **ഉയിർപ്പ് തിരുനാൾ**<br>**ഉയിർപ്പ് ഒന്നാം ഞായർ** |

**2. മാർച്ച് മാസത്തെ പരിപാടികൾ**

| | | | |
|---|---|---|---|
| മാർച്ച് | 01 | : 07:30 pm | സാമ്പത്തിക സമിതിയോഗം |
| | 12 | : 10:00 am | പാസ്റ്ററൽ കൗൺസിൽ യോഗം |
| | 13 | : | പാലയൂർ മഹാതീർത്ഥാടനം |
| | 17 | : 02:00 pm | ചെറുപട്ടങ്ങൾ |
| | 15 | : 10:00 am | ഫൊറോനവികാരിമാരുടെ യോഗം |
| | | : 02:30 pm | സംഘടനകളുടെ ഡയറക്ടർമാരുടെ യോഗം |
| | 21 | : | സമർപ്പിതവിശുദ്ധീകരണദിനം (മൂറോൻ കൂദാശ) |
| | 31 | : 10:00 am | ആലോചനസമിതി യോഗം |

**3. സ്വാഗതം**

മറ്റു രൂപതകളിൽ സേവനം ചെയ്ത ശേഷം തിരിച്ചു വന്നിരിക്കുന്ന അതിരൂപത വൈദികർക്കും അതിരൂപതയിൽ സേവനത്തിനായി എത്തിയിരിക്കുന്ന സന്യാസവൈദികർക്കും സ്വാഗതം.

ഫാ. ജീജോ വള്ളൂപ്പാറ
ഫാ. സൈജൻ വാഴപ്പിള്ളി
ഫാ. ജെയ്സൻ മാറോക്കി
ഫാ. വിപിൻ കൊള്ളന്നൂർ SDV
ഫാ. ജിജോ തട്ടിൽ CMI
ഫാ. ബ്ലെസ്സൻ പെട്ടിക്കൽ CMI
ഫാ. സതീഷ് പാറത്തോട്ട് CMI
ഫാ. മത്തായി അക്കര OFM.Cap.

**4. നന്ദി :**

അതിരൂപതയിലെ സേവനത്തിനുശേഷം തിരിച്ചുപോകുന്ന എല്ലാ ബഹു. വൈദികർക്കും അതിരൂപതയുടെ അകൈതവമായ നന്ദി.

ഫാ. ജോൺ ബ്രിട്ടോ ORC
ഫാ. ജെന്നർ വാകയിൽ CMF
ഫാ. സനീഷ് മുളങ്കുന്നത്ത് ISch
ഫാ. ജോസഫ് കണ്ണനായ്ക്കൽ SDV
ഫാ. ജോസഫ് മണിയംപാറയിൽ MCBS
ഫാ. ജസ്റ്റിൻ ചിറക്കൽ CMF
ഫാ. സിജേഷ് വാതുക്കാടൻ CMI
ഫാ. സെൽജോ വെളിയന്നൂക്കാരൻ CMI

**5. ആശംസ :**

അതിരൂപതയിൽ നിന്ന് സേവനത്തിനും പഠനത്തിനുമായി പോകുന്ന ബഹു. വൈദികർക്ക് അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ ആശംസകൾ

ഫാ. ജോസഫ് വൈക്കാടൻ
ഫാ. ആൻസിൽ ജോൺ വെള്ളറ
ഫാ. ജോയ് ചിറ്റിലപ്പിള്ളി ജൂനിയർ
ഫാ. മേജോ കോരെത്
ഫാ. പ്രിൻസ് നായങ്കര

**6. വൈദികക്ഷേമനിധി :**

സ്ഥാപനങ്ങളിലും കോൺവെന്റുകളിലും സേവനം ചെയ്യുന്ന വൈദികർക്ക് വേണ്ടി വൈദികക്ഷേമനിധിയിലേക്ക് അടക്കേണ്ട വിഹിതങ്ങൾ മാർച്ച് 31-ന് മുമ്പ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങളുടെയും കോൺവെന്റുകളുടെയും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**7. പാലയൂർ മഹാതീർത്ഥാടനം :**

2016 മാർച്ച് 13നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം.

തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം മറ്റുപ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**8. സമർപ്പിത വിശുദ്ധീകരണദിനം :**

2016 മാർച്ച് 21–ാം തീയതിയാണ് ഈ വർഷത്തെ സമർപ്പിത വിശുദ്ധീകരണദിനം. അതിരൂപതയിലെ മുഴുവൻ വൈദികരും സമർപ്പിതരും അന്നത്തെ പരിപാടികളിൽ പൂർണ്ണമായും പങ്കെടുക്കേണ്ടതാണ്. അന്നേദിവസം കാലത്ത് 10 മണി മുതൽ ഉച്ചക്കഴിഞ്ഞ് 3 മണിവരെ ലൂർദ്ദ് കത്തീഡ്രലിൽ സമർപ്പിതരുടെ പ്രാർത്ഥനാ ഉപവാസദിനമായി ആചരിക്കുന്നു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ നടക്കുന്ന വി. കുർബ്ബാന മധ്യേ മൂറോൻ കൂദാശ നടത്തുന്നതാണ്. വെഞ്ചിരിച്ച സൈത്ത് പള്ളികളിലേക്കും സ്ഥാപനങ്ങളിലേക്കും ലഭിക്കുന്നതാണ്.

**9. പട്ടങ്ങൾ :**

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനത്തിലായിരിക്കുന്ന ശെമ്മാശന്മാർ 2016 മാർച്ച് 17ന് കാറോയ, ഹെവ്പ്പദ്യാക്ക്‌ന, മ്ശംശാന പട്ടങ്ങൾ സ്വീകരിക്കുന്നു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2:00ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് തിരുകർമ്മങ്ങൾ ആരംഭിക്കും. ബഹു. ശെമ്മാശ്ശന്മാരെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**10. ദൈവവിളിവാരാചരണം :**

2016 മാർച്ച് 28 മുതൽ ഏപ്രിൽ 1 ഉൾപ്പെടെയുള്ള ദിവസങ്ങളിലാണ് നാം ദൈവവിളി വാരാചരണം നടത്തുന്നത്. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കാനും നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും എല്ലാവരും പ്രത്യേകം താത്പര്യം കാണിക്കണം. പതിവുപോലെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ പ്രാർത്ഥന -ഉപവാസയജ്ഞം നടക്കും. സാധിക്കുന്ന എല്ലാവരും പങ്കെടുക്കുക. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**11. ദൈവവിളിക്യാമ്പുകൾ :**

എസ്. എസ്. എൽ. സി./പ്ലസ് ടു വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി വെവ്വേറെ ദൈവവിളി ക്യാമ്പു

കൾ സംഘടിപ്പിക്കുന്നുണ്ട്. 2016 ഏപ്രിൽ 1, 2 തീയതികളിൽ ഡി. ബി. സി. എൽ. സി. യിൽ വച്ച് പെൺകുട്ടികൾക്കുള്ള ക്യാമ്പും ഏപ്രിൽ 4-6, 7-9 തീയതികളിൽ മഡോണനഗർ മൈനർ സെമിനാരിയിൽ വച്ച് ആൺകുട്ടികൾക്കായുള്ള ക്യാമ്പുകളും നടത്തപ്പെടും. ദൈവവിളിയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ പ്രത്യേകം പ്രോത്സാഹിപ്പിച്ച് ദൈവവിളി ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. വിശദാംശങ്ങൾ വൊക്കേഷൻ ബ്യൂറോയിൽ നിന്ന് അറിയിക്കുന്നതാണ്.

**12. പാസ്റ്ററൽ കൗൺസിൽ യോഗം:**

പതിനാറാം പാസ്റ്ററൽ കൗൺസിലിന്റെ എട്ടാം യോഗം മാർച്ച് 12 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ ഡി. ബി. സി. എൽ. സി. യിൽ നടത്തുന്നു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായ എല്ലാ ബഹു. വൈദീകരും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**13. അതിരൂപതാദിനം:**

ഈ വർഷത്തെ അതിരൂപതാദിനം ബസിലിക്ക ഫൊറോനയിൽ വച്ച് നടത്തപ്പെടുന്നു. അതിരൂപതദിനാഘോഷത്തെപ്പറ്റി ചർച്ച ചെയ്യുന്നതിനായി ഒരു മീറ്റിംഗ് മാർച്ച് 31-ാം തിയ്യതി ഉച്ചതിരിഞ്ഞ് 4.30 ന് ആർച്ച്ബിഷപ്സ്ഹൗസിൽ കൂടുന്നു. **പങ്കെടുക്കേണ്ടവർ** - ആലോചനസമിതിയംഗങ്ങൾ, ഫൊറോന വികാരിമാർ, വൈദികസമിതി അജണ്ടകമ്മിറ്റി, പാസ്റ്ററൽകൗൺസിൽ അജണ്ടകമ്മിറ്റി, ബസിലിക്ക ഫെറോനയിലെ വൈദികർ, സംഘടനകളുടെ ഫെറോനഭാരവാഹികൾ

**14. ഈസ്റ്റർ ദിനത്തിലെ പാതിരാതിരുകർമ്മങ്ങൾ :**

തൃശ്ശൂർ, പാലക്കാട്, ഇരിങ്ങാലക്കുട, രാമനാഥപുരം രൂപതകളിലെ ധാരണയനുസരിച്ച് രാത്രി 11:30 മണിക്ക് തിരുകർമ്മങ്ങൾ ആരംഭിക്കാവുന്നതാണ്.

**15. പെസഹാഊട്ട് :**

അതിരൂപതയിലെ വൈദികസമ്മേളനത്തിൽ മുമ്പ് അറിയിച്ചിരുന്നതുപോലെ പെസഹാവ്യാഴാഴ്ച നടത്തുന്ന പെസഹാഊട്ട് എല്ലാവർക്കും വേണ്ടിയുള്ള ഒരു പൊതു ഊട്ടുസദ്യയല്ല. പെസഹാഊട്ട് നിലനില്ക്കുന്ന പള്ളികളിൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി മാത്രം നടത്തുന്ന നേർച്ച ഊട്ടാണ് പെസഹാഊട്ട്. പെസഹാ വ്യാഴാഴ്ച പള്ളികളിൽ ആരാധന നടക്കുന്നതിനാൽ പെസഹാഊട്ട് പൊതുഊട്ടുസദ്യയായി നടത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**16. കാരുണ്യനിധി കളക്ഷൻ:**

കാരുണ്യനിധിയിലേക്കുള്ള കളക്ഷൻ അടയ്ക്കാത്ത ഇടവകകൾ അത് അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**17. മിഷൻ സൺഡെ കളക്ഷൻ:**

2015 ലെ മിഷൻ സൺഡെ കളക്ഷൻ 2016 ആഗസ്റ്റ് 31-നുള്ളിൽ അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്. ആഗസ്റ്റ് 31-നുള്ളിൽ മിഷൻ സൺഡെ കളക്ഷൻ കൊടുക്കുന്ന പള്ളികളും സ്ഥാപനങ്ങളും മാത്രമെ സമ്മാനത്തിനു പരിഗണിക്കപ്പെടുകയുള്ളൂ.

**18. പാരിഷ് ബുള്ളറ്റിൻ മത്സരം:**

അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്ന പാരിഷ് ബുള്ളറ്റിൻ മത്സരത്തിനായി ബുള്ളറ്റിനുകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ അന്യത്ര കൊടുത്തിട്ടുണ്ട്.

**19. (a) വൈദികനിയമനം :**

**തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം :**
**പ്രാബല്യം 03-02-2016 മുതൽ**

001. **റവ. ഫാ. കാക്കശ്ശേരി തോമസ്**: സിഞ്ചെല്ലൂസ് (വികാരി ജനറാൾ), കപ്ലോൻ ഒ. എസ്. എഫ്,; ഒളരിക്കര വികാരി, കപ്ലോൻ സി. എച്ച്. എഫ്., എസ്. എസ്. പി. സി., സെന്റ് ആൻ ഒഴിവായി.

002. **റവ. ഫാ. കോനിക്കര ജോസ് ജൂനിയർ**: ഒളരിക്കര വികാരി, കപ്ലോൻ സി. എച്ച്. എഫ്., എസ്. എസ്. പി. സി., സെന്റ് ആൻ; ഡയറക്ടർ ക്രിസ്റ്റീന ഹോം പുല്ലഴി, ദൈവാലയശുശ്രൂഷികളുടെ ഡയറക്ടർ എന്നിവ ഒഴിവായി.

003. **റവ. ഫാ. ചാലിശ്ശേരി ജോൺസൻ**: ക്രിസ്റ്റീന ഹോം പുല്ലഴി; ചേർപ്പ് വികാരി, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

004. **റവ. ഫാ. പയ്യപ്പിള്ളി പോൾ**: ചേർപ്പ് വികാരി, കപ്ലോൻ എഫ്. സി. സി.; പടവരാട് വികാരി, കപ്ലോൻ എഫ്. സി. സി. മഠങ്ങൾ, എസ്. എ. ബി. എസ്. മഠം ഒഴിവായി.

005. **റവ. ഫാ. ഊക്കൻ ഷാജു**: പടവരാട് വികാരി, കപ്ലോൻ എഫ്. സി. സി. മഠങ്ങൾ, എസ്. എ. ബി. എസ്. മഠം; വരന്തരപ്പിള്ളി പള്ളിക്കുന്ന് വികാരി, കപ്ലോൻ എം. എസ്. എം. ഐ., എസ്. ജി., ഡയറക്ടർ സെന്റ് ജോസഫ് നേച്ചർ ഹോം ഒഴിവായി.

006. **റവ. ഫാ. ഒലക്കേങ്കിൽ ജോൺസൻ**: വരന്തരപ്പിള്ളി പള്ളിക്കുന്ന് വികാരി, കപ്ലോൻ എം. എസ്. എം. ഐ., എസ്. ജി., അസോസിയേറ്റ് ഡയറക്ടർ സൈന്റ് ജോസഫ് നേച്ചർ ഹോം ; കോട്ടപ്പടി വികാരി, കപ്ലോൻ സി. എം. സി. ഒഴിവായി.

007. **റവ. ഫാ. അമ്പൂക്കൻ നോബി (ജോസഫ്)**: കോട്ടപ്പടി വികാരി, കപ്ലോൻ സി. എം. സി.; വികാരി & ഫൊറോന വികാരി ഒല്ലൂർ, കപ്ലോൻ

സി. എം. സി. ലേഡി ഫാറ്റിമ, ബഥാനിയ, സെന്റ് വിൻസെന്റ് ഡി പോൾ ഒഴിവായി.

008. **റവ. ഫാ. അയ്യങ്കാനയിൽ ജോൺ**: വികാരി & ഫൊറോന വികാരി ഒല്ലൂർ, കപ്ലോൻ സി. എം. സി. ലേഡി ഫാറ്റിമ, ബഥാനിയ, സെന്റ് വിൻസെന്റ് ഡി പോൾ, അഞ്ചേരി എസ്. ഡി.; വികാരി & ഫൊറോന വികാരി പാലയൂർ, റെക്ടർ അതിരൂപത തീർത്ഥകേന്ദ്രം, കപ്ലോൻ സി. എം. സി. പാലുവായ്, എഫ്. സി. സി. മഠങ്ങൾ മമ്മിയൂർ, എസ്. എ. ബി. എസ്. മഠം പാലയൂർ എന്നിവ ഒഴിവായി.

009. **റവ. ഫാ. പുന്നോലിപറമ്പിൽ ജോസ്**: വികാരി & ഫൊറോന വികാരി പാലയൂർ, റെക്ടർ അതിരൂപത തീർത്ഥകേന്ദ്രം, കപ്ലോൻ സി. എം. സി. പാലുവായ്, എഫ്. സി. സി. മഠങ്ങൾ മമ്മിയൂർ, എസ്. എ. ബി. എസ്. മഠം പാലയൂർ; എക്സിക്യൂട്ടീവ് മാനേജർ & വാർഡൻ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, എഞ്ചിനീയേഴ്സ് ഫോറം ഡയറക്ടർ, ട്രിച്ചൂർ എജുക്കേഷണൽ ട്രസ്റ്റ് സെക്രട്ടറി, വികാരി വരവൂർ എന്നിവ ഒഴിവായി.

010. **റവ. ഫാ. പെരേപ്പാടൻ ജിന്റോ**: അസി. മാനേജർ- III ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, വികാരി കിള്ളിമംഗലം; പ്രീസ്റ്റ്-ഇൻ-ചാർജ്ജ് കാരമുക്ക് നോർത്ത്, അസി. വികാരി കണ്ടശ്ശാംകടവ്, അസി. ഡയറക്ടർ കെ. സി. വൈ. എം., കാത്തലിക് കോൺഗ്രസ്സ്, സി. എൽ. സി. ഒഴിവായി.

011. **റവ. ഫാ. ചിരിയങ്കണ്ടത്ത് ജോജു**: വികാരി വരവൂർ, ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ അസി. മാനേജർ-II & ട്രഷറർ ട്രിച്ചൂർ എജുക്കേഷണൽ ട്രസ്റ്റ് എന്നിവ കൂടി; വികാരി കിള്ളിമംഗലം ഒഴിവായി.

012. **റവ. ഫാ. ചിറമ്മൽ ഏബിൾ ദേവസ്സി**: പ്രീസ്റ്റ്-ഇൻ-ചാർജ്ജ് കാരമുക്ക് നോർത്ത്, അസി. വികാരി കണ്ടശ്ശാംകടവ്; അസി. വികാരി മരത്താക്കര, അസി. ഡയറക്ടർ കുരിയച്ചിറ സെന്റ് ജോസഫ്സ് സ്കൂൾ ഒഴിവായി.

013. **റവ. ഫാ. എടക്കളത്തൂർ ജേക്കബ്**: കാനഡയിൽ സേവനാനുമതി. വികാരി കുണ്ടന്നൂർ, കപ്ലോൻ എഫ്. എം. ഡി. എ., യു. എം. ഐ. ഒഴിവായി.

014. **റവ. ഫാ. ചിറമ്മൽ ജോളി**: വികാരി കുണ്ടന്നൂർ, കപ്ലോൻ എഫ്. എം. ഡി. എ., യു. എം. ഐ.; വികാരി മണ്ണംപേട്ട, കപ്ലോൻ സി. എസ്. എം. ഒഴിവായി.

015. **റവ. ഫാ. പുത്തൂർ സെബി**: വികാരി മണ്ണംപേട്ട, കപ്ലോൻ സി. എസ്. എം.; വികാരി ചിറ്റിശ്ശേരി, കപ്ലോൻ എൽ. എസ്. എം. എസ്. മഠങ്ങൾ, സി. എസ്. സി. മഠങ്ങൾ ഒഴിവായി.

016. **റവ. ഫാ. വടക്കൻ ജോബ്**: വികാരി ചിറ്റിശ്ശേരി, കപ്ലോൻ എൽ. എസ്. എം. എസ്. മഠങ്ങൾ, സി. എസ്. സി. മഠങ്ങൾ; വികാരി പെരിഞ്ചേരി, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

017. **റവ. ഫാ. ചിറ്റാട്ടുകര സെബി**: വികാരി പെരിഞ്ചേരി, കപ്ലോൻ എഫ്. സി. സി.; വികാരി പൊന്നൂക്കര, കപ്ലോൻ സി. എസ്. എം. മഠങ്ങൾ, എസ്. എം. സി. മഠം ഒഴിവായി.

018. **റവ. ഫാ. കാഞ്ഞിരത്തിങ്കൽ ആന്റോ**: വികാരി പൊന്നൂക്കര, കപ്ലോൻ സി. എസ്. എം. സെന്റ് ജോൺ, എസ്. എം. സി.; വികാരി വെണ്ടോർ, കപ്ലോൻ എഫ്. സി. സി. മഠങ്ങൾ ഒഴിവായി.

019. **റവ. ഫാ. പുലിക്കോട്ടിൽ ഡേവിസ്**: വികാരി വെണ്ടോർ, കപ്ലോൻ എഫ്. സി. സി. മഠങ്ങൾ; വികാരി & ഫൊറോന വികാരി തൃശ്ശൂർ ബസിലിക്ക, റെക്ടർ അതിരൂപത നിത്യാരാധനകേന്ദ്രം ഒഴിവായി.

020. **റവ. മോൺ. എടക്കളത്തൂർ ജോർജ്ജ്**: വികാരി & ഫൊറോന വികാരി തൃശ്ശൂർ ബസിലിക്ക, റെക്ടർ അതിരൂപത നിത്യാരാധനകേന്ദ്രം; സിഞ്ചെല്ലൂസ്, കപ്ലോൻ സെന്റ് ഫ്രാൻസിസ് ഒ. എസ്. എഫ്. ഒഴിവായി.

021. **റവ. ഫാ. വെട്ടത്ത് മാത്യു**: അസി. പ്രൊക്യുറേറ്റർ കൂടി, താമസം ആർച്ച്ബിഷപ്സ് ഹൗസ്, കപ്ലോൻ ലൂർദ്ദ്നാഥ സി. എസ്. എം.; വികാരി നെല്ലങ്കര ഒഴിവായി;

022. **റവ. ഫാ. തൈക്കാട്ടിൽ സൈജോ**: വികാരി നെല്ലങ്കര, കപ്ലോൻ ഡി. ഡി. പി. കൂടി; വികാരി തൃപ്രയാർ (താന്ന്യം) ഒഴിവായി.

023. **റവ. ഫാ. കിടങ്ങൻ ജോയ്**: വികാരി തൃപ്രയാർ (താന്ന്യം); വികാരി പഴയന്നൂർ, കപ്ലോൻ സി. എസ്. എം. ഒഴിവായി.

024. **റവ. ഫാ. തളിയത്ത് നിബിൻ**: നടത്തുവികാരി പഴയന്നൂർ, കപ്ലോൻ സി. എസ്. എം.; അസി. വികാരി പാവറട്ടി ഒഴിവായി.

025. **റവ. ഫാ. തേറാട്ടിൽ ജോർജ്ജ്**: റിട്ടയർമെന്റ്, സീനിയർ റസിഡന്റ് പ്രീസ്റ്റ് എരുമപ്പെട്ടി; വികാരി ഇയ്യാൽ, കപ്ലോൻ എസ്. എ. ബി. എസ്. ഒഴിവായി.

026. **റവ. ഫാ. കാഞ്ഞിരത്തിങ്കൽ പ്രിൻസൺ:** വികാരി ഇയ്യാൽ, കപ്ലോൻ എസ്. എ. ബി. എസ്.; വികാരി മഞ്ഞക്കുന്ന്, കപ്ലോൻ യു. എം. ഐ. ഒഴിവായി.

027. **റവ. ഫാ. പുത്തിരി ഫ്രാങ്കോ**: വികാരി മഞ്ഞക്കുന്ന്, കപ്ലോൻ യു. എം. ഐ.; വികാരി എളനാട്, കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി.

028. **റവ. ഫാ. നൈമണ്ണിൽ ബിജു CSJBP**: വികാരി എളനാട്, കപ്ലോൻ സി. എച്ച്. എഫ്.; വികാരി പൂമല, കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി.

029. **റവ. ഫാ. കോരെത്ത് ജോയ്സൻ**: വികാരി പൂമല, കപ്ലോൻ സി. എച്ച്.

എഫ്.; വികാരി മുണ്ടത്തിക്കോട്, കപ്ലോൻ സി. എസ്. സി. മഠങ്ങൾ ഒഴിവായി.

030. **റവ. ഫാ. തട്ടിൽ റാഫി**: വികാരി മുണ്ടത്തിക്കോട്, കപ്ലോൻ സി. എസ്. സി. മഠങ്ങൾ; വികാരി മനക്കൊടി, നടത്തുവികാരി വെളുത്തൂർ, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

031. **റവ. ഫാ. ചേലപ്പാടൻ ജോർജ്ജ്**: വികാരി മനക്കൊടി; വികാരി കോളങ്ങാട്ടുകര, കപ്ലോൻ സി. എസ്. എം. മഠങ്ങൾ ഒഴിവായി.

032. **റവ. ഫാ. പുല്ലോക്കാരൻ റാഫേൽ**: വികാരി കോളങ്ങാട്ടുകര, കപ്ലോൻ സി. എസ്. എം. മഠങ്ങൾ; വികാരി എരവിമംഗലം ഒഴിവായി.

033. **റവ. ഫാ. എടക്കളത്തൂർ തോമസ്**: വികാരി എരവിമംഗലം; നടത്തുവികാരി പൊറത്തൂർ, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

034. **റവ. ഫാ. കിടങ്ങൻ ബെന്നി**: വികാരി പൊറത്തൂർ, കപ്ലോൻ എഫ്. സി. സി.; വികാരി ഗുരുവായൂർ, കപ്ലോൻ എൽ. എസ്. എം. എസ്. ഒഴിവായി.

035. **റവ. ഫാ. പുലിക്കോട്ടിൽ ജോസ്**: വികാരി ഗുരുവായൂർ, കപ്ലോൻ എൽ. എസ്. എം. എസ്.; വികാരി ചിറക്കൽ ഒഴിവായി.

036. **റവ. ഫാ. ചെമ്മണ്ണൂർ ജോൺ പോൾ**: നടത്തുവികാരി ചിറക്കൽ, കുരിയച്ചിറ സെന്റ് ജോസഫ് സ്കൂളിൽ പഠിപ്പിക്കാൻ അനുമതി; അസി. വികാരി ചേലക്കര ഒഴിവായി.

037. **റവ. ഫാ. കുഴിക്കാട്ടുമ്യാലിൽ സിജോൺ**: പ്രൊഫസർ മേരിമാത മേജർ സെമിനരി, കൗൺസിലർ അതിരൂപത അനുരഞ്ജന ഓഫീസ്, കപ്ലോൻ മുളയം സി. എസ്. എം.; വികാരി ചിയ്യാരം സേവനാലയം, ഡയറക്ടർ ചൈതന്യ കൗൺസിലിംഗ് സെന്റർ, കപ്ലോൻ സി. എം. സി. ഒഴിവായി.

038. **റവ. ഫാ. അക്കര രാജു**: വികാരി ചിയ്യാരം സേവനാലയം, ഡയറക്ടർ ചൈതന്യ കൗൺസിലിംഗ് സെന്റർ, കപ്ലോൻ സി. എം. സി.; വികാരി പുല്ലഴി ഒഴിവായി.

039. **റവ. ഫാ. വാഴപ്പിള്ളി ഫ്രാൻസിസ് സീനിയർ**: വികാരി പുല്ലഴി; വികാരി മണലൂർ കിഴക്ക്, കപ്ലോൻ സി. എസ്. സി. ഒഴിവായി.

040. **റവ. ഫാ. എടക്കളത്തൂർ ജോസ്**: വികാരി മണലൂർ കിഴക്ക്, കപ്ലോൻ സി. എസ്. സി.; വികാരി മണ്ണുത്തി, കപ്ലോൻ സി. എച്ച്. എഫ്., എസ്. ഡി. വി., എഫ്. എസ്. എസ്. ഇ. ഒഴിവായി.

041. **റവ. ഫാ. ചിറ്റിലപ്പിള്ളി ആന്റണി**: വികാരി മണ്ണുത്തി, കപ്ലോൻ സി. എച്ച്. എഫ്., എസ്. ഡി. വി., എഫ്. എസ്. എസ്. ഇ.; വികാരി & ഫൊറോന വികാരി പട്ടിക്കാട്, കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി.

042. **റവ. ഫാ. തൈക്കാട്ടിൽ ലോറൻസ്**: വികാരി & ഫൊറോന വികാരി

പട്ടിക്കാട്, കപ്ലോൻ സി. എച്ച്. എഫ്. കൂടി; ഫാമിലി അപ്പസ്തോലേറ്റ്, മാതൃസംഘം, പിതൃസംഘം, കുടുംബകൂട്ടായ്മ, പ്രോ–ലൈഫ്, **EXCEL, CCWI, LOAF,** കപ്ലോൻ ശാന്തിധാം സി. എം. സി. ഒഴിവായി.

043. **റവ. ഫാ. താണിക്കൽ ഡെന്നി**: ഫാമിലി അപ്പസ്തോലേറ്റ്, മാതൃസംഘം, പിതൃസംഘം, കുടുംബകൂട്ടായ്മ, പ്രോ–ലൈഫ്, **CCWI, Sp. Director LOAF,** കപ്ലോൻ യു. എം. ഐ. കൂടി; വികാരി തൈക്കാട്ടുശ്ശേരി, കപ്ലോൻ ഗുഡ്ഷെപ്പേർഡ്, സി. എസ്. സി. ഒഴിവായി.

044. **റവ. ഫാ. പുന്നോലിപറമ്പിൽ ബാസ്റ്റ്യൻ**: വികാരി തൈക്കാട്ടുശ്ശേരി, കപ്ലോൻ ഗുഡ്ഷെപ്പേർഡ്, സി. എസ്. സി., (അസി. ഡയറക്ടർ കെ. സി. വൈ. എം. & കാത്തലിക് കോൺഗ്രസ്സ്); സെന്റ് മേരീസ് മൈനർ സെമിനരി വൈസ് റെക്ടർ & പ്രൊക്യുറേറ്റർ, സെന്റ് പോൾ സി. എം. സി. യിൽ ബലിയർപ്പണം ഒഴിവായി.

045. **റവ. ഫാ. മരോട്ടിക്കൽ മേജോ**: സെന്റ് മേരീസ് മൈനർ സെമിനരി വൈസ് റെക്ടർ & പ്രൊക്യുറേറ്റർ കൂടി.; വികാരി പാറന്നൂർ & ചിറനെല്ലൂർ, കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി.

046. **റവ. ഫാ. ചിറ്റിലപ്പിള്ളി ജിന്റോ**: വികാരി പാറന്നൂർ, പ്രോ–വികാരി ചിറനെല്ലൂർ, കപ്ലോൻ സി. എച്ച്. എഫ്. പാറന്നൂർ; അസി. വികാരി പുതുക്കാട്, തൊറവ് ചാർജ്ജ്, അതിരൂപത കാര്യാലയം നോട്ടറി ഒഴിവായി.

047. **റവ. ഫാ. അരിമ്പൂർ ടോണി**: വികാരി മാടക്കത്തറ ഒഴിവായി; താമസം ഫാമിലി അപ്പസ്തോലേറ്റ് സെന്റർ, കപ്ലോൻ സി. എസ്. എസ്. പ്രേഷിതഭവൻ കൂടി.

048. **റവ. ഫാ. പാവർട്ടിക്കാരൻ ജോൺ:** വികാരി മാടക്കത്തറ; വികാരി തൃക്കൂർ, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

049. **റവ. ഫാ. എലുവത്തിങ്കൽ ജസ്റ്റിൻ**: നടത്തുവികാരി തൃക്കൂർ, കപ്ലോൻ എഫ്. സി. സി., സെന്റ് മേരീസ് ഐ. ടി. സി. യിൽ പഠിപ്പിക്കാൻ അനുവാദം; അസി. വികാരി പുത്തൂർ ഒഴിവായി.

050. **റവ. ഫാ. ചിറ്റിലപ്പിള്ളി ജോയ് ജൂനിയർ**: റോമിൽ സേവനാനുമതി; വികാരി വലക്കാവ്, കപ്ലോൻ ഡി. എസ്. സി. ഒഴിവായി.

051. **റവ. ഫാ. മംഗലം അഗസ്റ്റിൻ:** വികാരി വലക്കാവ്, കപ്ലോൻ ഡി. എസ്. സി.; വികാരി അടാട്ട്, കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി.

052. **റവ. ഫാ. ചിരിയങ്കണ്ടത്ത് ലിജോ ജോസ്**: വികാരി അടാട്ട്, കപ്ലോൻ സി. എച്ച്. എഫ്., അസി. ഡയറക്ടർ ബൈബിൾ അപ്പസ്തോലേറ്റ്; നടത്തുവികാരി ചെവ്വൂർ, കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി.

053. **റവ. ഫാ. ആളൂർ ജോഷി:** വികാരി ചെവ്വൂർ, കപ്ലോൻ സി. എച്ച്. എഫ്.;

വികാരി തൃശ്ശൂർ സെന്റ് ആൻ, കപ്ലോൻ എസ്. എൽ. എം. ഐ., സി. എം. സി., ഡയറക്ടർ സെന്റ് ആൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഴിവായി.

054. **റവ. ഫാ. ചെറുവത്തൂർ ചാക്കോ**: വികാരി തൃശ്ശൂർ സെന്റ് ആൻ, കപ്ലോൻ എസ്. എൽ. എം. ഐ., സി. എം. സി., ഡയറക്ടർ സെന്റ് ആൻ ഇൻസ്റ്റിറ്റ്യൂട്ട്; വികാരി എറവ്, കപ്ലോൻ എസ്. സി. വി. ഒഴിവായി.

055. **റവ. ഫാ. കവലക്കാട്ട് ഫ്രാങ്കോ**: വികാരി എറവ്, കപ്ലോൻ എസ്. സി. വി.; വികാരി കുരിയച്ചിറ, കപ്ലോൻ സി. എം. സി. സെന്റ് ജോൺ ഒഴിവായി.

056. **റവ. ഫാ. കരിപ്പേരി വർഗ്ഗീസ്**: വികാരി കുരിയച്ചിറ, കപ്ലോൻ സി. എം. സി. സെന്റ് ജോൺ

057. **റവ. ഫാ. തോട്ടാൻ ആന്റണി**: റിട്ടയർമെന്റ്, താമസം വിയാനി ഭവൻ; റെക്ടർ സെന്റ് എവുപ്രാസ്യാ അതിരൂപത തീർത്ഥകേന്ദ്രം, പ്രോ-വികാരി ഒല്ലൂർ ഏയ്ഞ്ചൽ നഗർ, കപ്ലോൻ സെന്റ് മേരീസ് സി. എം. സി. ഒഴിവായി.

058. **റവ. ഫാ. തെക്കേക്കര ജോസ് ജൂനിയർ**: റെക്ടർ സെന്റ് എവുപ്രാസ്യാ അതിരൂപത തീർത്ഥകേന്ദ്രം, പ്രോ-വികാരി ഒല്ലൂർ ഏയ്ഞ്ചൽ നഗർ, കപ്ലോൻ സെന്റ് മേരീസ് സി. എം. സി.; വികാരി മരത്താക്കര കപ്ലോൻ എഫ്. സി. സി. മഠങ്ങൾ, സി. പി. എസ്. മഠം ഒഴിവായി.

059. **റവ. ഫാ. അന്തിക്കാട്ട് ജോസഫ്**: വികാരി മരത്താക്കര കപ്ലോൻ എഫ്. സി. സി. മഠങ്ങൾ, സി. പി. എസ്. മഠം; വികാരി അരണാട്ടുകര ഒഴിവായി.

060. **റവ. ഫാ. പെരുട്ടിൽ സെബാസ്റ്റ്യൻ**: വികാരി അരണാട്ടുകര; വികാരി ചൂണ്ടൽ, കപ്ലോൻ സി. എം. സി. ഒഴിവായി.

061. **റവ. ഫാ. പാറക്കൽ ചെറിയാൻ**: വികാരി ചൂണ്ടൽ, കപ്ലോൻ സി. എം. സി.; വികാരി പനമുക്ക്, കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി.

062. **റവ. ഫാ. മാറോക്കി ജെയ്സൻ**: വികാരി പനമുക്ക്, കപ്ലോൻ സി. എച്ച്. എഫ്.

063. **റവ. ഫാ. നിരപ്പുകാലയിൽ ജോർജ്ജ് തോമസ്:** ഡയറക്ടർ സാക്രിസ്റ്റ്യൻ അസ്സോസിയേഷൻ കൂടി, പടവരാട് എഫ്. സി. സി. മഠങ്ങളിൽ ബലിയർപ്പണം; നടത്തുവികാരി പാത്രമംഗലം ഒഴിവായി.

064. **റവ. ഫാ. വേലൂക്കാരൻ തോമസ്**: വികാരി പാത്രമംഗലം; വികാരി ആളൂർ & കിഴക്കാളൂർ, കപ്ലോൻ സി. എസ്. എസ്. ഒഴിവായി.

065. **റവ. ഫാ. കോനിക്കര ജോസ് സീനിയർ**: വികാരി ആളൂർ & പ്രോ-വികാരി കിഴക്കാളൂർ, കപ്ലോൻ സി. എസ്. എസ്.; വികാരി മണലൂർ പടിഞ്ഞാറ്, കപ്ലോൻ സി. എം. സി. ഒഴിവായി.

066. **റവ. ഫാ. തത്രത്തിൽ ജോസ്**: വികാരി മണലൂർ പടിഞ്ഞാറ്, കപ്ലോൻ സി. എം. സി.; വികാരി പൂത്തറക്കൽ, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

067. **റവ. ഫാ. കുന്നപ്പിള്ളി ടെഡ്സ്**: വികാരി പൂത്തറക്കൽ, കപ്ലോൻ എഫ്. സി. സി.; വികാരി പങ്ങാരപ്പിള്ളി, കപ്ലോൻ എസ്. എ. ബി. എസ്., എൽ. എസ്. സി. ഒഴിവായി.

068. **റവ. ഫാ. കാച്ചപ്പിള്ളി ജോസ്**: വികാരി പങ്ങാരപ്പിള്ളി, കപ്ലോൻ എസ്. എ. ബി. എസ്., എൽ. എസ്. സി.; വികാരി ആറ്റത്ര ഒഴിവായി.

069. **റവ. ഫാ. ഊക്കൻ ജോൺസൻ**: വികാരി ആറ്റത്ര; ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെയും ഐ. ടി. സെല്ലിലെയും ഉത്തരവാദിത്വങ്ങൾ ഒഴിവായി.

070. **റവ. ഫാ. ചിറക്കൽ ജസ്റ്റിൻ MSFS**: വികാരി ചുവന്നമണ്ണ്, കപ്ലോൻ എഫ്. സി. സി. മഠങ്ങൾ ഒഴിവായി.

071. **റവ. ഫാ. കാക്കശ്ശേരി ബെസ്റ്റിൻ**: വികാരി ചുവന്നമണ്ണ്, കപ്ലോൻ എഫ്. സി. സി. മഠങ്ങൾ, പട്ടിക്കാട് സെന്റ് അൽഫോൻസ സ്കൂളിൽ പഠിപ്പിക്കാൻ അനുവാദം; വികാരി പൊന്നാനി, കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി.

072. **റവ. ഫാ. പൂന്നോലി മാർട്ടിൻ CSJBP**: വികാരി പൊന്നാനി, കപ്ലോൻ എഫ്. സി. സി.; വികാരി ചോറ്റുപാറ ഒഴിവായി.

073. **റവ. ഫാ. തരകൻ വർഗ്ഗീസ്**: വികാരി ചോറ്റുപാറ; വികാരി പൂങ്കുന്നം, കപ്ലോൻ സി. എസ്. സി. ഒഴിവായി.

074. **റവ. ഫാ. നന്തിക്കര ഇഗ്നേഷ്യസ്**: വികാരി പൂങ്കുന്നം, കപ്ലോൻ സി. എസ്. സി., അസി. മാനേജർ സെന്റ് ജോസഫ് സ്കൂൾ കുരിയച്ചിറ, വൈസ് പ്രിൻസിപ്പൽ ടി. ടി. ഐ.; വികാരി കുമ്പളങ്ങാട് ഒഴിവായി.

075. **റവ. ഫാ. ആലപ്പാട്ട് പോൾ**: വികാരി കുമ്പളങ്ങാട്; വികാരി കുന്നംകുളം, കപ്ലോൻ സി. എം. സി. ഒഴിവായി.

076. **റവ. ഫാ. ആലപ്പാട്ട് ബിജു ജോസഫ്**: വികാരി കുന്നംകുളം, കപ്ലോൻ സി. എം. സി.; വികാരി വെളുത്തൂർ, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

077. **റവ. ഫാ. ഒല്ലൂക്കാരൻ ആന്റോ**: വികാരി വെളുത്തൂർ, കപ്ലോൻ എഫ്. സി. സി.; വികാരി മണലാടി, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

078. **റവ. ഫാ. ചിറമ്മൽ ചാക്കോ**: വികാരി മണലാടി, കപ്ലോൻ എഫ്. സി. സി.; വികാരി കരുമത്ര, കപ്ലോൻ എസ്. എൽ. എം. ഐ. ഒഴിവായി

079. **റവ. ഫാ. പുത്തൂർ ജോബി**: വികാരി കരുമത്ര, കപ്ലോൻ എസ്. എൽ. എം. ഐ.; വികാരി കുട്ടംകുളം, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

080. **റവ. ഫാ. മഞ്ഞളി ഫ്രാൻസിസ്**: വികാരി കുട്ടംകുളം, കപ്ലോൻ എഫ്.

സി. സി.; ഡയറക്ടർ അവിണിശ്ശേരി ബാലസദൻ, പ്രീസ്റ്റ്–ഇൻ–ചാർജ്ജ് അവിണിശ്ശേരി, കപ്ലോൻ ഒ. എസ്. എഫ്. ഒഴിവായി

081. **റവ. ഫാ. തട്ടിൽ ജെൻസ്**: ഡയറക്ടർ അവിണിശ്ശേരി ബാലസദൻ, പ്രീസ്റ്റ്–ഇൻ–ചാർജ്ജ് അവിണിശ്ശേരി, കപ്ലോൻ ഒ. എസ്. എഫ്.; വികാരി എടക്കളത്തൂർ, കപ്ലോൻ എസ്. എൻ. ഡി. എസ്. ഒഴിവായി.

082. **റവ. ഫാ. ചാലിശ്ശേരി ബിജോ ജോസ്**: വികാരി എടക്കളത്തൂർ, കപ്ലോൻ എസ്. എൻ. ഡി. എസ്., ഹോളി ക്രോസ്; വികാരി മരിയാപുരം, കപ്ലോൻ സി. എസ്. എം. ഒഴിവായി.

083. **റവ. ഫാ. കുരിശ്ശേരി ഇട്ട്യേച്ചൻ**: വികാരി മരിയാപുരം, കപ്ലോൻ സി. എസ്. എം.; വികാരി കുറ്റൂർ, കപ്ലോൻ എസ്. ജെ., സെന്റ് ആൻ ഒഴിവായി.

084. **റവ. ഫാ. തട്ടിൽ ബർണാർഡ്**: വികാരി കുറ്റൂർ, കപ്ലോൻ എസ്. ജെ., സെന്റ് ആൻ; വികാരി പോന്നോർ, കപ്ലോൻ സി. എസ്. സി. ഒഴിവായി.

085. **റവ. ഫാ. പടയാട്ടിൽ ജോബ്**: വികാരി പോന്നോർ, കപ്ലോൻ സി. എസ്. സി.; വികാരി വിയ്യൂർ, കപ്ലോൻ സി. എം. സി. ഒഴിവായി.

086. **റവ. ഫാ. തെക്കേക്കര ഡേവിസ്**: വികാരി വിയ്യൂർ, എക്സെൽ & അതിരൂപത ചരിത്രം ചാർജ്ജുകൾ; ഡയറക്ടർ കാത്തലിക് ഇൻഫർമേഷൻ സെന്റർ, പാസ്റ്ററൽ & കാത്തലിക് സെന്റർ, മാനേജിംഗ് എഡിറ്റർ കത്തോലിക്കസഭപത്രം, കപ്ലോൻ സി. എസ്. എസ്. പ്രേഷിതഭവൻ ഒഴിവായി.

087. **റവ. ഫാ. കൂത്തൂർ ഫ്രാൻസിസ്**: ഡയറക്ടർ കാത്തലിക് ഇൻഫർമേഷൻ സെന്റർ, പാസ്റ്ററൽ & കാത്തലിക് സെന്റർ, മാനേജിംഗ് എഡിറ്റർ കത്തോലിക്കസഭപത്രം കൂടി, കപ്ലോൻ സി. എച്ച്. എഫ്. ഹോളിഫാമിലി; വികാരി പല്ലിശ്ശേരി, കപ്ലോൻ എഫ്. എസ്. സി. ഒഴിവായി.

088. **റവ. ഫാ. തടത്തിൽ ജസ്റ്റിൻ**: വികാരി പല്ലിശ്ശേരി, കപ്ലോൻ എഫ്. എസ്. സി.; ഡയറക്ടർ സാവിയോ ഹോം ഒഴിവായി.

089. **റവ. ഫാ. വട്ടക്കുഴി പോൾ**: ഡയറക്ടർ സാവിയോ ഹോം

090. **റവ. ഫാ. ഐനിക്കൽ ജോൺസൻ**: വികാരി പഴയങ്ങാടി കൂടി; വികാരി തങ്ങാലൂർ നോർത്ത് ഒഴിവായി.

091. **റവ. ഫാ. വള്ളൂപ്പാറ ജീജോ**: ഡയറക്ടർ ടിംഹാൻസ്, ഗ്രേസ് ഹോം, അസി. ഡയറക്ടർ മേഴ്സി ഹോം & പീസ് ഹോം, വികാരി തങ്ങാലൂർ നോർത്ത്.

092. **റവ. ഫാ. വൈക്കാടൻ ജോസഫ്**: അസി. ഡയറക്ടർ ക്രിസ്റ്റീന ഹോം, കൊഴിഞ്ഞമ്പാറ എസ്റ്റേറ്റിന്റെ ചാർജ്ജ്, രാമനാഥപുരം മൈനർ സെമിനാരിയിൽ സേവനാനുമതി; ഡയറക്ടർ ടിംഹാൻസ്, ഗ്രേസ് ഹോം,

അസി. ഡയറക്ടർ മേഴ്സി ഹോം & പീസ് ഹോം, വികാരി പഴയ ങ്ങാടി ഒഴിവായി

093. **റവ. ഫാ. ചിറ്റിലപ്പിള്ളി ജോയ് സീനിയർ**: കൊഴിഞ്ഞമ്പാറ എസ്റ്റേറ്റിന്റെ ചാർജ്ജ് ഒഴിവായി.

094. **റവ. ഫാ. വെള്ളറ ആൻസിൽ ജോൺ**: ഹൈദ്രാബാദ് മിഷനിൽ സേവനത്തിന് അനുമതി; ഒരുമനയൂർ നടത്തുവികാരി, അസി. ഡയറക്ടർ എം. ഐ. ആശുപത്രി, കപ്ലോൻ സെന്റ് വിൻസെന്റ് എഫ്. സി. സി. ഒഴിവായി.

095. **റവ. ഫാ. പെരുമാട്ടിൽ ക്രിസ്റ്റോൺ**: ഒരുമനയൂർ വികാരി, ഏങ്ങണ്ടിയൂർ സ്കൂളിൽ പഠിപ്പിക്കാൻ അനുവാദം; വികാരി വാക & കണ്ടാണശ്ശേരി, കപ്ലോൻ സി. പി. എസ്. ഒഴിവായി.

096. **റവ. ഫാ. വടക്കൻ സാജൻ**: നടത്തുവികാരി വാക & കണ്ടാണശ്ശേരി, കപ്ലോൻ സി. പി. എസ്.; അസി. വികാരി തൃശ്ശൂർ ബസിലിക്ക ഒഴിവായി.

097. **റവ. ഫാ. മേച്ചേരി ആന്റണി**: റിട്ടയർമെന്റ്, സീനിയർ റസിഡന്റ് പ്രീസ്റ്റ് തൃശ്ശൂർ ബസിലിക്ക,; ഡയറക്ടർ ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഴിവായി.

098. **റവ. ഫാ. ചുള്ളിക്കാടൻ ജോബി**: ഡയറക്ടർ ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്; വികാരി പേരകം, കപ്ലോൻ എഫ്. സി. സി. മഠങ്ങൾ ഒഴിവായി.

099. **റവ. ഫാ. സൈജൻ വാഴപ്പിള്ളി**: വികാരി പേരകം, കപ്ലോൻ എഫ്. സി. സി. മഠങ്ങൾ

100. **റവ. ഫാ. മണിയംപാറയിൽ ജോസഫ് MCBS**: വികാരി ഭരത ഒഴിവായി.

101. **റവ. ഫാ. തരകൻ ജിയോ**: നടത്തുവികാരി ഭരത, കപ്ലോൻ ഡി. എസ്. എസ്., ബലിയർപ്പണം സി. എസ്. എം. പൊന്നൂക്കര, നോട്ടറി മെത്രാപ്പോലീത്തൻ കോടതി; അസി. വികാരി ലൂർദ്ദ് കത്തീഡ്രൽ ഒഴിവായി.

102. **റവ. ഫാ. താണിക്കൽ പോൾ**: വികാരി കടങ്ങോട് ഒഴിവായി.

**103.** **റവ. ഫാ. ചിറ്റിലപ്പിള്ളി ജോഫി**: നടത്തുവികാരി കടങ്ങോട്, എരുമപ്പെട്ടി സ്കൂളിൽ പഠിപ്പിക്കുന്നതിന് അനുവാദം; അസി. വികാരി വടക്കാഞ്ചേരി ഒഴിവായി.

104. **റവ. ഫാ. ചിറ്റിലപ്പിള്ളി ബിനോയ്**: സെന്റ് മേരീസ് മൈനർ സെമിനരി ഫാദർ പ്രീഫെക്ട്; ആർച്ച്ബിഷപ്പിന്റെ സെക്രട്ടറി, നോട്ടറി അതിരൂപത കാര്യാലയം, ജീസസ് യൂത്ത് ചാർജ്ജ്, കപ്ലോൻ സി. എസ്. സി. ഒഴിവായി.

105. **റവ. ഫാ. കാഞ്ഞിരത്തിങ്കൽ സെബി**: കപ്ലോൻ സി. എം. സി. സേക്രഡ് ഹാർട്ട്, താമസം ജൂബിലി മിഷൻ ആശുപത്രി; പ്രീസ്റ്റ്-ഇൻ-ചാർജ്ജ് അഞ്ചേരി സൗത്ത്, കപ്ലോൻ എസ്. ഡി. ഒഴിവായി.

106. **റവ. ഫാ. മുണ്ടോപുറം ഡെയ്സൻ**: അസി. ഡയറക്ടർ കരിസ്മാറ്റിക് മൂവ്മെന്റ് ഒഴിവായി.
107. **റവ. ഫാ. ഇമ്മട്ടി സജീവ്**: അസി. ഡയറക്ടർ കരിസ്മാറ്റിക് മൂവ്മെന്റ് കൂടി.
108. **റവ. ഫാ. കോരെത്ത് മേജോ**: പഠനാവധി; വൈസ് ചാൻസലർ, കപ്ലോൻ കൃപാതീർത്ഥം ഒഴിവായി.
109. **റവ. മോൺ. കോമ്പാറ ജോർജ്ജ്**: ഡയറക്ടർ എസ്. എൽ. എം. ഐ. കൂടി.
110. **റവ. ഫാ. പള്ളിക്കുന്നത്ത് ഫ്രാൻസിസ്**: ഡയറക്ടർ സെന്റ് ജോസഫ് നേച്ചർ ഹോം കൂടി.
111. **റവ. ഫാ. ഐനിക്കൽ ജോസ്**: കപ്ലോൻ കൃപാതീർത്ഥം സി. എം. സി. കൂടി; അസ്സീസി എഫ്. സി. സി. ഒഴിവായി.
112. **റവ. ഫാ. ചിരിയങ്കണ്ടത്ത് സുനിൽ**: കപ്ലോൻ സി. എം. സി. സേക്രഡ് ഹാർട്ട് ഒഴിവായി.
113. **റവ. ഫാ. ജോബി കടപ്പൂരാൻ**: കപ്ലോൻ ശാന്തിധാം സി. എം. സി. കൂടി; കപ്ലോൻ യു. എം. ഐ. ഒഴിവായി.
114. **റവ. ഫാ. കടവി ജിയോ**: കപ്ലോൻ അസ്സീസി എഫ്. സി. സി. കൂടി; സി. എസ്. സി. കൂർക്കഞ്ചേരി ബലിയർപ്പണം ഒഴിവായി.
115. **റവ. ഫാ. കപ്പിലാംനിരപ്പേൽ ജിജോ**: സി. എസ്. സി. കൂർക്കഞ്ചേരി ബലിയർപ്പണം കൂടി; ബലിയർപ്പണം പി. സി. തോമസ് ട്യൂഷൻ സെന്റർ ഒഴിവായി.
116. **റവ. ഫാ. പൂപ്പാടി തോമസ്**: ബലിയർപ്പണം പി. സി. തോമസ് ട്യൂഷൻ സെന്റർ കൂടി; കപ്ലോൻ തൃശ്ശൂർ ഹോളി ഫാമിലി സി. എച്ച്. എഫ്. ഒഴിവായി.
117. **റവ. ഫാ. തലക്കോടൻ ഡൊമിനിക്**: കപ്ലോൻ സി. എസ്. എം. ലൂർദ്ദ്നാഥ ഒഴിവായി.
118. **റവ. ഫാ. നീലങ്കാവിൽ ടോണി**: കപ്ലോൻ എസ്. എൻ. ഡി. എസ്. നോവിഷ്യറ്റ് ഹൗസ് കൂടി.
119. **റവ. ഫാ. മേക്കാട്ടുകുളം ജിഫി**: കപ്ലോൻ ഹോം ഓഫ് ലവ് കൂടി.
120. **റവ. ഫാ. വാഴപ്പിള്ളി ബിൽജു**: കപ്ലോൻ മുളയം എസ്. എം. സി. കൂടി.
121. **റവ. ഫാ. ഞാഞ്ഞിലത്ത് ബിജു**: കപ്ലോൻ എസ്. എൻ. ഡി. എസ്. ജനറലേറ്റ് കൂടി; ബലിയർപ്പണം ഹോളി ഫാമിലി ജനറലേറ്റ് ഒഴിവായി.
122. **റവ. ഫാ. മൂക്കൻ റോയ്**: കപ്ലോൻ എസ്. എൻ. ഡി. എസ്. നോവിഷ്യറ്റ് ഹൗസ് ഒഴിവായി.

123. **റവ. ഫാ. ആളൂർ ഫ്രാൻസിസ്**: കപ്ലോൻ ഹോം ഓഫ് ലവ് ഒഴിവായി.
124. **റവ. ഫാ. കാവുങ്കൽ ഡേവിസ്**: കപ്ലോൻ മുളയം എസ്. എം. സി. ഒഴിവായി.
125. **റവ. മോൺ. മാനാടൻ ജോർജ്ജ്**: കപ്ലോൻ എസ്. എൻ. ഡി. എസ്. ജനറലേറ്റ് ഒഴിവായി.
126. **റവ. ഫാ. നടക്കവെളിയിൽ ചാക്കോ**: ബലിയർപ്പണം മുളയം സി. എസ്. എം. ഒഴിവായി.
127. **റവ. ഫാ. സുപ്പീരിയർ എം. സി. ബി. എസ്. ഭരത:** കപ്ലോൻ പൊന്നൂക്കര അസംപ്ഷൻ സി. എസ്. എം.

**അസിസ്റ്റന്റുമാർ**

128. **റവ. ഫാ. ആലപ്പാടൻ ഫിജോ**: പാവറട്ടി 2
129. **റവ. ഫാ. അറങ്ങാശ്ശേരി സലീഷ്**: മറ്റം
130. **റവ. ഫാ. അറങ്ങാശ്ശേരി സനോജ്**: തലോർ
131. **റവ. ഫാ. അരിമ്പൂർ ജെറിൻ**: മുണ്ടൂർ
132. **റവ. ഫാ. ചെറടായി ജിയോ**: പറപ്പൂർ
133. **റവ. ഫാ. ചെറുവത്തൂർ ജോയ്സൻ**: ചെങ്ങാലൂർ
134. **റവ. ഫാ. ചിറമ്മൽ സിംസൺ**: ബസിലിക്ക 2
135. **റവ. ഫാ. ചിരിയങ്കണ്ടത്ത് പ്രിൻസ്**: ഒല്ലൂർ 2
136. **റവ. ഫാ. ചിരിയങ്കണ്ടത്ത് ജിയോ**: തിരൂർ
137. **റവ. ഫാ. ചിരിയങ്കണ്ടത്ത് ജിൻസൻ**: ഒല്ലൂർ 1; പ്രീസ്റ്റ്-ഇൻ-ചാർജ്ജ് അഞ്ചേരി സൗത്ത്, താമസം ഒല്ലൂർ ഫൊറോനപള്ളിയിൽ.
138. **റവ. ഫാ. ചിറ്റിലപ്പിള്ളി ജോൺ**: കുരിയച്ചിറ
139. **റവ. ഫാ. ചൂണ്ടൽ ജിന്റോ**: സെക്രട്ടറി മാർ റാഫേൽ തട്ടിൽ, അതിരൂപത കാര്യാലയം നോട്ടറി, ബലിയർപ്പണം ഹോളി ഫാമിലി ജനറലേറ്റ്
140. **റവ. ഫാ. എടക്കളത്തൂർ സിൻസൺ**: ഒളരിക്കര
141. **റവ. ഫാ. എടക്കുളത്തൂർ ജിമ്മി**: അസി. ഡയറക്ടർ എം. ഐ. ആശുപത്രി, നാട്ടിക ചാർജ്ജ്, കപ്ലോൻ സെന്റ് വിൻസെന്റ് എഫ്. സി. സി.
142. **റവ. ഫാ. എലുവത്തിങ്കൽ ആന്റോസ്**: ലീവ്; താമസം വിയാനിഭവൻ
143. **റവ. ഫാ. എലുവത്തിങ്കൽ റോജോ**: മെത്രാപ്പോലീത്തയുടെ സെക്രട്ടറി, നോട്ടറി അതിരൂപത കാര്യാലയം, കപ്ലോൻ സി. എസ്. സി. കൊക്കാല
144. **റവ. ഫാ. കൈതാരത്ത് ജസ്റ്റിൻ**: പാലയൂർ
145. **റവ. ഫാ. കല്ലേരി ജിയോമോൻ**: എറവ്
146. **റവ. ഫാ. കീഴൂരുമുട്ടിക്കൽ മനോജ്**: പുറനാട്ടുകര
147. **റവ. ഫാ. കൊള്ളന്നൂർ റോയ്സൺ**: പുത്തൂർ
148. **റവ. ഫാ. കൂനംപ്ലാക്കൽ ജാക്സൺ**: മുക്കാട്ടുകര; ആർക്കെവിസ്റ്റ്,

നോട്ടറി കൂരിയ

149. **റവ. ഫാ. കൂത്തൂർ ഫെക്സിൻ**: മണ്ണുത്തി
150. **റവ. ഫാ. കൂത്തൂർ ഫെബിൻ**: ലൂർദ്ദ് കത്തീഡ്രൽ 1
151. **റവ. ഫാ. കുളങ്ങര പ്രിന്റോ**: അരണാട്ടുകര 1, പൂത്തോൾ ചാർജ്ജ്, താമസം അരണാട്ടുകര
152. **റവ. ഫാ. കുറ്റിക്കാട്ട് ജിന്റോ**: വരന്തരപ്പിള്ളി പള്ളിക്കുന്ന്
153. **റവ. ഫാ. മാളിയമ്മാവ് പോൾ**: ചിറ്റാട്ടുകര
154. **റവ. ഫാ. മാളിയേക്കൽ സനൽ തോമസ്**: ഒല്ലൂർ 3
155. **റവ. ഫാ. മാളോക്കാരൻ ജിക്സൺ**: അമ്മാടം
156. **റവ. ഫാ. മാപ്രാണത്തുക്കാരൻ പ്രദീപ്**: അരണാട്ടുകര 2
157. **റവ. ഫാ. മാറോക്കി സാജൻ**: വടക്കാഞ്ചേരി
158. **റവ. ഫാ. മേലിട്ട് പാലത്തിങ്കൽ വർഗ്ഗീസ്**: ഒല്ലൂർ ഏയ്ഞ്ചൽ നഗർ കൂടി
159. **റവ. ഫാ. മേനാച്ചേരി ആന്റണി**: കല്ലൂർ കിഴക്ക്
160. **റവ. ഫാ. മുരിങ്ങാത്തേരി നവീൻ**: കൊട്ടേക്കാട്
161. **റവ. ഫാ. മുരിങ്ങാത്തേരി സിജോ**: ചേലക്കര
162. **റവ. ഫാ. നീലങ്കാവിൽ ആൻസൻ**: പുത്തൻപീടിക
163. **റവ. ഫാ. നെല്ലിക്കൽ അനീഷ്**: വേലൂർ
164. **റവ. ഫാ. നെറ്റിക്കാടൻ ഡേവിഡ്**: വെണ്ടോർ
165. **റവ. ഫാ. ഓലപ്പുരക്കൽ റിഞ്ചോ**: നെല്ലിക്കുന്ന്
166. **റവ. ഫാ. പായിക്കാട്ട് സോബിൻ**: വേലൂപ്പാടം
167. **റവ. ഫാ. പെരിഞ്ചേരി അജീഷ്**: കോട്ടപ്പടി
168. **റവ. ഫാ. പൊന്തേക്കൻ സിന്റോ**: പഴുവിൽ
169. **റവ. ഫാ. പുത്തൂർ സിജോ**: ലൂർദ്ദ് കത്തീഡ്രൽ 2
170. **റവ. ഫാ. തൈക്കാട്ടിൽ സഞ്ജയ്**: പാവറട്ടി 3
171. **റവ. ഫാ. തൈവളപ്പിൽ റിജോയ്**: പഠനാവധി, താമസം ഡി. ബി. സി. എൽ. സി., ഞായറാഴ്ചകളിൽ തലോർ ഇടവകയിൽ ദിവ്യബലിയർപ്പണം
172. **റവ. ഫാ. തട്ടിൽ ലിന്റോ**: തൃശ്ശൂർ ബസിലിക്ക 1
173. **റവ. ഫാ. തേക്കാനത്ത് ജസ്റ്റിൻ** കണ്ടശ്ശാംകടവ് 2
174. **റവ. ഫാ. വടക്കേത്തല ജെയ്സൻ**: പുതുക്കാട്
175. **റവ. ഫാ. വാഴപ്പിള്ളി ഫ്രജോ**: മരത്താക്കര, അസി. ഡയറക്ടർ സി. എൽ. സി. യൂത്ത് & സീനിയർ
176. **റവ. ഫാ. വാഴപ്പിള്ളി ടോണി**: പാവറട്ടി 1, കാക്കശ്ശേരി ഇൻ-ചാർജ്ജ്, താമസം കാക്കശ്ശേരി
177. **റവ. ഫാ. അക്കര മത്തായി OFM.Cap**: ബ്രഹ്മകുളം

178. **റവ. ഫാ. എടക്കളത്തൂർ ബിജു IC**: നടത്തറ
179. **റവ. ഫാ. കണ്ണനായ്ക്കൽ ജോസഫ് SDV:** ചെങ്ങാലൂർ ഒഴിവായി.
180. **റവ. ഫാ. കൊളളന്നൂർ വിപിൻ SDV:** അരിമ്പൂർ
181. **റവ. ഫാ. പാറത്തോട്ട് സതീഷ് CMI:** ഏനമ്മാവ്
182. **റവ. ഫാ. ജോൺ ബ്രിട്ടോ ORC:** അരണാട്ടുകര ഒഴിവായി.
183. **റവ. ഫാ. വാകയിൽ ജെന്നർ CMF:** പുറനാട്ടുകര ഒഴിവായി.
184. **റവ. ഫാ. മുളങ്കുന്നത്ത് സനീഷ് ISch:** കോട്ടപ്പടി ഒഴിവായി.

**(b) വൈദികനിയമനം :**

1. ഫാ. തോമസ് ചക്കുംപീടിക – ഫ്രാൻസിൽ സേവനത്തിന് മൂന്നു വർഷം അവധി; വികാരി & കപ്ലോൻ പൊറത്തൂർ ഒഴിവായി; സാധുത 2015 ജനുവരി 07 മുതൽ.
2. ഫാ. തോമസ് എടക്കളത്തൂർ – ആക്ടിംഗ് വികാരി & കപ്ലോൻ പൊറത്തൂർ; സാധുത 2015 ജനുവരി 07 മുതൽ.
3. ഫാ. പ്രിൻസ് നായങ്കര – ഇറ്റലിയിൽ സേവനത്തിന് മൂന്ന് വർഷം അവധി; സഹവികാരി ഏയ്ഞ്ചൽ നഗർ & നോട്ടറി മെത്രാപ്പോലീത്തൻ കോടതി ഒഴിവായി; സാധുത 2015 ജനുവരി 05 മുതൽ.
4. ഫാ. ചാൾസ് തെക്കേതൊട്ടിയിൽMSJ– സഹവികാരി മുല്ലശ്ശേരി; സാധുത 2016 ജനുവരി 20 മുതൽ.
5. ഫാ. ജോയ് മൂക്കൻ – സെന്റ് ജോസഫ് നേച്ചർ ഹോം ഡയറക്ടറുടെ സഹായി കൂടി; സാധുത 2016 ഫെബ്രുവരി 3 മുതൽ.
6. ഫാ. ആന്റണി മേച്ചേരിപ്പിടി – അസി. ഡയറക്ടർ സി. എൽ. സി. ഒഴിവായി; സാധുത 2016 ഫെബ്രുവരി 3 മുതൽ.
7. ഫാ. റോയ് ജോസഫ് വടക്കൻ – ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ അസി. മാനേജർ I & സെക്രട്ടറി ട്രിച്ചൂർ എജുക്കേഷണൽ ട്രസ്റ്റ് കൂടി, ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ വാർഡൻ & പ്രോജക്ട് മാനേജർ ഒഴിവായി; സാധുത 2016 ഫെബ്രുവരി 3 മുതൽ.

**20. പ്രത്യേക അനുവാദങ്ങൾ :**

**പ്രതിനിധിയോഗം**

1. വടക്കാഞ്ചേരി ഇടവകയുടെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 18/2016).

2. കോലഴി ഇടവകയുടെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 42/2016).

3. അടാട്ട് ഇടവകയുടെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 145/2016).

**2014-15 വർഷത്തിലെ കൈക്കാരന്മാർ (തുടർച്ച):**

| | |
|---|---|
| മച്ചാട് | വാതക്കോടത്ത് വർഗ്ഗീസ് ഷാജു |
| | തേർമഠം അന്തോണി ആന്റണി |
| | തേറാടൻ ദാവീദ് ജോസ് |
| | പാലക്കാട്ടുതോട്ടത്തിൽ മാത്യു ജോസ് |
| മച്ചാട്-ഊരോക്കാട് | കരിമ്പീച്ചിയിൽ പുത്തൻപുരയിൽ സണ്ണി |
| മച്ചാട്-മലാക്ക | നാലന്നടിയിൽ വർഗ്ഗീസ് ജോൺ |
| ചെവ്വൂർ | അരിമ്പൂർ മാത്യു ഫ്രാൻസിസ് |
| | എലുവത്തിങ്കൽ ചാക്കു ജോസഫ് |

**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

**HEALTH AND APOSTOLIC BLESSINGS**
**TO**
**BISHOP MAR RAPHAEL THATTIL, Proto-Syncellus**
**V. REV. MSGR. KOMBARA GEORGE, Syncellus**
**V. REV. MSGR. KAKKASSERY THOMAS, Syncellus**

The charges of the Proto-Syncellus and the Syncelli of the Archeparchy are specified as given here below, with retrospective effect from 3rd February 2016.

## I. Auxiliary Bishop Mar Raphael Thattil, Proto-Syncellus

*Departments & Institution*

### I.1. General Administration:

Moderator of Curia
Archdiocesan Statutes Committee
Archdiocesan Planning and Development

### I.2. Tribunals:

Administrative Tribunal for Palliyogam
Metropolitan Tribunal
Reconciliation Office

### I.3. St. Thomas College Complex:

St. Thomas College Trichur
St. Thomas Education Centre
St. Thomas International Study Centre
St. Thomas College Hostel & St. George PG Hostel

### I.4. Other departments and areas not given to Syncelli:

## II. V. Rev. Msgr. George Kombara, Syncellus

*Departments & Institution*

### II.1. Priests & Priests' Welfare:

Missionary Union of Clergy
Presbyteral Council
Priests Homes: St. Joseph's Priests' Home, Thrissur &Vianney Bhavan, Ramavarmapuram
Priests Personnel Board
Priests' Higher Studies
Priests' on going formation
Priests' Welfare Fund (Commission for Priests)

### II.2. Priestly Formation, Seminaries & Seminarians:

Marymatha Major Seminary
St. Mary's Minor Seminary
St. Paul Gurukulam

### II.3. Institutes of Consecrated Life:

Religious, SMRI
SLMI & SSJW

### II.4. Parishes

### II.5. Other institutions and Associations:

Pastoral Council

## III. V. Rev. Msgr. Thomas Kakkassery, Syncellus

*Departments & Institution*

### III.1. Organizations & Parish in connection with Organizations

### III.2. Catholic Archbishop's House, Archdiocesan

**Finance, Archdiocesan Estates & Constructions**

## III.3. Education:

General Coordinator of Education
Corporate Educational Agency
Aided & Unaided Schools
Appellate Tribunal for Corporate Educational Agency

## III.4. Professional, Technical, Self-Financing Institutions in Educational Sector:

Jubilee Mission Medical College and allied institutions & TTIs
Jyothi Eng. College & Allied institutions
Maha Jubilee Training College, Mulloorkara
Thyagarajar Polytechnic
St. Mary's ITC Kachery
Thozhil Abyasana peedam Kachery

## III.5. Associations:

Abba Retreat Centre
Charismatic Naveekarana Prasthanam
Jesus Youth

## III.6. Social Apostolate:

Santhwanam
Save a Family Plan
Slum Service Centre, Thrissur
*Snehanidhi ( under Social Action & SWC)*
Social Action
Social Housing Centre
Social Welfare Centre

## III.7. Hospitals and allied Professional Colleges:

Jubilee Mission Medical College Hospital
Jubilee Mission Medical College
Jubilee Mission College of Nursing
Jubilee Mission School of Nursing

## III.8. Other institutions and Associations:

All India Catholic University Federation (AICUF)
All Kerala Catholic Students' League (KCSL)
Catholic Teachers' Guild
Commission for Education
Excel Programme

## III.9. Commissions and Associations:

Advocates Forum
AKCC & Catholic Union
Altar Boys' Association
Apostleship of Prayer and Eucharistic Crusade
Catholic Engineers Forum
Catholic Nurses Guild
Children's Ministry & Commission for Children
Christeen
Christian Life Community: (Junior, Senior & Professional)
Church Choir
Commission for Christian Arts
Commission for Laity
Commission for Liturgy
Commission for Vocation
Commission for Women
Co-Ordination Committee of Associations
Council of the Catholic Women of India
Darsanasabha
Doctors' Forum
Ecumenism & Dialogue
Environment Protection
Holy Childhood
Jesus Fraternity
KCYM
Kerala Labour Movement
Kudumba Koottayma
Legion of Apostolic Families (LOAF)
Legion of Mary
Mathrusangam

Migrants’ ministry & Commission for Migrants
Minority Rights Protection Council
Pithrusangam
Pro-Life Movement
Propagation of Faith
Sacristans’ Association
Secular Franciscan Order
Social Harmony & Vigilance
St. Vincent De Paul Society
Temperance Movement (*Madyavirudha samithi*)
Youth Ministry &Commission for Youth

## III.10. Archdiocesan Institutions & Programmes:

Animation Centre, Alagappanagar
Archdiocesan pilgrim centres; Palayur & Ollur
Bible Apostolate & Commission for Bible
Catechism: Catechetical Centre, Catechism PTA, Commission for Catechism
Catholic Information Centre
Catholicasabha Magazine Fund Trust : (Catholicasabha Monthly, Internet Edition, Book Centre, Catholicasabha Publications)
D.B.C.L.C.
Family Apostolate: Family Apostolate Centre, Commission for Family
Kalasadan
Lay Leadership Institute
Pastoral Centres: Pastoral Centre Thrissur and Regional Pastoral Centre Chelakkara
Public Relations & Media: Public Relations Department, Commission for Media, Publications
The Archeparchial Library
Theology & Mission: Institute of Theology

## III.11. Social and charitable institutions & Trusts:

Centre for Career Development
Chaithanya Counseling Centre, Chiyyaram

Christ Villa R.V. Puram: Poor Home (Old Age Home – Men & Women), St.Vincent's Orphanage(For girls), Mamma Margarat Home(Ladies Home) RV Puram

Damien Institute Mulayam & Damien Leprosy Hospital, Mulayam, Shanthigram

Home of Love, Mulayam

Karuna Trust

Mar Kundukulam Memorial Research and Rehabilitation Complex (Grace Home), Peringandoor

Mar Kundukulam Trust

MI Boys Town, Engandiyur

MI Hospital Engandiyur: MI Hospital & MI School of Nursing, Engandiyur

Nazareth Centre, Mulloorkara

NEST, Kuttumuck

Pope John Paul Peace Home, Peringandoor

Pope Paul Mercy Home Peringandoor: Ashavanam (For grown up girls), Ashanilayam (For grown up boys) Santhivanam (Mentally challenged Children), Peringandoor, Teachers Training Centre, Peringandoor

Savio Home, Manakody

St. Anne's Institute West Fort : Lisieux Home of St. Anne, Mareena Home of St. Anne(Functions under St. Anne's Charitable Institute, Franciscan Family Apostolate, Thrissur WF

St. Christina's Home, Pullazhy : Holy Angels Foundling Home & Child Line, Pullazhi

St. Joseph's Balasadanam, Avinissery

St. Joseph's Mental Care Home, Pullazhi

St. Joseph's Home, Pullazhi

St. Mary's Orphanage Press, Kachery

TIMHANS, Peringandoor

Sd/ Abp. + Cha.



# മെത്രാപ്പോലീത്തായുടെ പരിപാടികൾ

## March 2016

| Date | Day | Time | Programme |
|---|---|---|---|
| 01-09 | | | **CBCI** |
| 10 | Thu | | Inter Church Council Meeting at Kottayam |
| 11 | Fri | Morning | Curia Meeting |
| | | | For Priest and religious |
| 12 | Sat | Morning | Pastoral Council |
| 13 | Sun | | **Palayur Mahatheerthadanam** |
| 14 | Mon | Evening | JMMC Trust Meeting |
| 15 | Tue | Morning | Curia Meeting |
| | | Afternoon | Forane Vicars' Meeting |
| | | Evening | Association Directors' Meeting |
| | | | Interview with sisters those who are preparing for final profession |
| 16 | Wed | | St. Paul Gurukulam |
| 17 | Thu | Morning | Engaged |
| | | Afternoon | Minor orders |
| 18 | Fri | Morning | Curia Meeting |
| | | | Installation day |
| | | Afternoon | Mathrusangam meeting |
| 19 | Sat | Morning | Hall Blessing of ABBA Retreat Centre |
| | | | Pulazhy Church Blessing |
| 20 | Sun | Morning | Holy Mass at Lourdes Cathedral |
| 21 | Mon | Morning | **Priest & Religious Sanctification Day** |
| 22 | Tue | Morning | Curia Meeting |
| | | | For the people |
| 23 | Wed | | Out of station |
| 24 | Thu | Morning | **Maundy Thursday -** Lourdes Cathedral |
| 25 | Fri | | **Good Friday** |

| | | | |
|---|---|---|---|
| | | Morning | Basilica Basilica |
| | | Evening | Basilica Basilica |
| 26 | Sat | Morning | **Holy Saturday** |
| 27 | Sun | Morning | **Easter -** Holy Mass at Lourdes Cathedral |
| 28 | Mon | Morning | Vocation Week Inauguration Holy Mass at Lourdes Cathedral |
| 29 | **Tue** | Morning | Curia Meeting |
| 30 | Wed | Morning | For Priest And Religious |
| 31 | Thu | Morning<br>Afternoon | Consulter's meeting |




| Date | Day | Time | Programme |
|---|---|---|---|
| 01-09 | Tue- Wed | | CBCI- BANGLORE |
| 10 | Thu | | Kottayam- Eccumenical Bishops Meeting |
| 11 | Fri | | Engaged |
| 12 | Sat | Morning | Palayur Bible Convention |
| | | Evening | Kallettumkara CHF |
| 13 | Sun | | Palayur Maha Theerthadanam |
| 14 | Mon | | Engaged |
| 15 | Tue | | **Benefactors Meeting – Mount. St. Thomas** |
| 16 | Wed | Morning | Kallur West- Holy Qurbana |
| | | Evening | Cochin |
| 17 | Thu | Morning | Vimala College, Cheroor |
| | | Afternoon | Minor Orders, Trichur |
| 18 | Fri | Evening | Thalore |
| 19 | Sat- Sun | Morning | Pathramangalam<br>Chalakkudy |
| | | Afternoon | Hydrabad |
| 20-28 | | | Hydrabad |
| 30 | Wed | Morning | St. Thomas College - Retirement |
| 31 | Thu | | Engaged |

# നാളാഗമം

**ജനുവരി 2016**

01. അഭിവന്ദ്യ താഴത്ത് പിതാവ് തൃപ്രയാർ ഇടവകയിൽ ബഹു. ഡീ. ആൻജോ വാലികോടത്ത് സി. എം. ഐയ്ക്ക് തിരുപട്ടം നൽകി. ഉച്ചതിരിഞ്ഞ് ചിറയ്ക്കൽ ഇടവകയിലെ ഷോപ്പിംഗ് കോംപ്ലക്സ് വെഞ്ചരിച്ചു. അഭിവന്ദ്യ റാഫേൽ പിതാവ് കുറ്റൂർ ഇടവകയിൽ നവീകരിച്ച ദൈവാലയം വെഞ്ചരിക്കുകയും പുതുവർഷ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. വൈകിട്ട് ദേവമാത സ്കൂളിലെ കാരുണ്യദിനം പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് അമ്മാടത്ത് മൈത്രി സംഗമത്തിൽ പങ്കെടുത്തു.

02. അഭിവന്ദ്യ താഴത്ത് പിതാവ് പൊങ്ങണംകാട് ഇടവകയിൽ ബഹു. ഡീ. സോബിൻ പായക്കാട്ടിന് തിരുപട്ടം നൽകി. ഉച്ചയ്ക്കുശേഷം ബൈബിൾ വർണ്ണങ്ങൾ ചിത്രരചനാമത്സരത്തിലെ സ്ക്കുൾതല മത്സരവിജയികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു. ഉച്ചതിരിഞ്ഞ് പുറനാട്ടുകര ഇടവകയിലെ പുതിയ മഠം വെഞ്ചരിച്ചു. വൈകിട്ട് ബഹു. ബാബു പാണാട്ടുപറമ്പിൽ അച്ചന്റെ ജൂബിലി മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ റാഫേൽ പിതാവ് രാവിലെ ആമ്പക്കാട് ഇടവകയിൽ ബഹു. ഡീ. ജസ്റ്റിൻ തേക്കാനത്തിന് തിരുപട്ടം നൽകി. വൈകിട്ട് അരണാട്ടുകര ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു.

03. അഭിവന്ദ്യ താഴത്ത് പിതാവ് എടക്കളത്തൂർ ഇടവകയിലെ പൂത്തൂർ കുരിശുപള്ളിയുടെ ആശീർവാദകർമ്മം നിർവഹിച്ചു. വൈകിട്ട് പുതുശ്ശേരി ഇടവകയിൽ നവവൈദികൻ ഫാ. ജിന്റോ കുറ്റിക്കാട്ടിന്റെ സ്വീകരണസമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ റാഫേൽ പിതാവ് രാവിലെ കാഞ്ഞാണി ഇടവകയിൽ ദിവ്യബലി അർപ്പിക്കുകയും തിരുനാളിന് ഒരുക്കമായ കൊടിയേറ്റം നടത്തുകയും ചെയ്തു. എൽത്തുരുത്ത് ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് തിരുനാൾ പ്രസംഗം നടത്തി. മുല്ലക്കര ഇടവകയിൽ തിരുനാൾ ദിവ്യബലി അർപ്പിച്ചു. വൈകിട്ട് മരോട്ടിച്ചാൽ ഇടവകയിൽ സെമിത്തേരി കപ്പേള വെഞ്ചരിച്ചു. മുക്കാട്ടുകര ഇടവകയിലെ ഇടവകദിനത്തിൽ പങ്കെടുത്തു.

04. അഭിവന്ദ്യ താഴത്ത് പിതാവ് ബഹു. വൈദികരുമായി കൂടിക്കാഴ്ച നടത്തി.

05. അഭിവന്ദ്യ താഴത്ത് പിതാവ് സാന്ത്വനത്തിന്റെ നേതൃത്വത്തിലുള്ള മാംഗല്യനിധി-വിവാഹസഹായം

എന്ന പദ്ധതിയുടെ സമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ റാഫേൽ പിതാവ് പഴുവിൽ ഇടവകയിൽ ദിവ്യബലി അർപ്പിച്ചു.

06. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അതിരൂപത മൈനർ സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു. അഭിവന്ദ്യ റാഫേൽ പിതാവ് ചിറയ്ക്കൽ ഇടവകയിൽ ദിവ്യബലി അർപ്പിച്ചു. വൈകിട്ട് ചിറ്റാട്ടുകര ഇടവകയിൽ ദനഹാതിരുനാളിനോടുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു.

07-12 അഭിവന്ദ്യ പിതാക്കന്മാർ സിനഡിൽ പങ്കെടുത്തു.

10. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചാവക്കാട് സ്വാന്തനതീരത്ത് ദിവ്യബലി അർപ്പിച്ചു. ഉച്ചതിരിഞ്ഞ് പുവ്വത്തുശ്ശേരി ഇടവകയിലെ പൊതുസമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ റാഫേൽ പിതാവ് പൊങ്ങണംകാട് ഇടവകയിൽ ആദ്യകുർബാനസ്വീകരണം നടത്തി.

13. അഭിവന്ദ്യതാഴത്ത് പിതാവ് വൈകിട്ട് ആർത്താറ്റ് ഹോളിക്രോസ് സ്കൂളിന്റെ വാർഷികാ ഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ റാഫേൽ പിതാവ് അളഗപ്പ പോളിടെക്നികിന്റെ ഡയമണ്ട് ജൂബിലി സമാപനസമ്മേളനത്തിൽ പങ്കെടുത്തു. സെന്റ് ക്ലെയർ സ്കൂളിന്റ വാർഷികാഘോഷത്തിൽ പങ്കെടുത്തു.

14. അഭിവന്ദ്യതാഴത്ത് പിതാവ് രാവിലെ സ്കൂൾ സിസ്റ്റേഴ്സിന്റെ മഠത്തിൽ ദിവ്യബലി അർപ്പിച്ചു.

15. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചതിരിഞ്ഞ് ത്യാഗരാജ പോളിടെക്നിക്ക് കോളേജിന്റെ ജൂബിലി സമാപനത്തിൽ പങ്കെടുത്തു. അതിനുശേഷം ബൊൻ നത്താലെയുടെ മീറ്റിംഗിൽ പങ്കെടുത്തു.

16. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അളഗപ്പ നഗറിൽ കെ.സി.വൈ.എം.ന്റെ സംസ്ഥാനസമ്മേളത്തിൽ പങ്കെടുത്തു. വൈകിട്ട് ഏനാമ്മാവ് സ്ക്കുളിന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. തുടർന്ന് സെന്റ് റാഫേൽ സ്കൂളിന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തിലും പങ്കെടുത്തു.

17 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അരണാട്ടുകര ഇടവകയിൽ ദിവ്യബലി അർപ്പിച്ച് സ്കൂളിന്റെ ആശീർവാദകർമ്മം നടത്തി. നെസ്റ്റിന്റെ വാർഷികത്തോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു. വൈകിട്ട്

പാലയുരിൽ സമർപ്പിതസംഗമം, കരുണാവർഷപദ്ധതികൾ, ഭൂമിദാനം എന്നിവയോടനുബന്ധിച്ചുള്ള മീറ്റിംഗിൽ പങ്കെടുത്തു.

18. അഭിവന്ദ്യപിതാവ് രാവിലെ നവവൈദികരുമായി ദിവ്യബലി അർപ്പിച്ചു.

20 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ജ്യോതി എൻജിനിയറിംഗ് കോളേജിന്റെ ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചയ്ക്ക് അസി. വികാരിമാരുമായി കൂടികാഴ്ച്ച നടത്തി. വൈകിട്ട് പാലയൂർ തീർത്ഥാടനത്തിനോടനുബന്ധിച്ചുള്ള മീറ്റിംഗിൽ പങ്കെടുത്തു.

21. അഭിവന്ദ്യ റാഫേൽ പിതാവ് ഉച്ചതിരിഞ്ഞ് അരണാട്ടുകര ഇൻഫന്റ് ജീസസ്സ് സ്ക്കുളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു. വൈകിട്ട് ഒളരിക്കര ലിറ്റിൽ ഫ്ളവർ സ്ക്കുളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് കാഞ്ഞിരപ്പിള്ളി നിയുക്തമെത്രാൻ ഫാ. ജോസ് പുളിക്കനുമായി കൂടിക്കാഴ്ച്ച നടത്തി. ഉച്ചകഴിഞ്ഞ് കെയർ ഹോംസിന്റെ മീറ്റിംഗിൽ പങ്കെടത്തു. വൈകിട്ട് വരന്തരപ്പള്ളി പള്ളിക്കുന്ന് സെന്റ് ആന്റണീസ് എൽ. പി സ്ക്കുളിന്റെ നൂറാം വാർഷികാഘോഷത്തിൽ പങ്കെടത്തു. അഭിവന്ദ്യ റാഫേൽ പിതാവ് പട്ടിക്കാട് ഇടവകയിൽ ദിവ്യബലി അർപ്പിച്ച് ഗ്രോട്ടോയുടെ ആശീർവാദകർമ്മം നിർവഹിക്കുകയും കൊടിയേറ്റം നടത്തുകയും ചെയ്തു. അതിനുശേഷം കുരിയച്ചിറ സെന്റ്പോൾസ് സി. ബി. എസ്. ഇ. സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ചെവ്വൂർ സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു. വൈകിട്ട് വൈലത്തുർ ഇടവകയിൽ ബഹു. നിക്കാളോസ് അന്തിക്കാട്ട് അച്ചന് വേണ്ടി ദിവ്യബലി അർപ്പിച്ചു.

23. അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ സെമിനരി വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് പാപ്പാനഗറിൽ മഠം വെഞ്ചരിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് അപ്പസ്റ്റോലിക് വിസിറ്റേഷന്റെ ഭാഗമായി ഹൈദരാബാദ് സന്ദർശിച്ചു.

25. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചതിരിഞ്ഞ് മണ്ണുത്തി സമരിറ്റൻ സിസ്റ്റേഴ്സിന്റെ സഭാവസ്ത്രസ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

26. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന അവാർഡ് ഡേ യിൽ പങ്കെടുത്തു. അതിനുശേഷം കോലഴി സി. എസ്. സി സന്യാസസമൂഹത്തിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഡി. ബി. സി. എൽ. സി. യിൽ നടന്ന അവാർഡ് ഡേയിലും പങ്കെടുത്തു. അഭിവന്ദ്യ റാഫേൽ പിതാവ് വൈകിട്ട് പാത്രമംഗലം ഇടവകയിൽ ബഹു. പീറ്റർ പാലയുർ അച്ചന്റെ അനുസ്മരണാർത്ഥം ദിവ്യബലി അർപ്പിച്ചു.

27. അഭിവന്ദ്യ പിതാക്കന്മാർ വൈദികസമ്മേളനത്തിലും നവവൈദികർക്ക് നൽകിയ സ്വീകരണത്തിലും പങ്കെടുത്തു. വൈകിട്ട് ചെമ്പുക്കാവ് ഹോളിഫാമിലി സ്ക്കുളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു.
28. അഭിവന്ദ്യ റാഫേൽ പിതാവ് രാവിലെ പുതുക്കാട് ഇടവകയിൽ ദിവ്യബലി അർപ്പിച്ച് തിരുനാൾ കൊടിയേറ്റം നടത്തി. സെന്റ് തോമസ് കോളേജിൽ പ്രൊഫ. ആന്റണി എൻഡോവ്മെന്റ് ലക്ച്ചർ പ്രോഗ്രാമിൽ പങ്കെടുത്തു. വൈകിട്ട് ഭരത ഇടവകയിൽ സമർപ്പിതസംഗമത്തോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു.
29. അഭിവന്ദ്യ റാഫേൽ പിതാവ് എസ്. ഐ. ബി. ബാങ്കിന്റെ സ്ഥാപനദിനത്തോടനുബന്ധിച്ച് പുത്തൻ പള്ളിയിൽ ദിവ്യബലി അർപ്പിച്ചു. വൈകിട്ട് കുട്ടനെല്ലൂർ സെന്റ് ജൂഡ് സ്ക്കുളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു.
30. അഭിവന്ദ്യ താഴത്ത് പിതാവ് കാലത്ത് കൈക്കാരൻമാരുടെയും കണക്കെഴുത്തക്കാരുടെയും സംയുക്തമീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് തൈക്കാട്ടുശ്ശേരി പള്ളിയിൽ ദിവ്യബലി അർപ്പിച്ച് പാരിഷ്ഹാൾ വെഞ്ചരിപ്പ് നടത്തി. അഭിവന്ദ്യ റാഫേൽ പിതാവ് രാവിലെ ലൂർദ്ദ് നാഥാ പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലി അർപ്പിച്ചു.
31. അഭിവന്ദ്യ താഴത്ത് പിതാവ് പടവരാട് ഇടവകയിലെ കരുണാവർഷത്തിന്റെ ഉദ്ഘാടനയോഗത്തിൽ പങ്കെടുത്തു. അപ്പസ്റ്റോലിക് വിസിറ്റേഷന്റെ ഭാഗമായി ഗോവ സന്ദർശിച്ചു.

# സാമ്പത്തിക കാര്യാലയം

### കണക്കെഴുത്തുകാരുടെയും കൈക്കാരന്മാരുടെയും മീറ്റിംഗ്

തൃശ്ശൂർ അതിരൂപതയിലെ കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും ഒരു സംയുക്ത മീറ്റിംഗ് 2016 ജനുവരി 30 ശനിയാഴ്ച രാവിലെ 10 മണിക്ക് ഡി.ബി.സി.എൽ.സി ഓഡിറ്റോറിയത്തിൽവെച്ച് കൂടുകയുണ്ടായി. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. അതിരൂപത ഫിനാൻസ് ഓഫീസർ ഫാ. ജോയ് മൂക്കൻ എല്ലാവർക്കും ഹൃദ്യമായി സ്വാഗതം ആശംസിച്ചു. അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് യോഗം ഉദ്ഘാടനം ചെയ്തു. ഇടവകയിലെ കൈക്കാരന്മാരുടെ ദൗത്യത്തെ സംബന്ധിച്ചും ഇടവകയുടെ ദൈനംദിന കാര്യങ്ങളിൽ ഇടവക വികാരിയോടും ദൈവജനത്തോടും ചേർന്ന് ത്യാഗപൂർവ്വം അനുഷ്ടിക്കുന്ന സേവനങ്ങളെക്കുറിച്ച് അഭിവന്ദ്യ പിതാവ് കൈക്കാരന്മാരോടും മറ്റു ജീവനക്കാരോടും പ്രത്യേകം നന്ദി പ്രകാശിപ്പിച്ചു. മാറി വരുന്ന സാഹചര്യത്തിൽ കണക്കുകൾ നിയമാനുസൃതമായും സുതാര്യമായും സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത, പള്ളിയുടെ രേഖകളും ആധാരങ്ങളും സൂക്ഷിക്കൽ, കമ്പ്യൂട്ടർവത്കരണം എന്നിവയെ സംബന്ധിച്ചും അഭിവന്ദ്യ പിതാവ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ചു. തുടർന്ന് പിതാവ് ചർച്ചകൾക്കായി ഓപ്പൺ ഫോറം തുടങ്ങിവെച്ചു. നിരവധി സംശയങ്ങളും ചോദ്യങ്ങളും സഭയിൽ നിന്ന് ഉയർന്നു വന്നു. എല്ലാത്തിനും പിതാവ് സമുചിതമായ വിശദീകരണത്തോടെ മറുപടിപറയുകയുണ്ടായി. ഇതിനുശേഷം ഫൈനാൻസ് ഓഫീസർ ഫാ. ജോയ് മൂക്കൻ എല്ലാവർക്കു നന്ദി പ്രകാശിപ്പിക്കുകയും പ്രാർത്ഥനയോടെ യോഗം 1 മണിക്ക് ഭക്ഷണത്തിനായി പിരിഞ്ഞു. വിവിധ ഇടവകകളിൽ നിന്നായി 360 പ്രതിനിധികൾ യോഗത്തിൽ സംബന്ധിച്ചു. ഇടവകകളിൽ നന്നും പ്രതിനിധികളെ അയച്ച് ഇതുമായി സഹകരിച്ച എല്ലാ വികാരിയച്ചന്മാർക്കും നന്ദി.

### സി. എ. ഓഡിറ്റ്

2015-2016 വർഷത്തെ കണക്കുകൾ ആർച്ച് ബിഷപ്പ്സ് ഹൗസിൽവെച്ച് സി.എ.ഓഡിറ്റ് നടത്തപ്പെടുന്നു. ഇനിയും ഏതെങ്കിലും ഇടവകകൾ ബിഷപ്പ്സ് ഹൗസിൽവെച്ച് സി.എ.ഓഡിറ്റ് നടത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ മാർച്ച് 31-ാം തിയതിക്ക് മുമ്പ് ഫൈനാൻസ് ഓഫീസിൽ അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

ഇടവകയിലെ തെരട്ട് ഫോറം വാങ്ങിക്കൊണ്ടുപോകാത്തവർ എത്രയും വേഗം അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ നിന്നും വാങ്ങിക്കൊണ്ടുപോകണം.

2015-2016 സാമ്പത്തിക വർഷത്തിലെ കണക്കുകൾ അതിരൂപതയുടെ കമ്പ്യൂട്ടർ പ്രോഗ്രാമിലെ ഇ-ചർച്ചിലാണ് ചെയ്യേണ്ടത്. പള്ളിയിലെ കണക്കുകൾ സി.എ.ഓഡിറ്റിംഗിനു കൊണ്ടുവരുമ്പോഴും തെരട്ട് സമർപ്പിക്കുമ്പോഴും ഡേബുക്ക്, ലെഡ്ജർ എന്നിവയുടെ പ്രിന്റഡ് കോപ്പിയോടൊപ്പം കണക്കിന്റെ സി.ഡിയും കൊണ്ടുവരേണ്ടതാണ്. കമ്പ്യൂട്ടർ വത്കരണത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾക്കും സംശയങ്ങൾക്കുമായി അതിരൂപതയിലെ ഐ.ടി. സെല്ലുമായി ബന്ധപ്പെട്ടു പ്രവർത്തിക്കന്ന ഫാ. ജോൺ പാവർട്ടിക്കാരനെ സമീപിക്കാവുന്നതാണ്. (ഫോ: 8891091044)

**FCRA - Registration പുതുക്കൽ**

മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സ്, ഗവൺമെന്റ് ഓഫ് ഇന്ത്യ അവരുടെ 14.12.2015 ലെ സർക്കുലറിൽ FCRA - Registration പുതുക്കുന്നതിനെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇപ്പോൾ FCRA പുതുക്കേണ്ടത് FC-4 എ ഫോമിലൂടെ ഓൺലൈൻ ആയാണ്. പുതുക്കുന്നതിനുള്ള അവസാന തിയതി 15.03.2016 ആണ്. കൂടുതൽ വിവരങ്ങൾക്കും വിശദീകരണങ്ങൾക്കും അതത് ചാർട്ടേട് അക്കൗണ്ടന്റിനെ സമീപിച്ച് FCRA പുതുക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്. FCRA - Registration നുള്ള സ്ഥാപനങ്ങൾ, പള്ളികൾ, റിലീജിയസ് സ്ഥാപനങ്ങൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. 15.03.2016 ന് മുമ്പ് FCRA - Registration പുതുക്കിയിട്ടില്ലെങ്കിൽ ഓട്ടോമാറ്റിക്കായി registration ക്യാൻസലാകുന്നതാണ്.

**1. വരവ് ചെലവ് കണക്കുകൾ ജനുവരി 30, 2016**

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|---|
| 1. | അടാട്ട് | - | - | 21711 |
| 2. | അഞ്ഞൂർ | - | - | 8650 |
| 3. | അയ്യന്തോൾ | - | - | 86415 |
| 4. | ചേലക്കര | - | - | 26630 |
| 5. | ചെങ്ങാലൂർ | - | - | 24000 |
| 6. | എടക്കളത്തൂർ | - | - | 22000 |
| 7. | ഗുരുവായൂർ | - | - | 10000 |
| 8. | കാഞ്ഞാണി | - | - | 20000 |
| 9. | കാരമുക്ക് നോർത്ത് | - | - | 19584 |

| | | | | |
|---|---|---|---|---|
| 10. | കരുമത്ര | - | - | 11930 |
| 11. | കോനിക്കര | - | - | 8965 |
| 12. | കൂനംമൂച്ചി | - | - | 70000 |
| 13. | കുന്നംകുളം | - | - | 23800 |
| 14. | മച്ചാട് | 6452 | - | 16500 |
| 15. | മഡോണ നഗർ | - | - | 30075 |
| 16. | മനക്കൊടി | - | - | 9000 |
| 17. | മണലൂർ ഈസ്റ്റ് | - | - | 17840 |
| 18. | മുല്ലക്കര | - | - | 28050 |
| 19. | നിർമ്മലപുരം | - | - | 21660 |
| 20. | ഒളരിക്കര | - | - | 102000 |
| 21. | പനമുക്ക് | 1750 | 2000 | 6800 |
| 22. | പറപ്പൂർ | - | 52230 | 76682 |
| 23. | പീച്ചി | - | - | 5000 |
| 24. | പെരിഞ്ചേരി | - | - | 25000 |
| 25. | പെരുവല്ലൂർ | - | - | 12000 |
| 26. | പൊന്നൂക്കര | - | - | 77719 |
| 27. | പുതുരുത്തി | - | - | 12355 |
| 28. | സ്നേഹപുരം | - | - | 20000 |
| 29. | തൈക്കാട്ടുശ്ശേരി | - | - | 12300 |
| 30. | തൃപ്രയാർ | - | - | 17025 |
| 31. | തൃശ്ശൂർ സെന്റ് ആൻസ് | - | - | 78206 |
| 32. | വരന്തരപ്പിള്ളി ഈസ്റ്റ് | - | - | 9500 |
| 33. | വെള്ളാറ്റഞ്ഞൂർ | - | - | 12500 |
| 34. | വേലൂപ്പാടം | 8407 | - | - |
| 35. | ലൂർദ്ദ് ഹോസ്പിറ്റൽ, മണ്ണുത്തി | - | - | 13750 |
| 36. | ജൂബിലി മിഷൻ ഹോസ്പിറ്റൽ | - | - | 160000 |
| 37. | സെന്റ് മേരീസ് മൈനർ സെമിനാരി | - | - | 15000 |

| നമ്പർ | പേര് | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് |
|---|---|---|---|---|
| 1. | മച്ചാട് | 4896 | 6413 | 6996 |
| 2. | പനമുക്ക് | 3800 | 4730 | 5160 |
| 3. | വേലൂപ്പാടം | 6342 | 7920 | 18000 |
| 4. | അസ്സീസി മഠം, തൃശ്ശൂർ | - | - | 500 |

**മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

| | | | | |
|---|---|---|---|---|
| 1. | പൂങ്കുന്നം | - 5000 | 2. കാരമുക്ക് നോർത്ത് | - 5000 |
| 3. | കോലഴി | - 5000 | 4. പേരാമംഗലം | - 5000 |
| 5. | പോന്നോർ | - 5000 | 6. ആമ്പക്കാട് | - 5000 |

**സാമ്പത്തിക സഹായം**

| | | | | |
|---|---|---|---|---|
| 1. | ആമ്പക്കാട് | - 50000 | 2. വരവൂർ | - 25000 |
| 3. | പനമുക്ക് | - 28965 | | |

**അതിരൂപത സഹായ ഫണ്ട്**

| | | | | |
|---|---|---|---|---|
| 1. | ഭവന നിർമ്മാണം | - 16500 | 2. വിവാഹം | - 193500 |
| 3. | ചികിത്സ | - 90300 | 4. വിദ്യാഭ്യാസം | - 7500 |

**ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

| | | | | |
|---|---|---|---|---|
| 1. | ഭവന നിർമ്മാണം | - 15000 | 2. ചികിത്സ | - 48000 |

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

ഫാ. ഷിന്റോ പാറയിൽ 01
ഫാ. ജെയിംസ് വടക്കൂട്ട് 01
ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ 02
ഫാ. ഡേവിസ് പനംകുളം 03
ഫാ. ഷാജൻ ചീരമ്പൻ 03
ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ 03
ഫാ. ജൈൽസ് ചേറ്റുപുഴക്കാരൻ 03
ഫാ. അഗസ്റ്റിൻ മംഗലം 03
ഫാ. സെബാസ്റ്റ്യൻ ചാലക്കൽ 05
ഫാ. റോയ് മൂക്കൻ 06
ഫാ. ഡെന്നി താണിക്കൽ 07
ഫാ. ബിനു പറോക്കാരൻ 07
ഫാ. ടിജോ മുള്ളക്കര 07
ഫാ. റാഫി തട്ടിൽ 07
ഫാ. ഡേവിസ് ചെറയത്ത് 08
ഫാ. ബാബു പാണാട്ടുപറമ്പിൽ 08
ഫാ. സെബാസ്റ്റ്യൻ അറക്കൽ 09
ഫാ. പോൾ പയ്യപ്പിള്ളി 09
ഫാ. ദേവസ്സി പന്തല്ലൂക്കാരൻ 10
ഫാ. സിജോ അരിക്കാട്ട് 10
ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ 13
ഫാ. ഡെന്നിസ് മാറോക്കി 13
ഫാ. ജോബി ചുള്ളിക്കാടൻ 14
ഫാ. ഫിജോ ആലപ്പാടൻ 14
ഫാ. തോമസ് വേലൂക്കാരൻ 15
ഫാ. ജോസ് തെക്കേക്കര സീനിയർ 16
ഫാ. ജോൺസൻ ചാലിശ്ശേരി 18
ഫാ. ജോസഫ് അറാശ്ശേരി 20
ഫാ. ബിൽജു വാഴപ്പിള്ളി 23
ഫാ. ജോർജ്ജ് തേറാട്ടിൽ 23
ഫാ. ഡൊമിനി ചാഴൂർ 23
ഫാ. ഡൊമിനിക് തലക്കോടൻ 23
ഫാ. ജോയ്സൻ ചെറുവത്തൂർ 24
ഫാ. സാജൻ പിണ്ടിയാൻ 26
ഫാ. ഫ്രാൻസിസ് തരകൻ 27
ഫാ. ജോസ് പുന്നോലിപറമ്പിൽ 28
ഫാ. ജോസ് കോനിക്കര സീനിയർ 29
ഫാ. മാർട്ടിൻ കൊളമ്പ്രത്ത് 29
ഫാ. പോൾ പിണ്ടിയാൻ 30

## നാമഹേതുകതിരുനാൾ

ഫാ. ജിന്റോ ചിറ്റിലപ്പിള്ളി 19
ഫാ. ജിയോ തെക്കിനിയത്ത് 19
ഫാ. ജോളി ചിറമ്മൽ 19
ഫാ. റിജോ വിതയത്തിൽ കൊഴുക്കുള്ളിക്കാരൻ 19
ഫാ. ജോയ് മുരിങ്ങാത്തേരി 19
ഫാ. ജോസഫ് വടക്കേത്തല 19
ഫാ. ഷാജൻ ചീരമ്പൻ 19
ഫാ. റോയ് മൂക്കൻ 19
ഫാ. ജോബി ചുള്ളിക്കാടൻ 19
ഫാ. ജോസ് തെക്കേക്കര സീനിയർ 19
ഫാ. ജോൺസൻ ചാലിശ്ശേരി 19
ഫാ. ജോസഫ് അറാശ്ശേരി 19
ഫാ. ജോസ് പുന്നോലിപറമ്പിൽ 19
ഫാ. ജോസ് കോനിക്കര സീനിയർ 19
ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ 19
ഫാ. ജോസഫ് പുളിക്കൻ 19
ഫാ. ഡൈജോ പൊറുത്തൂർ 19
ഫാ. ജോബി കടപ്പൂരാൻ 19
ഫാ. ബിനോയ് ചിറ്റിലപ്പിള്ളി 19

| | |
|---|---|
| ഫാ. റിജോയ് തൈവളപ്പിൽ | 19 |
| ഫാ. ജിയോ ചെറടായി | 19 |
| ഫാ. ജോബ് വടക്കൻ | 19 |
| ഫാ. ജെയ്സൻ മാറോക്കി | 19 |
| ഫാ. ജോജു പനക്കൽ | 19 |
| ഫാ. ജോസ് കാച്ചപ്പിള്ളി | 19 |
| ഫാ. സിന്റോ പൊറത്തൂർ | 19 |
| ഫാ. ജോസ് എടക്കളത്തൂർ | 19 |
| ഫാ. ടോണി അരിമ്പൂർ | 19 |
| ഫാ. അലക്സ് മരോട്ടിക്കൽ | 19 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 19 |
| ഫാ. ബിജു ജോസഫ് ആലപ്പാട്ട് | 19 |
| ഫാ. ജിമ്മി എടക്കുളത്തൂർ | 19 |
| ഫാ. പ്രിൻസ് നായങ്കര | 19 |
| ഫാ. നോബി അമ്പൂക്കൻ | 19 |
| ഫാ. സിജോ ചെറുവത്തൂർ | 19 |
| ഫാ. ജോസ് വട്ടക്കുഴി | 19 |
| ഫാ. ജോഫി ചിറയത്ത് | 19 |
| ഫാ. ബിജു ആലപ്പാട്ട് | 19 |
| ഫാ. സിന്റോ കരേപറമ്പൻ | 19 |
| ഫാ. ജോസ് വള്ളൂരാൻ | 19 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 19 |
| ഫാ. ജോസ് കോനിക്കര ജൂനിയർ | 19 |
| ഫാ. റോയ് ജോസഫ് വടക്കൻ | |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 19 |
| ഫാ. ജെറിൻ അരിമ്പൂർ | 19 |
| ഫാ. ജിയോ കടവി | 19 |
| ഫാ. ജിക്സൻ താഴത്ത് | 19 |
| ഫാ. ജോഷി ആളൂർ | 19 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 19 |
| ഫാ. ജോസ് ചാലക്കൽ | 19 |
| ഫാ. ജോസ് അറങ്ങാശ്ശേരി | 19 |
| ഫാ. ജിജോ പിടിയത്ത് | 19 |
| ഫാ. ജെയ്സൻ പുലിക്കോട്ടിൽ | 19 |
| ഫാ. ഡിറ്റോ കൂള | 19 |
| ഫാ. സിറിയക് വടക്കൻ | 19 |
| ഫാ. സനൽ തോമസ് മാളിയേക്കൽ | 19 |
| മോൺ. ജോസഫ് കാക്കശ്ശേരി | 19 |
| ഫാ. ജോസ് ഐനിക്കൽ | 19 |
| ഫാ. അനീഷ് നെല്ലിക്കൽ | 19 |
| ഫാ. ജോസഫ് മുരിങ്ങാത്തേരി | 19 |
| ഫാ. ജോയ് കൂത്തൂർ | 19 |
| ഫാ. ഷാജു ചിറയത്ത് | 19 |
| ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. നിബിൻ തളിയത്ത് | 19 |
| ഫാ. ജോസ് തെക്കേക്കര ജൂനിയർ | 19 |
| ഫാ. ജോസഫ് അന്തിക്കാട്ട് | 19 |

**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ചിറയത്ത് ഔസേപ്പ് | 14 - 03 - 1891 |
| ഫാ. പാറക്കൽ തോമസ് | 30 - 03 - 1891 |
| ഫാ. വിതയത്തിൽ ഔസേപ്പ് | 16 - 03 - 1893 |
| ഫാ. കണ്ണമ്പുഴ ആന്റണി | 03 - 03 - 1895 |
| ഫാ. ഇമ്മട്ടി ഔസേപ്പ് | 17 - 03 - 1935 |
| ഫാ. വളപ്പില എസ്തപ്പാനോസ് | 22 - 03 - 1942 |

| | |
|---|---|
| ഫാ. കൊള്ളന്നൂർ ജേക്കബ് | 01-03-1947 |
| ഫാ. ആട്ടോക്കാരൻ തോമസ് | 23-03-1947 |
| ഫാ. പാലയൂർ ആന്റണി | 14-03-1950 |
| ഫാ. നീലങ്കാവിൽ ഫ്രാൻസിസ് | 27-03-1951 |
| ഫാ. അമ്പൂക്കൻ പോൾ സീനിയർ | 31-03-1952 |
| ഫാ. ചിറ്റിലപ്പിള്ളി ലൂവീസ് | 22-03-1956 |
| ഫാ. ചിറ്റിലപ്പിള്ളി ജോസഫ് | 30-03-1959 |
| ഫാ. അക്കര ജോർജ്ജ് ജൂനിയർ | 10-03-1962 |
| ഫാ. കരിപ്പേരി ജോൺ | 16-03-1962 |
| ഫാ. പുതുശ്ശേരി ജോർജ്ജ് | 06-03-1965 |
| ഫാ. തച്ചിൽ ജോൺ | 09-03-1968 |
| ഫാ. പാറേമ്പിൽ പോൾ | 02-03-1970 |
| മോൺ. ചിറയത്ത് സെബാസ്റ്റ്യൻ | 01-03-1979 |
| ഫാ. ചിറ്റിലപ്പിള്ളി പോൾ | 12-03-1981 |
| ഫാ. കാരത്ര സെബാസ്റ്റ്യൻ | 19-03-1986 |
| ഫാ. മഞ്ഞളി ജോസഫ് | 20-03-1990 |
| ഫാ. മാള്യമ്മാവ് റാഫേൽ | 17-03-1996 |
| ഫാ. വെളിയന്നൂക്കാരൻ ഇഗ്നേഷ്യസ് | 17-03-2003 |
| ഫാ. തേർമഠം ഫ്രാൻസിസ് | 17-03-2006 |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

01.01.2016 സി.എസ്.എസ്. അദിലാബാദ് രൂപതയുടെ മെത്രാനായി അഭിഷിക്തനായ അഭിവന്ദ്യ മാർ പ്രിൻസ് പാണേങ്ങാടൻ പിതാവിന് സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ സ്വീകരണം നൽകി.

എസ്.എ.ബി.എസ്. സാഗർ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി ചിറയത്ത് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

ജൂണിയർ സീനിയർ സിസ്റ്റേഴ്സിന്റെ gathering ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. ബ. പ്രൊവിൻഷ്യാളമ്മ ഇവർക്ക് ക്ലാസ് നൽകി.

02.01.016 സി.എം.സി. മാർ ബോസ്കോ പുത്തൂർ പിതാവ് കോലഴി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ച് സൗഹൃദം പങ്കിട്ടു.

06.01.2016 എസ്.എ.ബി.എസ്. മെൽബോൺ രൂപതാദ്ധ്യക്ഷൻ മാർ ബോസ്ക്കോ പുത്തൂർ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

സി.എം.സി. ദനഹാതിരുനാളായ ഇന്ന് സിസ്റേറഴ്സ് തങ്ങളുടെ വ്രതങ്ങൾ നവീകരിച്ചു.

08.01.2016 സി.എസ്.എം. പൊന്നൂക്കര ബഥാനിയായിലെ ജാഗരണപ്രാർത്ഥനയിൽ ബഹു. പ്രൊവിൻഷ്യൽ സി.ബിയാട്രീസും കൗൺസിലേഴ്സും സിസ്റ്റേഴ്സും പങ്കെടുത്ത് സമർപ്പിതർക്കായി പ്രത്യേകം പ്രാർത്ഥിച്ചു.

എഫ്..സി.സി.ആലുവ ജനറലേറ്റിൽ വെച്ച് നടന്ന ജനറൽ പ്ലീനറി കൗൺസിൽ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയരിയർ സി. റോസ് അനിതയും റവ. സി.സ്റ്റാർലറ്റ് സ്കറിയയും സംബന്ധിച്ചു.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് വൊക്കേഷൻ പ്രമോട്ടേഴ്സിന്റെ മീറ്റിംഗ് നടത്തി.

10.01.2016 സി.എസ്.എസ്. ജനുവരി 10 മുതൽ 15 വരെ സമരിറ്റൻ നൊവീഷ്യേറ്റ് ഹൗസിൽ വച്ച് പോസ്റ്റുലൻസിനും നോവീസസിനുമുള്ള ധ്യാനം നടത്തപ്പെട്ടു.

എഫ്. സി. സി. അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവ് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ സൗഹൃദ സന്ദർശനം നടത്തി.

സി.എം.സി. സുപ്പീരിയേഴ്സിന്റെ മീറ്റിംഗ് കോലഴി പ്രൊവിൻഷ്യൽ

ഹൗസിൽ വച്ച് നടത്തപ്പെട്ടു.

13.01.2016 എഫ്. സി. സി. രണ്ടാം വർഷ നോവീസസ് ധോണി മരിയൻ റിന്യൂവൽ സെന്ററിൽ ഒരു മാസത്തെ ധ്യാനപരിശീലനത്തിനായി പോയി.

15.01.2016 എഫ്. സി. സി. കാരുണ്യവർഷത്തോടനുബന്ധിച്ചുള്ള തീരുമാനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനായി കമ്മിറ്റിയുടെ മീറ്റിംഗ് 2016 ജനുവരി 15-ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് പ്രൊവിൻഷ്യൽ ടീമിന്റെ സാന്നിധ്യത്തിൽ നടന്നു.

16.01.2016 സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയർ ജനറൽ റവ. മദർ ലുസീന കാനോനിക സന്ദർശനം നടത്തി.

സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സി എം സി യുടെ ശതോത്തര സുവർണ്ണ ജൂബിലി സാഘോഷം കൊണ്ടാടി. Mar Jacob Thoomkuzhy പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിക്കുകയും, ജൂബിലിയുടെ ഭാഗമായി 1 ലക്ഷം രൂപ ഡയാലിസിസിനുവേണ്ടി ചൂണ്ടൽ ഹോസ്പിറ്റലിന് നല്കുകയും ചെയ്തു.

എസ്.എ.ബി.എസ്. പടിഞ്ഞാറേക്കോട്ട നിർമ്മല കോളേജിലെ "Best Outgoing Student" ആയി തിരഞ്ഞെടുക്കപ്പെട്ട സി. ആൻലിയ ഊക്കന് പ്രോവിൻസിന്റെ അഭിന്ദനങ്ങൾ!

എഫ്. സി. സി. മമ്മിയൂർ ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ വെച്ച് ജനുവരി മാസത്തെ ഉപവാസ പ്രാർത്ഥനാസമ്മേളനം നടത്തി.

17.01.2016 സി.എസ്.എസ്. സുപ്പീരിയേഴ്സിനായി മണ്ണുത്തി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തപ്പെട്ട സുപ്പീരിയേഴ്സ് മീറ്റിംഗിൽ 36 പേർ പങ്കെടുത്തു.

എഫ്. സി. സി.ഫോർമേഷൻ സ്റ്റാഫിനെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വിളിച്ചുകൂട്ടി അർത്ഥിനികൾക്ക് ക്ലാസ്സ് എടുക്കുന്നതിനെ സംബന്ധിച്ചും ഭാവി പരിപാടികളെക്കുറിച്ചും തീരുമാനങ്ങൾ കൈക്കൊണ്ടു.

18.1.2016 സി.എം.സി. കോലഴിയിൽ സിസ്റേറഴ്സിന് 6 ദിവസത്തെ ചാവറ എവുപ്രാസ്യ ദൈവദർശന ധ്യാനം നടത്തി.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രോവിൻഷ്യൽ ഹൗസിൽ വച്ച് ആസ്പിരൻസിന് വേണ്ടി ഒരാഴ്ചത്തെ Faith Retreat നടത്തി. സി. ലയോസ് ധ്യാനത്തിന് നേതൃത്വം നൽകി.

എസ്.എൻ.ഡി.എസ്. കെനിയയിൽ രണ്ടുപേർ (ജോയ്സി, മേരി) പോസ്റ്റുലൻസിയിൽ പ്രവേശിച്ചു.

സി.എം.സി. ആലുവ ജനറലേററിൽ വച്ച് സംഘടിപ്പിച്ച 3 ദിവസത്തെ

ഗോൾഡൻ ജൂബിലി കോഴ്സിൽ തൃശ്ശൂർ പ്രോവിൻസിൽനിന്നും 19 ജൂബിലി അമ്മമാർ പങ്കെടുത്തു.

25.01.2016 സി.എസ്.എസ്. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മണ്ണുത്തി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 4 നോവിസസ് സഭാവസ്ത്രസ്വീകരണവും 4 ജൂനിയർ സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനവും നടത്തുകയുണ്ടായി.

സി.എസ്.എസ്. സമരിറ്റൻ സന്യാസിനിസമൂഹത്തിന്റെ സ്ഥാപകദിനം സമുചിതമായി ആഘോഷിച്ചു.

എഫ്. സി. സി.Young Seniors Meet ജനുവരി 25-ാം തീയതി മുതൽ 27-ാം തീയതി വരെ അസ്സീസിയിൽ നടത്തി. ഇവർക്കുള്ള ശാക്തീകരണ ക്ലാസ്സുകൾ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിതയും കോർഡിനേറ്റർ സി. ഫിൽബിയും എടുക്കുകയുണ്ടായി.

26.01.2016 എസ്.എ.ബി.എസ്. തൃശൂർ DBCLC- യിൽ നടന്ന 'ലോഗോസ് അവാർഡ്ദാന'പരിപാടിയിൽ അതിരൂപയിലെ ഒന്നാം റാങ്ക് നേടുകയും 'സമർപ്പിത പ്രതിഭ'യായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്ത സി. ജിയോ തെരേസ് പനംകുളത്തിനെ ആദരിച്ചു. മദർ ലിറ്റിൽ മരിയ തെക്കേക്കര ആശംസകളർപ്പിച്ചു.

സി.എസ്.സി. ബഹു. സിസ്റ്റേഴ്സിന്റെ ഗോൾഡൻ/സിൽവർ ജൂബിലിയാഘോഷം കോലഴി മരിയഭവൻ ജനറലേറ്റിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു.

അദിലാബാദ് ബിഷപ്പ് മാർ പ്രിൻസ് ആന്റണി പിണ്ടിയാൻ പ്രൊവിൻഷ്യൽ ഹൗസിലെ സിസ്റേറഴ്സിനെ സന്ദർശിച്ച് സൗഹൃദം പങ്കിട്ടു.

എസ്.എൻ.ഡി.എസ്. നിസ്സാൻ കോളേജ് ഗ്രൗണ്ടിൽ വച്ചു മൈനോരിറ്റി ക്രിസ്റ്റ്യൻസിനുവേണ്ടി നടത്തിയ ക്രിസ്തുമസ്സ് സെലിബറേഷനിൽ ആന്ധ്രപ്രദേശ് മെദക്ക് District ൽ മികച്ച സാമൂഹ്യസേവനത്തിനുള്ള അവാർഡ് (ഒരു ലക്ഷം രൂപയും മെമെന്റോയും) തെലുഗുദേശം മുഖ്യമന്ത്രി കെ. ചന്ദ്രശേഖരറാവുവിൽനിന്ന് സുപ്പീരിയർ സിസ്റ്റർ റോസമ്മ മംഗലശ്ശേരി സങ്കാറെഡി കമ്മ്യൂണിറ്റിക്കുവേണ്ടി ഏറ്റുവാങ്ങി.

എസ്.എൻ.ഡി.എസ്. തൃശ്ശൂർ ഡി.ബി.സിഎൽ.സി. യിൽ 6 മാസത്തെ തിയോളജി കോഴ്സ് പഠിച്ചിരുന്ന സിസ്റ്റേഴ്സ് ഉന്നതവിജയം കരസ്ഥമാക്കി.

28.01.2016 സി.എസ്.എം. ജനുവരി 28 മുതൽ 31 വരെ നടന്ന രണ്ടാമത് ലൂർദ്ദ്നാഥാ പ്രൊവിൻഷ്യൽ സിനാക്സിസിൽ റവ. സി.ബിയാട്രിസ് വീണ്ടും പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ടു.

കൗൺസിലേഴ്സായി റവ.സി.ജീന ജോ, റവ.സി. ബയാത്ത, റവ. സി.റൂബി പോൾ, ട്രഷററായി റവ. സി.ഡെല്ലാ മരിയയും തിരഞ്ഞെടുക്കപ്പെട്ടു.

31.01.2016 എഫ്. സി. സി.ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കു എല്ലാ അധ്യാപക - അനധ്യാപകർക്കായി 2016 ജനുവരി 31-ാം തീയതി 2 pm ന് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് യാത്രയയപ്പ് നൽകി. ഈ സമ്മേളനത്തിൽ നമ്മുടെ കോർപ്പറേറ്റ് മാനേജർ, പ്രിൻസിപ്പൽമാർ (റഗുലർ & പാരലൽ കോളേജ്, ഹയർ സെക്കണ്ടറി സ്ക്കൂളുകൾ), എൽ. പി, യു. പി, ഹൈസ്കൂൾ (ഇംഗ്ലീഷ് മീഡിയം ഉൾപ്പെടെ) ഹെഡ്മിസ്ട്രസുമാർ എന്നിവർ സംബന്ധിച്ചു.

**ആദരാഞ്ജലികൾ**



09.01.2016 സി.എം.സി. തൃശ്ശൂർ സേക്രട്ട് ഹാർട്ട് കോൺവെന്റിലെ സി. എവുപ്രാസ്യ നിര്യാതയായി. അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും, മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



18.01.2016 പടവരാട് ശാന്തി ഭവൻ ഭവനാംഗമായിരുന്ന സി. ഫ്ളവർലറ്റ് എസ്.എ.ബി.എസ് (85) നിര്യാതയായി. ഇരിങ്ങാലക്കുട മുൻ രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിലിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം മഠംവക സിമിത്തേരിയിൽ സംസ്ക്കരിച്ചു.



23.01.2016 എഫ്. സി. സി. ഗുരുവായൂർ ചെറുപുഷ്പാശ്രമം ഭവനാംഗമായ ബ. അൽബർത്തീനമ്മ നിര്യാതയായി. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തുപിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതസംസ്കാര ശുശ്രൂഷകൾ നടത്തപ്പെടുകയും ഗുരുവായൂർ ലിസ്യു മഠം ചാപ്പലിനോടു ചേർന്ന കല്ലറയിൽ മൃതദേഹം സംസ്ക്കരിക്കുകയും ചെയ്തു.

**സി.ജോസഫൈൻ പാലത്തിങ്കൽ SABS**
സി.ആർ.ഐ.സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

### മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

ഈശോയിൽ പ്രിയ കുട്ടികളേ,

കരുണയുടെ ജൂബിലി വർഷത്തിൽ അമ്പത് നോമ്പിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. വലിയ അനുഗ്രഹം കിട്ടുന്ന കാലഘട്ടമാണിത്. ഞാൻ നിങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു. നിങ്ങൾ എനിക്കു വേണ്ടിയും പ്രാർത്ഥിക്കുമല്ലോ.

മതബോധനപരീക്ഷകൾ കഴിഞ്ഞു. വിശ്വാസപരിശീലനത്തിൽ നിങ്ങൾ നല്ല വിജയം നേടുമെന്ന് പ്രതീക്ഷിക്കട്ടെ. ഇനി സ്കൂൾ പരീക്ഷകളുടെ കാലഘട്ടമാണ്. നിങ്ങൾ നന്നായി ഒരുങ്ങി പരീക്ഷ എഴുതണം. ഏതുകാര്യവും പരിശുദ്ധാത്മാവിനോട് ആലോചന ചോദിച്ച് ആരംഭിച്ചാൽ കൂടുതൽ വിജയം നേടുമെന്ന് ഉറപ്പാണ്. പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന എപ്പോഴും മനസ്സിലുണ്ടാകണം.

ജൂബിലി വർഷത്തിലെ നോമ്പുകാലത്തിന് ഫ്രാൻസിസ് മാർപ്പാപ്പ 'കരുണയുടെ മുഖം' എന്ന തന്റെ പ്രബോധനത്തിൽ വലിയ പ്രാധാന്യമാണ് കൊടുത്തിരിക്കുന്നത്. ജൂബിലി വർഷത്തിന്റെ മുദ്രാവാക്യം ലൂക്കാ 6:36ൽ കാണുന്നതുപോലെ "പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുക" എന്നതാണ്.

കരുണയുടെ ജൂബിലിവർഷത്തിന്റെ ലോഗോ പള്ളിയിൽ പ്രദർശിപ്പിച്ചിട്ടുള്ളത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ. നീല പശ്ചാത്തലത്തിൽ ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ തോളിലേറ്റി കൈകാലുകൾ പിടിച്ച് മുഖം ചേർത്ത് വച്ചിരിക്കുന്ന ചിത്രമാണ് അത്. ഇടതുവശത്തായി "പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുക" എന്നെഴുതി വച്ചിട്ടുണ്ട്. മാർക്കോ റുപ്പ്നിക് എന്ന ഈശോസഭ വൈദികനാണ് ഈ ലോഗോ വരച്ചത്. ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് ഇഷ്ടപ്പെട്ട, ലൂക്കായുടെ സുവിശേഷം 15-ാം അധ്യായത്തിലെ 1 മുതൽ 7 വരെയുള്ള വാക്യങ്ങളിൽ കാണാതെ പോയ ആടിനെ കണ്ടെത്തി തോളിലേറ്റു ഒരു നല്ല ഇടയന്റെ പ്രമേയമാണ് ചിത്രീകരിച്ചിരിക്കുന്നത്. ലോഗോയിൽ കാണുന്ന ആണിപ്പഴുതുള്ള മനുഷ്യൻ ദൈവപുത്രനായ യേശുവാണ്. തോളിലേറ്റപ്പെട്ടിരിക്കുന്നത് നമ്മളോരോരുത്തരുമാണ്. പാപം വഴി ദൈവത്തിൽ നിന്നകന്ന നമ്മെ മനുഷ്യനായി അവതരിച്ച യേശു അന്വേഷിച്ചു കണ്ടെത്തി തന്റെ തോളിലേറ്റി സ്നേഹിക്കുന്നു. നോമ്പുകാല ചൈതന്യം യേശുവിനോട് പൂർണ്ണമായി സഹകരിച്ച് യേശുവിനോടൊപ്പമായിരിക്കുക എതാണ്. യേശുവിന്റെ മുഖവും നമ്മുടെ മുഖവും ചുംബിച്ചിരിക്കുതായാണ് ചിത്രത്തിൽ നാം കാണുത്. രണ്ടുപേർക്കും കൂടി മൂന്ന് കണ്ണുകളേ ചിത്രത്തിലുള്ളൂ. പ്രിയ കുട്ടികളേ, കരുണയുടെ ജൂബിലി ചൈതന്യത്തിൽ നാം യേശു കാണുന്നതുപോലെ കാണാൻ ശ്രമിക്കണം. നമ്മെ രക്ഷിക്കാൻ നമ്മിൽ ഒരുവനായവനാണ് യേശു. യേശു പറയുകയും പ്രവർത്തിക്കുകയും കാണുകയും ചെയ്തതുപോലെ നാമും ചെയ്യണം. നമ്മെ രക്ഷിക്കാൻ വന്ന യേശുവിനോടൊപ്പമായിരിക്കാൻ മൂന്നു കാര്യങ്ങളാണ് മലയിലെ പ്രസംഗത്തിൽ യേശു പറയുന്നത്. അവ പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവയാണ്. നാല്പതുദിവസം യേശു മരുഭൂമിയിൽ പ്രാർത്ഥനയിലും ഉപവാസത്തിലും ചെലവഴിച്ചതിന്റെ ഓർമ്മക്കായിട്ടാണ് നാം അമ്പത് നോമ്പ് ആചരിക്കുന്നത്. നമ്മുടെ പൂർവ്വികർ അമ്പത് ദിവസം നോമ്പാചരിച്ചിരുങ്കെിലും ഞായറാഴ്ചകളിൽ ഉപവാസം അനുഷ്ഠിച്ചിരുന്നില്ല. പിന്നെ കഠിന തപസ്സിന്റെ ദിനങ്ങളായ പെസഹാവ്യാഴം, ദുഃഖവെള്ളി, ദുഃഖശനി എന്നിവ പ്രത്യേക യൂണിറ്റായിട്ടാണ് കണക്കാക്കിയത്. നോമ്പിലെ ഏഴു ഞായറാഴ്ചകളും മൂന്ന് പെസഹാദിനങ്ങളും കൂടി ആകെ പത്ത് ദിവസങ്ങൾ മാറ്റുമ്പോൾ അമ്പത് നോമ്പിൽ യേശുവിന്റെ മരുഭൂമിയിലെ നാല്പത് ഉപവാസദിനങ്ങളാണ് സീറോ മലബാർ സഭ

യിൽ അനുഷ്ഠിക്കുന്നത്. ലത്തീൻ സഭയിൽ ഇത് വേറെ രീതിയിലാണ് കണക്കുകൂട്ടുന്നത്.

നോമ്പുകാലത്ത് കൂടുതൽ സമയം പ്രാർത്ഥനയിലും ഉപവാസത്തിലും (കൂടെ വസിക്കുക) സമയം ചെലവഴിക്കണം. ദൈവത്തോടും സഹോദരങ്ങളോടും പ്രത്യേകിച്ച് പാവപ്പെട്ടവരോടുമുള്ള നമ്മുടെ ധർമ്മം (കടമ) ദാനം ചെയ്യാൻ നാം കൂടുതൽ ഉത്സുകരായിരിക്കണം. ഈ നോമ്പുകാലത്ത് നമുക്ക് ചെയ്യാവുന്ന ഏതാനും കർമ്മപരിപാടികൾ ഞാൻ സൂചിപ്പിക്കട്ടെ

1. സാധിക്കുന്ന എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക. വെക്കേഷൻ കാലത്ത് മുടങ്ങാതെ പങ്കെടുക്കുക.
2. വെള്ളിയാഴ്ചകളിലെങ്കിലും കുരിശിന്റെ വഴിയിൽ പങ്കുചേരുക.
3. ഈ നോമ്പുകാലത്ത് നിങ്ങൾക്ക് ഇഷ്ടമുള്ള ഏതെങ്കിലും ഒരു ഭക്ഷണം (ഉദാ. ചായ, മിഠായി, ഐസ്ക്രീം) വേണ്ടെന്നുവച്ച് ആ ത്യാഗത്തിന്റെ പണം ശേഖരിച്ച് ഏതെങ്കിലും ഒരു പാവപ്പെട്ട വ്യക്തിക്കോ സ്ഥാപനത്തിനോ കൊടുക്കുക.
4. നോമ്പുകാലത്ത് ഏതെങ്കിലും അഗതിമന്ദിരമോ നിങ്ങൾക്കറിയാവുന്ന ഒരു രോഗിയെയോ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുക.
5. നിങ്ങൾക്ക് ഏതെങ്കിലും ദുശ്ശീലങ്ങളും ദുഷ്തഴക്കങ്ങളും (ഉദാ.: ശാഠ്യം പിടിക്കുക, ടി. വി., ഇന്റർനെറ്റ് കൂടുതൽ കാണുക, നുണ പറയുക, തല്ലുകൂടുക) ഉണ്ടെങ്കിൽ അത് മാറാൻ പ്രാർത്ഥിക്കുകയും ത്യാഗം ചെയ്യുകയും ചെയ്യുക. വഴക്കടിച്ചിട്ടുണ്ടെങ്കിൽ ക്ഷമ ചോദിക്കുക.
6. മാസത്തിലൊരിക്കലെങ്കിലും നല്ല കുമ്പസാരം നടത്തുക. വീട്ടിൽ വഴക്കുകളുണ്ടെങ്കിൽ സമാധാനമുണ്ടാക്കാൻ കുടുംബപ്രാർത്ഥനയിൽ നിയോഗം വച്ച് ഉറക്കെ പ്രാർത്ഥിക്കുക.
7. കാരുണ്യപ്രവർത്തികൾ 14 മനഃപാഠമാക്കുക.

പ്രിയ കുട്ടികളേ, ഈ നോമ്പുകാലത്ത് കരുണയുടെ പ്രേഷിതരാകാനും ദണ്ഡവിമോചനങ്ങൾ ലഭിക്കുന്ന കരുണയുടെ വാതിലുകളുള്ള സ്ഥലങ്ങളിലേക്ക് തീർത്ഥാടനം നടത്താനും മാർപ്പാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. പാലയൂരും ബസിലിക്കയിലുമാണ് നമ്മുടെ അതിരൂപതയിൽ കരുണയുടെ വാതിലുകളുള്ളത്. വലിയ അനുഗ്രഹങ്ങളുടെ അവസരമാണ് വലിയ ആഴ്ച. ഈ സമയം നിങ്ങൾ നന്നായി വിനിയോഗിക്കണം. പാപത്തിനു മരിച്ച് യേശുവിനോട് കൂടെ ഉയിർത്തെഴുന്നേറ്റ് നാം പുതിയ മനുഷ്യരാകണം. ദുഃഖശനിയാഴ്ച പള്ളിയിൽ നിന്ന് ലഭിക്കുന്ന ഹന്നാൻ വെള്ളം കൊണ്ട് നമ്മുടെ വീടുകളിലും മറ്റും വിശുദ്ധീകരിക്കുന്നത് നല്ലതാണ്. ഉയിർപ്പു തിരുനാൾ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും അവസരമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എന്റെ പേരിൽ നിങ്ങൾ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും സന്തോഷകരമായ ഈസ്റ്റർ ആശംസിക്കുമല്ലോ. ഉത്ഥിതനായ ഈശോ നിങ്ങളെ അനുഗ്രഹിക്കട്ടെ.

**ചർച്ചക്കുള്ള ചോദ്യങ്ങൾ**

1. ബൈബിളിൽ കാണുന്ന നോമ്പുകാലചൈതന്യമെന്ത്?
2. സീറോ മലബാർ സഭയിൽ അമ്പത് നോമ്പ് കണക്കാക്കുന്നത് എങ്ങനെ?
3. കരുണയുടെ ജൂബിലി വർഷത്തിന്റെ മുദ്രാവാക്യം, ലോഗോയുടെ അർത്ഥം ഇവ എന്തെല്ലാം?
4. കാരുണ്യപ്രവർത്തികൾ 14 ഏവ?
5. നോമ്പുകാലത്ത് നിങ്ങൾക്ക് ചെയ്യാവുന്ന കാരുണ്യപ്രവർത്തികളേവ?

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

അതിരൂപതയിൽ ഫെബ്രുവരി 14, 21, 28 എന്നീ തിയതികളിൽ മതബോധന വാർഷിക പരീക്ഷകൾ നന്നായി നടത്തുവാൻ സഹായിച്ച എല്ലാ വൈദികരെയും മതബോധന പ്രധാന അധ്യാപകരെയും മറ്റു എല്ലാ അധ്യാപകരേയും നന്ദിയോടെ ഓർക്കുന്നു. വിശ്വാസ പരിശീലനത്തിന് അവധി ഇല്ലാത്തതിനാൽ ഈ വേനൽക്കാല ദിവസങ്ങളിൽ ഇടവകയിലെ മക്കൾക്കും മാതാപിതാക്കൾക്കും വിശ്വാസപ്രബോധന ക്ലാസ്സുകളും പരിപാടികളും ഇടവകതലത്തിൽ സംഘടിപ്പിക്കുവാൻ വികാരിയച്ചന്മാരോടൊപ്പം മതാധ്യാപകരും ശ്രദ്ധിക്കുമല്ലോ.

## 1. Service Award Day – 26th January 2016

ഈ വർഷത്തെ Service Award Day സമുചിതമായി ആഘോഷിച്ചു. രാവിലെ 9:30 മുതൽ പരിപാടികൾ ആരംഭിച്ചു. പ്രാരംഭ സമ്മേളനം അതിരൂപതാ വികാരിജനറാൾ പെ. ബഹു. മോൺ. ജോർജ് കോമ്പാറ ഉദ്ഘാടനം ചെയ്തു. അതിരൂപതയിലെ നവവൈദികർ കാർമ്മികത്വം വഹിച്ച ദിവ്യബലിക്കുശേഷം കത്തിച്ച തിരികളുമായി അധ്യാപകർ പ്രതിജ്ഞയെടുത്തു. അധ്യാപകരുടെ അനുഭവങ്ങൾ പങ്കുവയ്ക്കലും അതെത്തുടർന്നുണ്ടായിരുന്നു. സ്നേഹവിരുന്നിനുശേഷം അവാർഡ്ദാന സമ്മേളനവും നടന്നു.

അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്ത് അവാർഡുദാനം നിർവ്വഹിച്ചു. മേരിമാതാ മേജർ സെമിനാരി റെക്ടർ പെ. ബഹു. ഫാ. ബാബു പാണാട്ടുപറമ്പിൽ യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്റ്റ്യൻ ചെയറിന്റെ ഡയറക്ടർ റവ. ഡോ. പോൾ പുളിക്കൻ, മതബോധനകമ്മീഷൻ സെക്രട്ടറി ശ്രീ എ. എം. ജയ്സൻ മാസ്റ്റർ, മതബോധന അതിരൂപതാ പി. ടി. എ. പ്രസിഡന്റ് ശ്രീ സീജോ ചിറക്കേക്കാരൻ എന്നിവർ ആശംസകൾ നേർന്നു. മതാധ്യാപക പ്രതിനിധി അഡ്വ. ഇ. ഡി. ഫ്രാൻസിസ്, വിദ്യാർത്ഥിപ്രതിനിധി മാസ്റ്റർ ബിലിൻ ബിജു എന്നിവർ മറുപടിപ്രസംഗങ്ങൾ നടത്തി.

മതാധ്യാപകരുടെ Aptitude Examination റാങ്ക് ജേതാക്കൾ, കുട്ടികളുടെ കൈയ്യെഴുത്തുമാസിക സമ്മാനാർഹർ, Std. XII കുട്ടികളുടെ *Misericordiae Vultus* പ്രോഗ്രാമിലെ Forane Stars എന്നിവർക്കുള്ള സമ്മാനദാനവും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു.

SMCC സഭാതലത്തിൽ അവാർഡ് നേടിയ ബിലിൻ ബിജു (പടവരാട്) വിനെ പ്രത്യേകം അഭിനന്ദിച്ചു. SMCC അതിരൂപതാക്യാമ്പിൽ പങ്കെടുത്ത 34 വിദ്യാർത്ഥികൾക്കും സമ്മാനം നൽകി. സഭാതല മത്സരത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മറ്റു മൂന്നുപേരായ ജിസ്മി ഷാജി (സരി

തപുരം), ജാക്സൺ കെ. ജോസ് (മനക്കൊടി), ഏയ്ഞ്ചൽ റോസ് ജോയ് (മുണ്ടൂർ) എന്നിവരെ പ്രത്യേകം ആദരിച്ചു.

വിവിധ അവാർഡുകൾക്കർഹരായ 175 പേരും അവരുടെ കുടുംബാംഗങ്ങളും ഉൾപ്പെടെ അഞ്ഞൂറോളം പേർ രാവിലെ മുതലുള്ള ചടങ്ങുകളിൽ സംബന്ധിച്ചു. മതബോധന കമ്മീഷൻ ജോ. സെക്രട്ടറി റവ. സി. ഹംബലിൻ സി. എം. സി, പി. ടി. എ. സെക്രട്ടറി ബിജു സി.വി. എന്നിവർ പ്രാർത്ഥനാശുശ്രൂഷകൾ നയിച്ചു.

മതബോധന ഡയറക്ടർ ഫാ. റാഫേൽ ആക്കാമറ്റത്തിൽ സദസ്സിനും വിശിഷ്ടാതിഥികൾക്കും സ്വാഗതവും. അസി. ഡയറക്ടർ ഫാ. ജിജോ കപ്പിലാംനിരപ്പേൽ നന്ദിയും നേർന്നു. റവ. ഫാ. ടെൻസ് കുന്നപ്പിള്ളി, റവ. സി. ഫെമി എഫ്.സി.സി., പി. എം. സേവ്യർമാസ്റ്റർ, മതബോധന കമ്മീഷൻ ഭാരവാഹികൾ, അതിരൂപതാ P. T. A. എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ എല്ലാ ചടങ്ങുകൾക്കും നേതൃത്വം നൽകി.

## 2. HM Conference

ഫെബ്രുവരി 7 ന് 02.30 pm-ന് ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ആയിരുന്നു. പരീക്ഷാ നടത്തിപ്പ്, സ്കോളർഷിപ്പ് പരീക്ഷ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സവിസ്തരം ചർച്ച ചെയ്തു.

## 3. Centralised Evaluation Std. XII & ACC

2015 - 2016 അദ്ധ്യയനവർഷത്തിലെ Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യ നിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും മതബോധനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്.

## 4. Scholarship Examinations

**a) School Catechism & Moral Science –9th April 2016 Saturday 02 pm - 04 pm**

***Examination Centres:***

| | | | |
|---|---|---|---|
| 1. | Eravu | - | St. Joseph's Eng. HSS |
| 2. | Mammiyur | - | Little Flower CGHSS |
| 3. | Ollur | - | St. Mary's CGHS |
| 4. | Palakkal | - | Aided LPS |
| 5. | Thrissur | - | Basilica, Mathanikethan |
| 6. | Thrissur East | - | St. Mary's Lourde Cathedral UPS |
| 7. | Wadakkanchery | - | St. Pius X CUPS |

**b) Sunday Catechism – 16th April 2015 Saturday 02 pm - 04 pm**

സ്കോളർഷിപ്പ് ഫോറം കാറ്റകിസം ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. ബ്ലോഗ് അഡ്രസ്സ് **http//.catechismtrichurblogspot.in.** സ്കോളർഷിപ്പ് ഫോറവും അർഹരായ കുട്ടികളുടെ ഉത്തരകടലാസുകളും മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തിയ്യതി മാർച്ച് 15.

*Examination Centres:*

| | | |
|---|---|---|
| 1. | Thrissur Basilica | Mathanikethan (മാതാനികേതൻ) Basilica Dolour's Church, Thrissur |
| 2. | Thrissur Cathedral | St. Mary's Lourde Cathedral |
| 3. | Chelakkara | St. Mary's Church |
| 4. | Cherpu | Lourde Matha EHS |
| 5. | Eravu | St. Theresa's Church |
| 6. | Mammiyoor | Little Flower, C. G. H.S. |
| 7. | Mannampetta | Mary Immaculate Church |
| 8. | Mannuthy | St. Antony's Church |
| 9. | Ollur | St. Mary's CGHS |
| 10. | Palakkal | St. Mathew's Church |
| 11. | Peramangalam | St. Mary's Church |
| 12. | Vijayapuram | Vimala College, Cheroor |
| 13. | Wadakkanchery | Clelia Barbieri Eng. School |
| 14. | West Fort | St. Anne's Church |

**പ്രത്യേകപുസ്തകം**

ഈ വർഷം നാലാം ക്ലാസ്സുമുതൽ ഏഴാംക്ലാസ്സുവരെയുള്ള സ്കോളർഷിപ്പ് പരീക്ഷക്ക് കുട്ടികൾക്കുള്ള പ്രത്യേകപുസ്തകം താഴെ പറയുന്നവയാണ്.

| | |
|---|---|
| for Std. IV | വി. അൽഫോൻസ (Non-detailed Book of Std. V) |
| for Std. V | വി. കുരിയാക്കോസ് ഏലിയാസ് (Non-detailed Book of Std.VI) |
| for Std. VI | വി. ഡൊമിനിക് സാവിയോ (Non-detailed Book of Std. VII ) |

for Std. VII വി. മരിയ ഗൊരേത്തി
(Non-detailed Book of Std. VIII)

സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള ഹാൾ ടിക്കറ്റുകൾ പരീക്ഷയ്ക്ക് 8 ദിവസം മുമ്പുമുതൽ മതബോധനകേന്ദ്രത്തിൽ നിന്നും ലഭ്യമായിരിക്കും. അത് വാങ്ങി കുട്ടികൾക്ക് കൊടുക്കുന്നതിന് മുമ്പ് HM അതിൽ ഒപ്പിടണം.

## 5. Intensive Catechism - ദൈവദർശൻ 2015

ഏപ്രിൽ, മെയ് മാസങ്ങളിൽ മതബോധനയൂണിറ്റുകളിൽ ദൈവദർശൻ ക്യാമ്പ് നടത്തേണ്ടതാണ്. ഒന്നാം ക്ലാസ്സു മുതൽ നാലാം ക്ലാസ്സുവരെയുള്ളവർക്ക് അതാത് യൂണിറ്റുകളുടെ ഉത്തരവാദിത്വത്തിലും അഞ്ചാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സുവരെയുള്ളവർക്ക് മേജർ സെമിനാരിക്കാർ, മറ്റു സന്യസ്തർ, മതാധ്യാപകർ എന്നിവരുടെ നേതൃത്വത്തിലും ആണ് നടത്തേണ്ടതാണ്. ബഹു. മൈനർ സെമിനാരി റെക്ടറച്ചനുമായി നേരത്തെ തന്നെ ബന്ധപ്പെടുക. **Ph: 2420891, 2423196**
കുട്ടികളുടെ ധ്യാനത്തിന് ചിൽഡ്രൻസ് മിനിസ്റ്ററിയെയും സമീപിക്കാവുന്നതാണ്. **Director Ph. 2325336**

## 6. Std. X, XI, XII Duplicate Register

യൂണിറ്റുകളിൽ ഇപ്പോഴുള്ള രജിസ്റ്റർ തീരുന്നതുവരെ ഉപയോഗിക്കുക. പുതിയ രജിസ്റ്റർ പ്രിന്റിംഗിൽ ആണ്. മുമ്പുള്ളത് തീർന്നാൽ പുതിയ രജിസ്റ്റർ വാങ്ങി ഉപയോഗിച്ചു തുടങ്ങാവുന്നതാണ്. ഒരു യൂണിറ്റിലെ വളരെ പ്രധാനപ്പെട്ടരേഖയാണ് ഡൂപ്ളിക്കേറ്റ് രജിസ്റ്റർ എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. 2015-2016 മുതൽ Std. X, XI, XII ലെ വിവരങ്ങളാണ് പ്രധാനമായും എഴുതേണ്ടത്.

Fr. Tens Kunnappilly
Asst. Directors

Fr. Raphael Akkamattathil
Director

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി

**കോഴ്സ് സർട്ടിഫിക്കറ്റ്:**

**Six Months Theology & Correspondence Theology** കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവർക്ക് 2016 ജനുവരി 26 ന് ഡി. ബി. സി. എൽ. സി. യിൽ നടന്ന സർവ്വീസ് അവാർഡ്ദിന സമ്മേളനത്തിൽ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് സർട്ടിഫിക്കറ്റുകൾ നല്കി. വിജയികളായ എല്ലാവർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.

**Correspondence Theology**: കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സ് മാർച്ച് 6 നും മാർച്ച് 20 നും ആയിരിക്കും.

ഈസ്റ്റർ ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ

---

## ബഹു. ആന്റണി തച്ചുപറമ്പിലച്ചൻ

ചേലക്കര സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ ദൈവദാസൻ ബഹു. തച്ചുപറമ്പിലച്ചന്റെ സ്മരണാദിനവും ആദ്യവെള്ളിയാചരണവും വിവിധ ഭക്തകൃത്യങ്ങളോട് 05.02.2016 വെള്ളിയാഴ്ച നടത്തപ്പെട്ടു. രാവിലെ പത്തുമണിയോടെ, ബഹു. സി. അകുലിൻ സി.എം.സി. യുടെ നേതൃത്വത്തിൽ നടന്ന വചന പ്രഘോഷണം ശാന്തവും പ്രേരകശക്തി നിറഞ്ഞതുമായിരുന്നു. വക്രതയിൽ നിന്ന് ഒഴിഞ്ഞു നിൽക്കുവാനും ഹൃദയത്തെ സംരക്ഷിക്കാനും സുഭാഷിതം 4, 23 ഉദ്ധരിച്ചു കൊണ്ട് സിസ്റ്റർ സംസാരിച്ചു. വചനാധിഷ്ഠിതമായ ജീവിതമായിരുന്നു തച്ചുപറമ്പിലച്ചന്റേത് എന്ന് സിസ്റ്റർ ഓർമ്മിപ്പിച്ചു. ബഹു. ദൈവദാസൻ തച്ചുപറമ്പിലച്ചൻ മത്തായി 25, 35 മുതലുള്ള വചനങ്ങൾ മാംസം ധരിപ്പിച്ചവനായിരുന്നു. നഗ്നനെ ഉടുപ്പിച്ചും, വീടും നൽകിയും വിശപ്പും ദാഹവും തീർത്തും. സൗഖ്യം നൽകിയും ഉള്ള അച്ചന്റെ ജീവിതം നമ്മൾ മാതൃകയാക്കണം എന്നും അച്ചൻ പറഞ്ഞു.

**ഫാ. പോൾ പുളിക്കൻ**

# മേരി മാതാ മേജർ സെമിനാരി

**ചെറുപട്ടങ്ങൾ സ്വീകരിക്കാനുള്ള ഒരുക്കം**

പൗരോഹിത്യ സ്വീകരണത്തിനായി ഒരുങ്ങി കൊണ്ടിരിക്കുന്ന ദൈവ ശാസ്ത്ര വിദ്യാർത്ഥികൾക്ക് അതിന് മുന്നോടിയായി സ്വീകരിക്കാനിരിക്കുന്ന കാറോ, ഹെവ്പദിയാക്ക്ന, മ്ശംശാന തുടങ്ങിയ ചെറുപട്ടങ്ങൾക്കായുള്ള ഒരുക്കങ്ങൾ തുടങ്ങി. ബാച്ചടിസ്ഥാനത്തിൽ വ്യത്യസ്ത ചാപ്പലുകളിലായി അവർ ധ്യാനത്തിനും വിശുദ്ധ കുർബ്ബാനയ്ക്കും വിചിന്തനങ്ങൾക്കുമായി സമയം കണ്ടെത്തി.

**സെമിനാരി കുടുംബത്തിലേക്ക് സ്വീകരണം**

ചിയ്യാരം – സേവാനാലയം ഇടവക വികാരിയായി സേവനമനുഷ്ഠിച്ചിരുന്ന ബഹു. സിജോൺ കുഴിക്കാട്ടുമ്യാലിൽ അച്ചൻ സെമിനാരിയിലെ റെസിഡന്റ് സ്റ്റാഫായി നിയമിതനായി. ഫെബ്രുവരി 3–ാം തിയതി സെമിനാരിയിൽ ചാർജ്ജെടുക്കുകയും ബഹു. റെക്ടറച്ചനും സെമിനാരി കുടുംബവും അദ്ദേഹത്തെ സ്വാഗതം ചെയ്യുകയും ചെയ്തു.

സ്നേഹോത്സവം – ഫോളോ അപ്പ്

ഡിസംബർ മാസത്തിൽ സ്നേഹോത്സവം നടത്തിയ ഇടവകകളിൽ ബഹു. വൈദികരുടെ നേതൃത്വത്തിൽ ഒരിക്കൽ കൂടി പോവുകയും ഭവനങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ചെങ്ങാലൂർ, പുത്തൻപീടിക, ഇടവകകളിൽ വൈകീട്ട് സെമിനാരിയിലെ വൈദികരുടെ കാർമ്മികത്വത്തിൽ ബലിയർപ്പിച്ച് ഇടവകജനത്തിന്റെ പ്രാർത്ഥന ചൈതന്യം നിലനിർത്തി.

**വിഭൂതി തിരുനാൾ**

ഈശോയുടെ പീഡാനുഭവ–മരണ–ഉത്ഥാനത്തിന്റെ സ്മരണ ആചരിക്കുന്ന നോമ്പ് കാലത്തിന് തുടക്കമായി വിഭൂതി തിരുനാൾ സെമിനാരി കുടുംബം പ്രാർത്ഥനാപൂർവ്വം ആചരിച്ചു. ബഹു. റെക്ടറച്ചൻ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. നെറ്റിയിൽ ചാരം പൂശി ജീവിത നവീകരണത്തിനും മാനസാന്തരത്തിനും തുടക്കം കുറിച്ചു.

**മാസധ്യാനം**

ആത്മീയ നവീകരണത്തിന്റെ ഭാഗമായി ഫെബ്രുവരി 13–ാം തിയതി മാസധ്യാനം നടന്നു. മാസധ്യാനത്തിന് വിചിന്തനങ്ങൾ പങ്കുവെച്ചത് ബഹു നോബിൾ മണ്ണാറത്ത്, സി.എം.എഫ്. ദൈവത്തിന്റെ ദാനമായ പൗരോഹിത്യം വിലയുള്ളതായി കാണുവാനും അത് അനുഭവിക്കാനും ഈ പരിശീലന കാല

ഘട്ടത്തിൽ തന്നെ നമുക്ക് സാധിക്കണമെന്ന സന്ദേശം അച്ചൻ പങ്കുവെച്ചു.

**ഹാഫ് ഡെ പിക്നിക്**

മാനസിക ഉല്ലാസത്തിനും ആഹ്ലാദത്തിനും വേണ്ടി ഈ വർഷത്തെ ഹാഫ് ഡെ പിക്നിക് ഫെബ്രുവരി 13ന് നടത്തി. സഹോദരന്മാർ തമ്മിലുള്ള ഐക്യവും സ്നേഹവും വർദ്ധിപ്പിക്കാൻ ഈ ദിവസം ഏറെ ഉപകരിച്ചു.

**ഊട്ടുസദ്യ**

സെമിനാരിയുടെ പരിസര നിവാസകളുമായുള്ള പരസ്പര സ്നേഹവും ഐക്യവും സന്തോഷവും പങ്കിടാനായി ഫെബ്രുവരി 14-ാം തിയതി സെമി നാരിയിൽ ഊട്ടുസദ്യ നടത്തുകയുണ്ടായി. സെമിനാരിയെ ഒരു കുടുംബമായ കാണുവാനും സ്നേഹം പങ്കിടുവാനും ഈ കൂടിച്ചേരൽ സഹായകരമായി. മുൻ വർഷങ്ങളിലേതുപോലെ തന്നെ നാട്ടുകാരുടെ നല്ല സഹകരണം ഈ സംഗമത്തിലുണ്ടായിരുന്നു

**പരീക്ഷാക്കാലം**

ഈ അദ്ധ്യയന വർഷത്തിലെ അവസാന സെമസ്റ്റർ പരീക്ഷകൾ ഫെബ്രു വരി 20 മുതൽ മാർച്ച് 14 വരെ നടക്കും. 3-ാം വർഷ ഫെബ്രുവരി 20 മുതൽ മാർച്ച് 14 വരെ നടക്കും. 3-ാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കാ യുള്ള കുമ്പസാരത്തിന്റെ ഫാക്കൾട്ടി പരീക്ഷ ഫെബ്രുവരി 18ന് നടന്നു. മാർച്ച് 15ന് സഹോദരങ്ങൾ അവധിക്കായി തങ്ങളുടെ ഭവനങ്ങളിലേക്ക് പോകും.

**ബേഴ്സ് സ്ഥാപിച്ചവർ**

***Individual Patron Membership***

1. ശ്രീ. ദേവസ്സി ചെരടായി, ചെരടായി കണ്ണംപുഴ ഹൗസ്, പള്ളിക്കുന്ന്

***Individual Benefactor Membership***

1. ഡോ. പയസ് ഇഗ്നേഷ്യസ്, കുത്തൂർ ഹൗസ്, വെള്ളറക്കാട്
2. ശ്രീ. വി.എ. വിൻസെന്റ്, തട്ടിൽ വല്ലച്ചിറക്കാരൻ ഹൗസ്, പൂത്തോൾ
3. ശ്രീ. ജെയ്മോൻ ജോസഫ്, അറക്കത്തിൽച്ചിറ ഹൗസ്, പറവട്ടാനി.

***Individual wellwisher Membership***

1. ശ്രീമതി ലിസി വിൻസെന്റ്, ചെറുവത്തൂർ ഹൗസ്, കടങ്ങോട്

**(റെക്ടർ)**

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

**സൗഹൃദ സന്ദർശനം – സൗഹൃദ മത്സരം**

ഇക്കഴിഞ്ഞ 23-ാം തിയതി പ്രാതിനിധ്യ സ്വഭാവത്തിൽ തൃശ്ശൂർ മൈനർ സെമിനാരി കുടുംബം പാലക്കാട് മൈനർ സെമിനാരി സന്ദർശിച്ച് സൗഹൃദം പുതുക്കി.തദവസരത്തിൽ സംഘടിപ്പിക്കപ്പെട്ട സൗഹൃദ ബാസ്ക്കറ്റ് ബോൾ മത്സരത്തിൽ തൃശ്ശൂർ മൈനർ സെമിനാരി ടീം വിജയം കരസ്ഥമാക്കി.

**റിപ്പബ്ലിക് ദിനാചരണം**

മാതൃരാജ്യത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചുകൊണ്ട് അന്നേദിനം അർപ്പിക്കപ്പെട്ട വിശുദ്ധ കുർബ്ബാനയ്ക്ക് ബഹു. പോൾ പേരാമംഗലത്തച്ചൻ കാർമ്മികത്വം വഹിച്ചു. ദേശീയ പതാക ഉയർത്തിയശേഷം ബഹു. പോളച്ചൻ റിപ്പബ്ലിക്ദിന സന്ദേശം നൽകി.

**പരീക്ഷകൾ**

പ്ലസ് വൺ, പ്ലസ് ടു പഠനം നടത്തിക്കൊണ്ടിരിക്കുന്ന മൈനർ സെമിനാരി വിദ്യാർത്ഥികളുടെ മോഡൽ പരീക്ഷകൾ ഫെബ്രുവരി 8 മുതൽ 19 വരെയുള്ള ദിവസങ്ങളിലായി നടന്നു.

**അഭിവന്ദ്യപിതാക്കന്മാരുടെ ദിവ്യബലിയർപ്പണങ്ങൾ**

ഫെബ്രുവരി 10-ാം തിയതി അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവും ഫെബ്രുവരി 18-ാം തിയതി അഭിവന്ദ്യ താഴത്തുപിതാവും സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു. പരിശീലനം ഫലപ്രദമാക്കാനുതകുന്ന വിധത്തിൽ തിരുവചന സന്ദേശങ്ങളും അഭിവന്ദ്യ പിതാക്കന്മാർ നൽകുകയുണ്ടായി.

**മാസ ധ്യാനം**

2016 ഫെബ്രുവരിയിലെ മാസധ്യാനം 12, 13 തിയതികളിലായിരുന്നു. മൈനർ സെമിനാരിക്കാർക്ക് ബഹു. ഡെന്നി താണിക്കലച്ചനും റീജൻസിക്കാർക്കും ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്കും അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവും ബഹു. റോയ് വടക്കനച്ചനുമാണ് ധ്യാന ചിന്തകൾ നൽകിയത്.

**യാത്രയയപ്പ് കൂട്ടായ്മ**

ഈ അദ്ധ്യയന വർഷം മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കുന്ന വൈദികവിദ്യാർത്ഥികൾക്ക് ഫെബ്രുവരി 19-ാം തിയതി സമുചിതമായ

യാത്രയയപ്പ് നൽകി. അദ്ധ്യാപകരും പരിശീലകരും സതീർത്ഥ്യരും അവർക്ക് പ്രാർത്ഥനാശംസകൾ നേർന്നു. മൈനർ സെമിനാരി ജീവിതത്തിന്റെ ഊഷ്മളത എന്നും ഹൃദയത്തിൽ സൂക്ഷിക്കാനുതകും വിധം യാത്രയയപ്പു കൂട്ടായ്മ സംഘടിപ്പിക്കാൻ കഴിഞ്ഞത് ഏറെ സന്തോഷത്തിന് കാരണമായി.

**ബേഴ്സ് സ്ഥാപിച്ചവർ**

1. സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ചർച്ച്, കാരമുക്ക്, തൃശ്ശൂർ
2. ശ്രീ. ജോഷി കെ.കെ.,കാഞ്ഞിരത്തിങ്കൽ ഹൗസ്, അമല നഗർ, തൃശ്ശൂർ
3. ശ്രീ. ജോൺ സി. ആൻഡ്രൂസ്, ചിറമ്മൽ പെരിങ്ങോട്ടുകരക്കാരൻ ഹൗസ്, അരണാട്ടുകര
4. ശ്രീമതി മേഴ്സി സി. ഒ., W/o. ശ്രീ. ജോൺ സി. ആൻഡ്രൂസ്, ചിറമ്മൽ പെരിങ്ങോട്ടുകരക്കാരൻ ഹൗസ്, അരണാട്ടുകര
5. ശ്രീമതി മേഴ്സി ജോണി, മണ്ടുംപാൽ ഹൗസ്, വെള്ളറക്കാട്
6. ശ്രീ. ഇ.കെ. ഫ്രാൻസീസ് & ശ്രീമതി എൽസി ഫ്രാൻസീസ്, എടക്കളത്തൂർ ഹൗസ്, മുല്ലശ്ശേരി
7. റവ. സിസ്റ്റർ സുപ്പീരിയർ, ലിസ്യു കോൺവെന്റ്, ഗുരുവായൂർ
8. ശ്രീ. ക്രിസ്റ്റോ ജോയ്, ചീനിക്കൽ ഹൗസ്, ബാംഗ്ലൂർ
9. ശ്രീമതി മേരി ജോർജ്ജ്, കുരുതുകുളങ്ങര കരിപ്പായി ഹൗസ്, അരണാട്ടുകര
10. ശ്രീ. കെ. വി. ജോസ് S/o. ശ്രീ. കുറ്റിക്കാട്ട് വറുതുണ്ണി, കുറ്റിക്കാട്ട് ഹൗസ്, തണ്ടിലം
11. റവ. ഫാ. ജോയ് പുത്തൂർ, തൃശ്ശൂർ അതിരൂപത
12. ശ്രീ. ജിമിൻ ഫ്രാൻസീസ് പുല്ലോക്കാരൻ ഹൗസ്, നെല്ലങ്കര, തൃശ്ശൂർ

ജനത്തിന്റെ പ്രാർത്ഥനാ നിയോഗങ്ങളും കാഴ്ചകളും ദൈവസന്നിധിയിലേക്കുയർത്താൻ ജീവിതം സമർപ്പണം നടത്താനൊരുങ്ങുന്ന ഭാവി വൈദികരുടെ പരിശീലനത്തിനായി ത്യാഗപൂർവ്വം കാഴ്ചകളർപ്പിക്കുന്ന നിങ്ങളേവരേയും ഈശോ അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
(റെക്ടർ)

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ആചരിക്കാൻ... 2016 മാർച്ച്**

4 വെള്ളി - ആദ്യ വെള്ളി, വി. കുർബ്ബാന

8 ചൊവ്വ - ലോക വനിതാ ദിനം

19 ശനി - വി. യൗസേപ്പിതാവിന്റെ തിരുനാൾ

20 ഞായർ - ഓശാന ഞായർ

24 വ്യാഴം - പെസഹാ വ്യാഴം

25 വെള്ളി - ദുഃഖവെള്ളി

27 ഞായർ - ഈസ്റ്റർ

**2. അദ്ധ്യാപക സ്ഥലമാറ്റ അപേക്ഷകൾ**

അദ്ധ്യാപകർ സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ മാനേജരച്ചന്റെ ഒപ്പോടുകൂടി 2016 മാർച്ച് 31-ാം തിയതി വ്യാഴാഴ്ചക്കം ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. രണ്ടു അദ്ധ്യയനവർഷം പൂർത്തിയായവർക്ക് അപേക്ഷക സമർപ്പിക്കാവുന്നതാണ്.

**3. മെയിന്റൻസ് ഗ്രാന്റ്**

മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ തയ്യാറാക്കി സമയത്തിന് ഡിപ്പാർട്ടുമെന്റിൽ ഹാജരാക്കി ട്രഷറിയിൽ അടച്ച് സംഖ്യ കിട്ടുന്നതിനുള്ള ക്രമീകരണങ്ങൾ പ്രധാന അദ്ധ്യാപകർ നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

**4. അനദ്ധ്യാപക സ്റ്റാഫ് യോഗം**

ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്ന അനദ്ധ്യാപക സ്റ്റാഫ് അംഗങ്ങളുടെ ഒരു യോഗം അതിരൂപത ഫാമിലി അപ്പോസ്റ്റോലെറ്റ് സെന്റർ ഓഡിറ്റോറിയത്തിൽ വെച്ച് 13.02.16ന് ശനിയാഴ്ച കൂടുകയുണ്ടായി. വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി യോഗം ഉദ്ഘാടനം ചെയ്തു. ശ്രീ. പി.ഡി. ജോസ് ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.

## Corporate Educational Agency Archdioces of Trichur- Retirement List - 2015 - 2016

| Sl.No. | Name | Designation | Date of Birth | Subject | School from where the retirement effects | Parent School |
|---|---|---|---|---|---|---|
| 1. | Sherly John | Headmistress | 14.05.60 | - | St. Antonys HSS. Pazhuvil | H.S.S. Thiroor |
| 2. | Peter C. Paul | Headmaster | 29.05.60 | - | St. Sebatian's H.S. Mannamangalam | H.S. Chittattukara |
| 3. | Joycy C.L. | Headmistress | 11.11.59 | - | St. Antonys UP.S Kodannur | H.S. Mannamangalam |
| 4. | Jancy Thomas K. | HSST | 17.11.59 | Sociology | St. Antonys' H.S.S. Pudukad | LPS Pavaratty |
| 5. | Sheela N.L. | HSST | 09.03.60 | English | St.Thomas CHSS Thrissur | HSS Thope, Thrissur |
| 6. | Laly M.O. | HSST | 31.05.60 | Malayalam | CJMAHSS, Varandarappilly | H.S. Mannampetta |
| 7. | Pushpa A.S. | HSA | 20.02.60 | Malayalam | St.Thomas CHSS, Thrissur | HSS, Thiroor |
| 8. | Usha Thomas C. | HSA | 26.04.60 | Natural Scien. | CJMAHSS, Varandarappilly | HSS Avinissery |
| 9. | Gracy Antony Chiramel | ,, | 18.04.60 | Physical Scien. | St. Antony's H.S.S. Pudukad | H.S. Aranattukara |
| 10. | Rosi T.A. | HSA | 09.05.60 | ,, | St. Thomas H.S.S. Thiroor | H.S.S. Thiroor |
| 11. | Girija P. | HSA | 16.01.60 | ,, | St.Sebastian's H.S., Chittattukara | HS Mannamangalam |
| 12. | Reetha D. Pulikkottil | HSA | 30.05.60 | ,, | ,, | LPS Mariapuram |
| 13. | Lizy E.J | ,, | 26.12.59 | Mathematics | ,, | H.S. Mannampetta |
| 14. | Reeni V. Kuriakose | HSA | 31.05.60 | ,, | St. Joseph's H.S. Enamakkal | UPS Kottapadi |
| 15. | Lucy V.J. | HSA | 13.05.60 | Sanskrit | St. Sebastian's H.S.Chittatkara | H.S.S. Velupadam |
| 16. | Elsa A.K. | ,, | 28.05.60 | Social Scie. | St.Antony's HSS Pazhuvil | UPS Mukkattukara |
| 17. | Alice T. John | ,, | 30.05.60 | ,, | Tharakan's H.S. Aranattukara | H.SS Vallachira |
| 18. | Visalakshy A.L. | ,, | 06.12.59 | Hindi | Matha H.S. Mannampetta | H.S. Mannampetta |

| | | | | | |
|---|---|---|---|---|---|
| 19. Sheela M.R. | ,, | 09.12.59 | ,, | St. Thomas H.S.S. Thiroor | HSS Vallachira |
| 20. Lali D. Pulikken | ,, | 19.03.60 | ,, | St. Joseph's HSS Avinissery | HSS Velupadam |
| 21. Anie Francis Thekkath | ,, | 26.05.60 | Hindi | St. Antony's HSS Ammadam | HSS Varandarappilly |
| 22. Mary K.E. | UPSA | 15.10.59 | - | St.Marys UPS Lourdes, Thrissur | H.S. Aranattukara |
| 23. Alphonsa T.A | ,, | 24.10.59 | - | Tharakan's H.S.Aranattukara | H.S.S. Engandiyur |
| 24. Rosa K.L | ,, | 17.11.59 | - | St.Xavier's H.S. Chevoor | HS Aranattukara |
| 25. Magy Paul | ,, | 08.01.60 | - | St.Mary's UPS Lourdes, Thrissur | H.S. Mannampetta |
| 26 T. Daisy Lazar | ,, | 09.01.60 | - | St . Xavier UPS Velur | LPS Kuriachira |
| 27. Molly T.J. | ,, | 20.03.60 | - | St. Thomas HSS Thiroor | HSS Pazhuvil |
| 28. E.A Anny | ,, | 15.05.60 | - | St. Joseph H.S. Enamakkal | HSS Engandiyur |
| 29. Sobha N.V. | UPSA | 20.05.60 | | St. Thomas H.SS. Engandiyur | HSS Engandiyur |
| 30. Kochuthressia K.V. | ,, | 01.06.60 | - | RCUPS Kottapadi | UPS Kundannur |
| 31. Layoni E.R. | LPSA | 01.09.59 | - | St.Mary's LPS. Enamakkal | UPS Thoyakkavu |
| 32. Alphonsa A.E. | ,, | 30.11.59 | | St. Francis Xavier's R.C.U.P.S Vatanappilly | UPS Manalur |
| 33. Mini E.T. | ,, | 15.01.60 | | St. Thomas LPS Palayoor | LPS Mullassery |
| 34. Anna Daisy | ,, | 17.02.60 | | St. Thomas LPS,Arthat | LPS Wadakanchery |
| 35. P.T. Mercy | ,, | 18.03.60 | | St. Joseph's H.S. Enamakkal | H.S. Enamakkal |
| 36. Gracy Kanjirathingal | ,, | 03.05.60 | | St.Joseph's LPS. Pavarattty | UPS Kottapadi |
| 37. Geena Cherian K. | LPSA | 03.05.60 | | St. Thomas LPS Palayoor | LPS Palayoor |
| 38. Dolly M.J | ,, | 03.05.60 | | St. Mary's RCLPS Valappad | HSS Puthenpeedika |
| 39. Mary Anto C. | ,, | 08.05.60 | | St. Joseph's LPS Pavaratty | HSS Mayannur |

| | | | | | |
|---|---|---|---|---|---|
| 40. Philomina V.R. | ,, | 27.05.60 | | St.Mary's, LPS Puthumanssery | HS Mannampetta |
| 41. Mary Candida P.P. | PET | 02.05.60 | | St.Marys H.S., Chengaloor | HS Mannamangalam |
| 42. Joy K.V. | PET | 30.05.60 | | St. Sebastians H.S. Chittattukara | HSS Vallachira |
| 43. James C.T. | Drawing | 20.05.60 | | St. Thomas HSS. Thope, Thrissur | HSS Vallachira |
| 44. Varghese Antoy | Drawing | 28.05.60 | | St. Thomas CHSS Thrissur | HSS Thiroor |
| 45. Sathy P. | Music | 28.03.60 | | St. Joseph's H.S. Enamakkal | H.S.S. Vallachira |
| 46. Thressia K.O | Clerk | 15.09.59 | | Tharakan's H.S. Aranattukara | Direct |
| 47. Ritha AP | Clerk | 28.11.59 | | St. Thomas HSS Thope, Thrissur | H.S. Chevoor |
| 48. Alice N.I. | ,, | 08.04.60 | | St.Antony's H.S.S. Pudukad | HS. Mannamangalam |
| 49. Varghese T.P. | ,, | 22.05.60 | | St. Joseph's HSS Avinissery | HSS Pazhuvil |
| 50. K.A. Thomas | Office Atten. | 07.12.59 | | St. Joseph's HSS Velupadam | HSS Velupadam |

Note : Parent School Means

(a) School from where the nomination is received or (b) School at which the teacher on worked as on 31.03.1971

2. Nominatin facility in present school is only applicable to this Archdiocese

3. The School canot enjoy the Nomination facilty if there is division fall in previous years.

4. If the retirement vacancy arises in the protected post, the school will not enjoy the Nomination facility

5. The final list of Nomination will be published only after the managers meeting

6. Irregulaties on parent school will be clarified at the time of managers, meeting, if any

## LEAST LEAVE - LIST OF STAFF MEMBERS 2015

| Sl. No. | Name | Designation | Days | School |
|---|---|---|---|---|
| 1. | Ouseph T.V. | HSST- English | Nil | St. Joseph's H.S.S., Avinissery |
| 2. | Jelips Paul K. | HSA | Nil | St. Sebastian's H.S. Mannamangalam |
| 3. | Jayadevan K.R. | HSA | Nil | St. Sebastian's H.S. Mannamangalam |
| 4. | Sinesh K.V. | Lab Assistant | Nil | C.J.M.A.H.S.S. Varandarappilly |
| 5. | Bijil C.J. | Lab Assistant | Nil | St.Joseph's HSS Avinissery |
| 6. | Thomas M.J. | HSST, Commerce | 1 | St. Joseph's HSS Avinissery |
| 7. | Johnson P.A. | HSST (Jr.) Commerce | 1 | St.Thomas H.S.S. Engandiyur |
| 8. | Gincy Jose K. | Full Time Menial | 2 | St. Antony's HSS Ammadam |
| 9. | Johnson C.V. | Headmaster | 2½ | St.Sebastian's H.S. Chittattukara |
| 10. | Gilse A Pallan | HSST Zoology | 2½ | St. Antony's H.S.S. Pudukad |
| 11. | Ruby E.K. | LPSA | 3½ | St. Sebastians's HS. Chittattukara |
| 12. | Beena A.M. | LPSA | 4 | A.L.P.S., Thiruvenkidom |
| 13. | Jastin K.J. | Lab Assistatn | 4 | St. Thomas HSS, Mayannur |
| 14. | Beena T.T. | Headmistress | 4½ | St. Antony's LPS, Attupuram |
| 15. | Jesy P.C. | UPSA | 4½ | St. Thomas C.H.S.S, Thrissur |

**Fr. Antony Chembakssery**
Corporate Manager

# ബൈബിൾ അപ്പസ്തോലേറ്റ്

Ph: 0487-2320780; E-mail: trichurbibleapostolate@gmail.com

**അവാർഡ് ഡേ – 2016**

അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെ അവാർഡ് ഡേ 2016 ജനുവരി 26ന് തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് നടന്നു. ഒരു വർഷം നീണ്ട ലോഗോസ് മഹോത്സവത്തിന് കൊടിയിറക്കികൊണ്ടുള്ള ചടങ്ങിനു പടവരാട് ആശാഭവനിലെ കുട്ടികളുടെ വചനം വിതച്ചുകൊണ്ടുള്ള രംഗപൂജയിലൂടെ തുടക്കം കുറിച്ചു. ലോഗോസ്, ഇതര ലോഗോസ് – ടീച്ചേഴ്സ്, സിസ്റ്റേഴ്സ്, ഫാമിലി, യൂത്ത്, കാറ്റിക്കിസം, വചനമെഴുത്ത്, അതിരൂപതാ അതിർത്തിയിലുള്ള ജാതി-മത-ഭേദമെന്യ എല്ലാ സ്കൂൾ കുട്ടികൾക്കുമായി നടത്തിയ ബൈബിൾ വർണ്ണങ്ങൾ തുടങ്ങിയ മത്സര

ങ്ങളിൽ വിജയം നേടിയ 4000ത്തോളം പേരോടൊപ്പം സംസ്ഥാനതലത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയവരെക്കൂടി ആദരിച്ച ചടങ്ങിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അദ്ധ്യക്ഷനായിരുന്നു. വചനം ജീവൻ പകരുന്നതാണെന്നും അനുഭവിക്കാൻ – അനുഭവവേദ്യമാക്കാൻ വചന പഠനത്തിലൂടെ സാധ്യമാക്കട്ടെയെന്ന് പിതാവ് ആശംസിച്ചു. വചനത്തിന്റെ വഴികളെ സ്നേഹത്തോടെ തേടുന്നവരാകാൻ – ജീവിതയാഥാർത്ഥ്യങ്ങ ളിൽ വചനത്തിന്റെ ശക്തിയിൽ ആശ്രയിക്കാൻ – ഇനിയും വചന മനന ത്തിലൂടെ തമ്പുരാന് സ്നേഹസാക്ഷ്യമേകാൻ ഓരോരുത്തർക്കും കഴിയ ട്ടെയെന്ന് ഓർമ്മപ്പെടുത്തികൊണ്ട് അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവ് സമ്മേള്ളനത്തിന് ഭദ്രദീപം തെളിച്ചു ഉദ്ഘാടനം ചെയ്തു. റിപ്പ ബ്ളിക് ദിനത്തിന്റെ സന്ദേശം നല്കികൊണ്ട് തൃശ്ശൂരിന്റെ സ്വന്തം എം. എൽ. എ അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ ചടങ്ങിൽ മുഖ്യതിഥിയായിരു ന്നു. സമർപ്പിത വർഷത്തിൽ നടത്തിയ ലോഗോസ് ക്വിസ് മത്സരവിജയി കൾക്ക് ആശംസകളേകികൊണ്ട് SABS പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ലിറ്റിൽ മരിയ അനുഗ്രഹ പ്രഭാഷണം നടത്തി. സംസ്ഥാന സമർപ്പിത പ്രതിഭ എന്ന വലിയ സമ്മാനത്തിലൂടെ അതിരൂപതയുടെ പൊൻതിലക മായ സി. ജിയോ തെരേസ് SABSനെ സമ്മേള്ളനത്തിൽ പ്രത്യേകം അനു മോദിച്ചു. പ്രതിഭകളെ ആദരിക്കുന്നതിനായി ബഹു. ഫാ. ഫ്രെഡറിക് എലു വത്തിങ്കൽ, ഫാ. ജോർജ്ജ് നിരപ്പുകാലയിൽ, ഫാ. ബൈജു ചാക്കേരി, ഫാ. ഡേവിസ് തെക്കേകര, ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത്, സി. തേജ CMC എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

ബൈബിൾ അപ്പസ്തോലേറ്റ് കൂട്ടായ്മയിൽ കൂടെ കൈകോർത്ത എല്ലാ വളണ്ടിയേഴ്സിനും, ബ്രദേഴ്സിനും, ലോഗോസ് ഇൻ ചാർജ്ജേ ഴ്സിനും ബഹു. അച്ചന്മാർക്കും, മതാദ്ധ്യാപകർക്കും, സിസ്റ്റേഴ്സിനും, നല്ല മനസ്സുകാണിച്ച എല്ലാവർക്കും നന്ദി നേരുന്നു.

**സ്വാഗതം:**

ബൈബിൾ അപ്പസ്തോലേറ്റിന്റെ അസി. ഡയറക്ടറായി ചാർജ്ജെ ടുത്ത ഫാ. ലിജോ ജോസ് ചിരിയങ്കണ്ടത്തിന് ബൈബിൾ അപ്പസ്തോ ലേറ്റ് കൂട്ടായ്മയിലേക്ക് സ്വാഗതം...

**കുരിശിന്റെ വഴിയെ....**

ആധുനിക ലോകത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് സോഷ്യൽ നെറ്റ്വർക്കിലൂടെ – ബെത്‌ലേഹെമിലേക്ക് – എന്ന പേരിൽ ക്രിസ്തുമസ് സന്ദേശങ്ങൾ നല്കിയ പുതിയ സംരംഭത്തെ സന്തോഷ ത്തോടെ സ്വീകരിച്ച ഏവർക്കും നന്ദി നേരുന്നു. ഇതിന്റെ തുടർച്ചയെ

ന്നോണം ഈ 50 നോമ്പിലും അനുതാപത്തിന്റെയും പരിത്യാഗത്തിന്റെയും സന്ദേശങ്ങളുമായി -കുരിശിന്റെ വഴിയെ... - എന്ന പേരിൽ തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ പിതാവിന്റെ 50 ദിവസത്തെ 2.30 മിനിറ്റ് നീളുന്ന വീഡിയോ വചനസന്ദേശങ്ങൾ ഓരോ ദിവസവും രാവിലെ Whats App, Facebook, Youtube മാധ്യമങ്ങൾ വഴി ലോകമെമ്പാടുള്ള വിശ്വാസികൾക്ക് അയച്ചുകൊടുക്കുന്നു. ഉത്ഥാനത്തിന്റെ മഹത്വത്തിലേക്ക് ഈ 50 ദിവസവും കുരിശിന്റെ വഴിയെ.... നമുക്കൊരുമിച്ച് യാത്രാ ചെയ്യാം...

ഈ സന്ദേശങ്ങൾ ലഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് Whats App നമ്പറിലോ(+919447721976), Facebook അക്കൗണ്ടിലോ (bibleapostolate.trichur) ബന്ധപ്പെടാവുന്നതാണ്

ഫാ. ഫ്രാൻസീസ് കൂത്തൂർ
**ഡയറക്ടർ**

## ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

**സ്വാഗതവും അഭിനന്ദനവും**

- തൃശൂർ എഡ്യുക്കേഷണൽ ട്രസ്റ്റിന്റെ പ്രസിഡന്റും ജ്യോതി എഞ്ചിനീയറിംഗ് കോളേജ് മാനേജരുമായി ചാർജ്ജെടുത്ത മോൺ. തോമസ് കാക്കശ്ശേരി അച്ചനും ട്രസ്റ്റിന്റെ സെക്രട്ടറിയായും കോളേജിന്റെ അക്കാദമിക്, അഡ്മിനിട്രേഷൻ കാര്യങ്ങളുടെയും പുതിയ അസി. മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, ട്രസ്റ്റിന്റെ ട്രഷററും കോളേജിന്റെ ഫിനാൻസ് മാനേജരുമായ ഫാ. ജോജു ചിരിയൻങ്കണ്ടത്ത്, കോളേജിലെ പ്രോജക്ടുകളുടെ മേൽനോട്ടം വഹിക്കുന്ന പുതിയ അസി. മാനേജർ ഫാ. ജിന്റോ പേരേപ്പാടൻ എന്നിവർക്ക് ജ്യോതി കുടുംബത്തിന്റെ അഭിനന്ദനങ്ങളും സ്വാഗതവും, ഫെബ്രുവരി 5ന് നടന്ന സ്റ്റാഫ് മീറ്റിംഗിൽ ബഹുമാനപ്പെട്ട പ്രിൻസിപ്പൽ ഡോ. കെ കെ. ബാബു രേഖപ്പെടുത്തി.

**യാത്രയയപ്പ്**

- സ്ഥലം മാറിപ്പോകുന്ന, കോളേജ് എക്സിക്യൂട്ടീവ് മാനേജരും, ട്രസ്റ്റ് സെക്രട്ടറിയുമായ റവ. ഫാ. ജോസ് പുന്നോലിപ്പറമ്പിലിന് കോളേജിന്റെ നേതൃത്വത്തിൽ യാത്രയയപ്പ് നല്കി.

- ജനുവരി 12ന്, സിവിൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വ

ത്തിൽ "ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് – പാസ്റ്റ്, പ്രസന്റ് & ഫ്യൂച്ചർ" എന്ന വിഷയത്തിൽ ഒരു ഏകദിനസെമിനാർ സംഘടിപ്പിച്ചു. ശ്രീമതി. ശ്രീല (അസോസിയേറ്റ് പ്രൊഫസർ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്) സെമിനാറിന് നേതൃത്വം നല്കി.

- ജനുവരി 12, 13 തിയ്യതികളിലായി കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ അദ്ധ്യാപകർക്കായി ഹഡൂപ്പ് & ആർ പ്രോഗ്രാമിംഗ് എന്ന വിഷയത്തിൽ ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. ശില്പശാലയുടെ ഉദ്ഘാടനം കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. വി.ഐ.ടി. യൂണിവേഴ്സിറ്റിയിലെ ഡോ. സെയ്ദ് ഇബ്രാഹിം ശില്പശാലയ്ക്ക് നേതൃത്വം നല്കി. വിവിധ കോളേജുകളിൽ നിന്നായി 50ലേറെ അദ്ധ്യാപകർ ശില്പശാലയിൽ പങ്കെടുത്തു.

- മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ സൊസൈറ്റി ഓഫ് ഓട്ടോമാറ്റീവ് എഞ്ചിനീയേഴ്സ്, ജ്യോതിയിലെ സ്റ്റുഡന്റ്സ് ചാപ്ടറിന്റെ ഉദ്ഘാടനം ജനുവരി 22ന് ഡോ. എസ്. കരുണാനിധി (Scientist G, Director, Control Systems Laboratory, Hydrabad) നിർവ്വഹിച്ചു.

- ഗ്രാമങ്ങളിലെ അർഹരായ കുട്ടികളെ കണ്ടെത്തി ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രോത്സാഹിപ്പിക്കുന്ന എന്ന ലക്ഷ്യത്തോടെ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് രൂപകല്പന ചെയ്തിരിക്കുന്ന അസ്ത്രജ്യോതിയുടെ ഒന്നാം സമ്മാനമായ 20,000 രൂപയും സൗജന്യ ജ്യോതിയിൽബി.ടെക് പഠനവും വിഷ്ണു ആർ. നായരും, ആദിത് വിഷ്ണുവും (ഹരിശ്രീ വിദ്യാനികേതൻ, തൃശൂർ) കരസ്ഥമാക്കി. രണ്ടാം സമ്മാനമായ 10,000 രൂപയും സൗജന്യ ബി.ടെക്. പഠനവും കാർത്തിക് ശ്രീദേവൻ, അശ്വിൻ സതീഷ് നായർ (സന്ദീപനി വിദ്യാനികേതൻ, തൃശൂർ) എന്നിവരും മൂന്ന്, നാല്, അഞ്ച് സ്ഥാനക്കാർക്കുള്ള 5000, 3000, 2000 രൂപയുടെ ക്യാഷ് പ്രൈസും 50% ഫീസിളവോടെയുള്ള ബി.ടെക് പഠനവും അലോക് പെല്ലിശ്ശേരി, ആന്റണി ജെയ്സൺ (നാഷണൽ ഹയർസെക്കന്ററി സ്ക്കൂൾ, ഇരിങ്ങാലക്കുട), വിഷ്ണു ആർ നായർ, സഞ്ചയ് സന്തോഷ് (കേന്ദ്രീയ വിദ്യാലയ, കഞ്ചിക്കോട്), സ്യൂനി പയസ്സ്, ആനന്ദ് മാത്യു (നിർമ്മലമാതാ സെൻട്രൽ സ്ക്കൂൾ, തൃശൂർ) എന്നിവരും കരസ്ഥമാക്കി. പങ്കെടുത്ത മറ്റ് 53 സ്ക്കൂളുകളിൽ നിന്നുള്ള രണ്ടു വീതമുള്ള ടീം അംഗങ്ങൾക്ക് നാലുവർഷ ബി.ടെക് പഠനത്തിന് 40,000/- രൂപയുടെ സ്ക്കോളർഷിപ്പ് നല്കുന്നതുമാണ്.

തുടർന്ന് കോളേജ് വിദ്യാർത്ഥികൾക്കായി നടന്ന അസ്ത്ര ക്വിസ് മത്സര

ത്തിൽ ഒന്നാം സമ്മാനമായ 15,000 രൂപ അശ്വിൻ മോഹൻ, അമൽ ജോർജ്ജ് (ഗവ. എഞ്ചിനീയറിംഗ് കോളേജ്, തൃശൂർ), രണ്ടാം സമ്മാനമായ 7000 രൂപ അരുൺഘോഷ്, ദീപക്ക് (ഗവ. മെഡിക്കൽ കോളേജ്, തൃശൂർ), മൂന്നാം സമ്മാനമായ 3000 രൂപ സോഹൽ (കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം), നന്ദു അശോക് (എം.ഐ.ടി.എസ്., എറണാകുളം) എന്നിവർ കരസ്ഥമാക്കി.

- ഫെബ്രുവരി 4,5 തിയ്യതികളിലായി ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഐ.എസ്.ടി.ഇ. യുമായി സഹകരിച്ച് IIOT എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

- കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസമേഖലയിലെ ശാസ്ത്ര മാനവിക വിഷയങ്ങളിൽ ഉളവാകുന്ന പ്രശ്നങ്ങളേയും, വെല്ലുവിളികളേയും, നൂതനമാർഗ്ഗങ്ങളേയും കുറിച്ചുള്ള ദ്വിദി അദ്ധ്യാപക ശില്പശാല ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ഫെബ്രുവരി 4,5 തിയ്യതികളിൽ സംഘടിപ്പിച്ചു.. കോളേജ് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു അദ്ധ്യക്ഷത വഹിച്ച ശില്പശാലയുടെ ഉദ്ഘാടനം പത്മശ്രീ. ഡോ. സുന്ദർ മേനോൻ നിർവ്വഹിച്ചു. അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, അഡ്മിനിട്രേറ്റർ തോമസ് മാത്യു എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

**അഭിനന്ദനങ്ങൾ**

- ഇന്ത്യൻ നിയമവ്യവസ്ഥകളെയും വ്യവഹാരങ്ങളേയും അറിയുവാനും സംവദിക്കാനും പരാതികൾ നേരിട്ട് അയയ്ക്കുവാനും അതിന്റെ പുരോഗതി അറിയുവാനുമായി ഒരു മൊബൈൽ അപ്ലിക്കേഷൻ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ഒരു കൂട്ടം വിദ്യാർത്ഥികൾ തയ്യാറാക്കിയിരിക്കുന്നു. കേരള ഗവൺമെന്റിന്റെ ഐ.സി.ടി. അക്കാദമിയുടെ നേതൃത്വത്തിൽ കേരളത്തിലെ വിദ്യാർത്ഥികൾക്കായി നടത്തിയ സ്റ്റാർട്ട് അപ്പ് മത്സരത്തിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ വരുൺ മേനോൻ നെല്ലൂർ, ആഷിത് വിൽസൺ, മനു സി. പോൾ, സ്റ്റെഫി അക്കര, അമൃത എന്നിവരടങ്ങിയ ടീം ഒന്നാം സമ്മാനമായ ഒരു ലക്ഷം രൂപയും ട്രോഫിയും കരസ്ഥമാക്കി. പ്രധാനമന്ത്രിയുടെ ഡിജിറ്റൽ ഇന്ത്യയുടെ സന്ദേശം ഉൾക്കൊണ്ടുകൊണ്ടാണ് ഇത് തയ്യാറാക്കിയതെന്നും നിയമവഴികളിലെ സങ്കീർണ്ണതകളെ ലഘൂകരിക്കാൻ ഇതുവഴി സാധിക്കുമെന്നും വിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടു.

**ഫാ. റോയ് ജോസഫ് വടക്കൻ**
**പി.ആർ.ഒ**

**ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
**എക്സിക്യൂട്ടീവ് മാനേജർ**

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) തൃശ്ശൂർ

### റിപ്പബ്ലിക് ദിന പരേഡിൽ എൻസിസി ടീമിനു നേട്ടം

റിപബ്ലിക് ദിനത്തോടനുബന്ധിച്ച് ജില്ലാതലത്തിൽ ജില്ലാ ഭരണകൂടം സംഘടിപ്പിച്ച സെറിമോണിയൽ പരേഡിൽ ആകുട്ടികളുടെ എൻസിസി ടീം ഓം സ്ഥാനം കരസ്ഥമാക്കി. അന്നേ ദിവസം തന്നെ കോർപ്പറേഷൻ സംഘ ടിപ്പിച്ച മാർച്ച് പാസ്റ്റ് മത്സരത്തിൽ സെന്റ് തോമസ് കോളേജ് വനിതാ എൻസിസി ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി.

### മുൻ പ്രിൻസിപ്പാൾ റവ. ഫാ. നിക്കോളാസ് അന്തിക്കാട്ടിന് ആദരാഞ്ജലികൾ

സെന്റ് തോമസ് കോളേജിന്റെ മുൻ പ്രിൻസിപ്പാളും ദീർഘകാലം ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകനുമായിരുന്ന റവ. ഫാ. നിക്കോളാസ് അന്തിക്കാട്ടിന് കോളേജും ഫിസിക്സ് ഡിപ്പാർട്ട്മെന്റും പ്രത്യേകം ആദരാഞ്ജലികൾ അർപ്പിച്ചു. കോളേജിൽ വച്ചുനടന്ന അനുശോചന മീറ്റിംഗിൽ മുൻ പ്രിൻസിപ്പാൾ റവ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ അനുസ്മരണ പ്രഭാഷണം നടത്തി.

### ലഹരിവിരുദ്ധ ബോധവൽക്കരണം

യുവാക്കളിലെ ലഹരി ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുകയെന്ന ലക്ഷ്യവുമായി കോളേജിലെ ആന്റി നർക്കോട്ടിക്സ് വിംഗ്, ജില്ലാ പോലിസുമായി സഹകരിച്ച് സെമിനാർ നടത്തി. സെന്റ് തോമസ് കോളേജ് ജൂബിലി ബ്ലോക്കിൽ നടന്ന സെമിനാർ പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ ഉദ്ഘാടനം ചെയ്തു. എ.എസ്.ഐ. ബാബു സെമിനാറിനു നേതൃത്വം വഹിച്ചു. വൈസ് പ്രിൻസിപ്പാൾ റവ. ഫാ. ബൈജു ചാക്കേരി സ്വാഗതവും പി.ആർ.ഒ. ഡോ. ഡെയ്സൻ പാണേങ്ങാടൻ നന്ദിയും പറഞ്ഞു.

### കോളേജിൽ ഫുഡ് ഫെസ്റ്റും സ്പോട്സ് ഡേയും

വിവിധ ഡിപ്പാർട്ട്മെന്റുകളുടെ സ്റ്റാളുകളുമായി കോളേജിൽ ഫുഡ്ഫൈസ്റ്റ് സംഘടിപ്പിച്ചു. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും പ്രത്യേക ഗെയിംസ് മത്സരങ്ങളുമായി സ്പോർട്സ് മീറ്റ് പ്രയാ-2015 കോളേജിൽ സംഘടിപ്പിച്ചു.

### സുവോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ തണ്ണീർതട ദിനാചരണം സംഘടിപ്പിച്ചു

സുവോളജി ഡിപ്പാർട്ട്മെന്റും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെയും ആഭിമുഖ്യത്തിൽ ലോക തണ്ണീർതട ദിനാച

രണം കോളേജിൽ സംഘടിപ്പിച്ചു. അസിസ്റ്റന്റ് ഫോറസ്റ്റ് കസർവേറ്റർ പി. എൻ. പ്രേമചന്ദ്രൻ ഉദ്ഘാടനം ചെയ്ത യോഗത്തിൽ പ്രിൻസിപ്പാൾ ഡോ. ജെൻസൻ പി.ഒ. അദ്ധ്യക്ഷനായിരുന്നു. പ്രമുഖ പരിസ്ഥിതി പ്രവർത്തക ഡോ. ലത ആനന്ദ മുഖ്യപ്രഭാഷണം നടത്തി. വകുപ്പ് മേധാവി ഡോ. ഫ്രാൻസി കാക്കശ്ശേരി സ്വാഗതവും കൺവീനർ ഡോ. ബ്രിട്ടോ ജോസഫ് നന്ദിയും പറഞ്ഞു.

**ഫിസിക്കൽ എജുക്കേഷൻ ഡിപ്പാർട്ട്മെന്റിനു നേട്ടം**

കാലടി ശ്രീ ശങ്കര കോളേജ് അഖില കേരള അന്തർ കലാലയ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് സെന്റ് തോമസ് കോളേജ് ഫുട്ബോൾ ടീം ചാമ്പ്യന്മാരായി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സെന്റ് മേരീസ് കോളേജിൽ വച്ചു നട യോഗ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ ടീം ഹാട്രിക് വിജയവും പെൺകുട്ടികളുടെ ടീം രണ്ടാംസ്ഥാനവും കരസ്ഥമാക്കി.

**ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ അദ്ധ്യാപകരുടെ സെമിനാർ**

ഫിസിക്സ് ഡിപാർട്ട്മെന്റിന്റെ നേതൃത്വത്തിൽ കോളേജ് അദ്ധ്യാപകർക്കായി കംപ്യൂട്ടേഷണൽ ഫിസിക്സ് എന്ന വിഷയത്തിൽ ദ്വിദിന ശിൽപശാല നടത്തി. കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നു അദ്ധ്യാപകർ പങ്കെടുത്ത സെമിനാറിന് വകുപ്പ് മേധാവി പ്രൊഫ. സി.എ. ഇനാശു നേതൃത്വം വഹിച്ചു. പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ ഉദ്ഘാടനം നിർവഹിച്ചു. ബർസാർ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് ആശംസകളർപ്പിച്ചു. പ്രൊഫ. പി.എം. ജോയി സ്വാഗതവും, പ്രൊഫ. ജോൺ കിഴക്കൂടൻ നന്ദിയും പറഞ്ഞു.

**കെമിസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ പ്രൊഫ. കെ.പി. ആന്റണി അനുസ്മരണ പ്രഭാഷണം**

തൃശൂർ: സെന്റ് തോമസ് കോളേജ് രസതന്ത്ര വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രൊഫ. കെ.പി. ആന്റണി അനുസ്മരണ പ്രഭാഷണം അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. കെമിസ്ട്രി ഫോർ ഫൺ എന്ന വിഷയത്തെ ആസ്പദമാക്കി, അമേരിക്കയിലെ സ്റ്റോണി ബ്രൂക്ക് യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. സി.വി. കൃഷ്ണൻ പരീക്ഷണങ്ങളിലൂടെ അനുസ്മരണ പ്രബന്ധം അവതരിപ്പിച്ചു.

**ബോട്ടണിയുടെ നേതൃത്വത്തിൽ യൂഫ്രേഷ്യ**

സസ്യശാസ്ത്ര വിദ്യാർത്ഥി വിദ്യാർത്ഥിനികൾ അക്കാദമിക കാര്യങ്ങളിലും, ഗവേഷണ രംഗത്തും സഹായങ്ങൾ ലഭിക്കുന്നതിലേക്കായി പൂർവ്വ

വിദ്യാർത്ഥികൾ, വകുപ്പിലെ സീനിയർ വിദ്യാർത്ഥികളെയും ജൂനിയർ വിദ്യാർത്ഥികളെയും സഹായിക്കുന്ന യുഫ്രേഷ്യ സംഘടിപ്പിക്കുകയുണ്ടായി. സസ്യശാസ്ത്ര വകുപ്പ് തലവൻ പ്രൊഫ. ജെയ്ക്കബ് അബ്രഹാം പുളിക്കൽ സ്വാഗതം ആശംസിച്ചു. പ്രിൻസിപ്പാൾ ഡോ. ജെൻസൻ പി.ഒ. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കാലടി ശ്രീ ശങ്കരാചാര്യ സർവകലാശാലയിലെ പ്രൊഫ. ഡോ. രവീന്ദ്രൻ കെ. സംസ്കൃതഭാഷയിലെ സസ്യലോകത്തെകുറിച്ച് പ്രബന്ധം അവതരിപ്പിച്ചു. പീച്ചി വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡീൻ ഡോ. വിദ്യാസാഗരൻ വനഗവേഷണരംഗത്തെ നൂതന വിദ്യകളെക്കുറിച്ചും പ്രബന്ധം അവതരിപ്പിച്ചു. ഡോ. ഇഗ്നേഷ്യസ് ആന്റണി, നന്ദി പ്രകാശിപ്പിച്ചു.

**ബോട്ടണി പൂർവ വിദ്യാർത്ഥി സംഗമം**

സസ്യശാസ്ത്ര വകുപ്പിലെ പൂർവവിദ്യാർത്ഥികളുടെ സംഗമം സംഘടിപ്പിച്ചു. ജനുവരി 26ന് നടന്ന ചടങ്ങിൽ 1958 ആദ്യ ബാച്ചിലെ ബിരുദ വിദ്യാർത്ഥികളും 1968 ബിരുദാനന്തര ബിരുദ ആദ്യ ബാച്ചിലെ വിദ്യാർത്ഥികളും പ്രീഡിഗ്രി വിദ്യാർത്ഥികളും 1963 ലെ സബ്സിഡിയറി വിദ്യാർത്ഥികളും യോഗത്തിൽ സംബന്ധിച്ചു. പ്രിൻസിപ്പാൾ ഡോ. ജെൻസൻ പി.ഒ. ഉദ്ഘാടനം ചെയ്ത യോഗത്തിൽ വകുപ്പ് തലവൻ പ്രൊപ. ജെയ്ക്കബ് അബ്രാഹം പുളിക്കൽ സ്വാഗതം ആശംസിച്ചു. ഒഎസ്എ പ്രസിഡന്റ് ജെയക്കബ് കെ. കെ. അദ്ധ്യക്ഷത വഹിച്ചു.

പ്രസ്തുത യോഗത്തിൽ പൂർവവിദ്യാർത്ഥികളെയും നിലവിലെ വകുപ്പിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും പങ്കെടുപ്പിക്കാൻ തീരുമാനിച്ചു. ഈ വർഷം ബിഎസ്സി, എംഎസ്സി റാങ്ക് ലഭിച്ച വീണ കെ.എസ്., ഐശ്വര്യ കെ.എസ്. നെയും കലാകായിക രംഗത്ത് ഉയർന്ന സ്ഥാനങ്ങൾ ലഭിച്ച വിദ്യാർത്ഥികളെയും അനുമോദിക്കാൻ തീരുമാനിച്ചു. ഒ.എസ്.എ. സെക്രട്ടറി ഡോ. സി.ഡി. വർഗീസും ഡോ. ഇഗ്നേഷ്യസ് ആന്റണിയും യോഗത്തിന് നേതൃത്വം നൽകി.

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
പി.ആർ.ഒ.

**ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

ഫെബ്രുവരി - 2016

**ജൂബിലി @ ഹോം പദ്ധതി**

ആശുപത്രി വീടുകളിലേക്ക് എന്ന ആശയവുമായി ജൂബിലി മെഡിക്കൽ കോളേജിൽ വയോജന ഭവന പരിചരണ പദ്ധതിക്കു തുടക്കമായി. ജൂബിലി ആശുപത്രിയിലെ ഹോസ്പിറ്റൽ അറ്റ് ഹോം വയോജന പരിചരണ പദ്ധതി സി. എൻ. ജയദേവൻ എം. പി. ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ചു. ഇന്ത്യയിൽ ഒൻപതു ശതമാനം പേർ വയോജന വിഭാഗത്തിൽപ്പെടുന്നവരാണെങ്കിൽ കേരളത്തിൽ ഇത് 12 ശതമാനമാണ്. ഇവരെയാണു ഭവന പരിചരണ പദ്ധതിയുടെ ഭാഗ മാക്കുന്നത്. റജിസ്റ്റർ ചെയ്യുന്ന വീടുകളിൽ ഡോക്ടർമാരും നഴ്സുമാരും, ടെക്നീഷ്യന്മാരും അടങ്ങുന്ന സംഘം മാസം തോറും എത്തി ചികിത്സ നൽകുന്നതാണു പദ്ധതി. ഇവരിൽ ആശുപത്രി സേവനം വേണ്ടവർക്ക് ആശു പത്രിയിൽ മുൻഗണന നൽകുമെന്ന് പ്രോഗ്രാം കോർഡിനേറ്റർ ഡോ. സ്റ്റീവ് പോൾ അറിയിച്ചു. പത്മശ്രീ നേടിയ ടി. സുന്ദർമേനോനെ ആദരിച്ചു. കൗൺസിലർ ജോസി ചാണ്ടി, ഫാ. വർഗ്ഗീസ് കുത്തൂർ, ഫാ. സുനിൽ ചിരി യങ്കണ്ടത്ത്, ഡോ. ബെി ജോസഫ്, ഡോ. അലക്സ് ജോസഫ്, എന്നിവർ പ്രസംഗിച്ചു.

**വാർദ്ധക്യജന്യ അസുഖബാധിതർക്ക് ഒരു സഹായഹസ്തം**

ജൂബിലി മിഷൻ ആശുപത്രിയുടെ സാമൂഹ്യക്ഷേമ പദ്ധതികളുടെ ഭാഗ മായി, ജൂബിലി ജെറിയാട്രിക് വിഭാഗത്തിനു കീഴിൽ വയോജനങ്ങൾക്കായി ഭവന ചികിത്സാ പദ്ധതി ആരംഭിച്ചിരിക്കുന്നു. ഈ സേവനം ആവശ്യമുള്ള വർ ആശുപത്രിയുടെ ജെറിയാട്രിക് വിഭാഗത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ട താണ്. കൃത്യമായ ഇടവേളകളിൽ ഡോക്ടർമാരടങ്ങുന്ന വിദഗ്ദ്ധ സംഘം ആവശ്യക്കാരുടെ ഭവനങ്ങളിൽ വന്ന് വയോജനങ്ങൾക്ക് ആവശ്യമായ വൈദ്യ പരിശോധനകൾ നടത്തുന്നതും, മറ്റു പരിചരണങ്ങൾ ഉറപ്പാക്കുന്നതുമാണ്.

വിദേശങ്ങളിൽ ജോലി ചെയ്യുന്നതുകൊണ്ടോ മറ്റു കാരണങ്ങൾ കൊണ്ടോ മാതാപിതാക്കളുടെ ആരോഗ്യകാര്യങ്ങൾ വേണ്ടത്ര ശ്രദ്ധിക്കാൻ സാധിക്കാ ത്തവർക്ക് ഈ പദ്ധതി വളരെയധികം പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**പദ്ധതിയെക്കുറിച്ച്-**

വ്യക്തിയുടെ രോഗാവസ്ഥ, സാമൂഹികാവസ്ഥ, സാമ്പത്തികാവസ്ഥ എന്നി

വയെ അടിസ്ഥാനപ്പെടുത്തി മൂന്ന് തരം പ്ലാനുകളാണ് ഉള്ളത്. രോഗിയോടും ബന്ധുക്കളോടും സംസാരിച്ച് ഏത് പ്ലാനാണ് വേണ്ടതെന്ന് ജെറിയാട്രീഷ്യൻ തീരുമാനിക്കും.

**ടീമംഗങ്ങൾ –**

വാർദ്ധക്യജനതയെ ആരോഗ്യകരമായി നിലനിർത്തുന്നതിന് പ്രതിജ്ഞാബദ്ധരായ ഡോക്ടമാർ, ജെറിയാട്രീഷ്യൻ, ഫിസോയോതെറാപിസ്റ്റ്, ഡയറ്റീഷ്യൻ എന്നിവർക്ക് പുറമെ പ്രത്യേക ട്രെയിനിങ്ങ് ലഭിച്ചിട്ടുള്ള നേഴ്സിങ്ങ് സ്റ്റാഫും ടീമിലുണ്ട്.

**ലഭ്യമായ സേവനങ്ങൾ**

1. വാർദ്ധക്യജന്യ രോഗങ്ങൾക്കായുള്ള പ്രത്യേക പരിചരണം
2. കൃത്യമായ ഇടവേളകളിലുള്ള മെഡിക്കൽ പരിശോധനകൾ
3. ബി. പി., ബ്ലഡ് ഷുഗർ പരിശോധനകൾ
4. ഫിസിയോതെറാപ്പി
5. ഡയറ്റീഷ്യന്റെ സേവനങ്ങൾ
6. പരിശീലനം ലഭിച്ച വിദഗ്ദ്ധരുടെ സേവനം/കിടപ്പുരോഗികൾക്കും ഈ സേവനം ലഭ്യമാണ്.
7. വീഴ്ച്ച (അപകട) സാധ്യതാ നിർണ്ണയം
8. കുടുംബാംഗങ്ങൾക്കുള്ള വൃദ്ധ പരിചരണ പരിശീലനം

അഡ്രസ്സ് – ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ

ഫോൺ – 0487 – 2432200

ഒ. പി. ദിവസങ്ങൾ – തിങ്കൾ, ബുധൻ 2 pm to 4 pm (ഗെയ്റ്റ് 4, സെന്റ് തോമസ് ബ്ലോക്ക്)

geriatricschemecare@jmmc.ac.in

**റിപ്പബ്ലിക്ദിനാഘോഷം**

ജനുവരി 26ന് റിപ്പബ്ലിക് ദിനാഘോഷത്തിൽ ഡിവിഷൻ കൗൺസിലർ ശ്രീ. ജോസി ചാണ്ടി പതാക ഉയർത്തി സന്ദേശം നൽകി.

**രോഗികൾക്ക് വീൽചെയർ നൽകി**

സെന്റ് തോമസ് തോപ്പ് സ്കൂളിലെ റെഡ് ക്രോസ് സംഘടനാംഗങ്ങൾ രോഗികൾക്കുള്ള വീൽചെയറുകളും, വാക്കറും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തിന് കൈമാറി. നിഷ്കാമകർമ്മം ചെയ്യുക എന്ന റെഡ് ക്രോസ് സംഘടനയുടെ സന്ദേശം

സമൂഹത്തിൽ കൂടുതൽ പ്രചരിപ്പിക്കുന്നതിനും, സമൂഹത്തിന് രോഗികളോടുള്ള സമീപനത്തിൽ കൂടുതൽ മാനുഷിക പരിഗണന ആവശ്യമാണെന്നും യോഗം വിലയിരുത്തി. സെന്റ് തോമസ് സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ഡെയ്സി സി. വി., കോർഡിനേറ്റർ ഷാലി ആന്റോ, റെഡ് ക്രോസ് യൂണിറ്റ് ക്യാപ്റ്റൻ ജോയൽ തട്ടിൽ, ശ്രീമതി ജെയ്സി ബി.ഡി. എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ജൂബിലി മിഷനിൽ സൗജന്യ ഡയാലിസിസ്**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധ പള്ളികളുടെ തിരുനാളുകളോട് അനുബന്ധിച്ച് ജനുവരി 13 മുതൽ 18 വരെ ആറു ദിവസത്തെ സൗജന്യ ഡയാലിസ്സ് നടത്തി. കണ്ടശ്ശാംകടവ് സെന്റ് മേരിസ് ചർച്ച്, , തിരൂർ സെന്റ് തോമസ് ചർച്ച്, ചേറൂർ സെന്റ് ഫ്രാൻസീസ് ചർച്ച്, കാരമുക്ക് സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ചർച്ച് എന്നീ പള്ളികളാണ് ഡയാലിസിസ് സ്പോൺസർ ചെയ്തത്.

**നഴ്സിങ്ങ് സ്കൂൾ സുവർണ്ണ ജൂബിലി ആഘോഷ സമാപനവും 51 – ാം ബാച്ച് വിദ്യാർത്ഥികളുടെ തിരിതെളിയിക്കലും നടന്നു.**

ജൂബിലി മിഷൻ സ്കൂൾ ഓഫ് നഴ്സിങ്ങിന്റെ സുവർണ്ണ ജൂബിലി ആഘോഷ സമാപനവും 51–ാം ബാച്ച് വിദ്യാർത്ഥികളുടെ തിരിതെളിയിക്കലും മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ജൂബിലി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂർ ഗവമെന്റ് നഴ്സിങ്ങ് സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി ഓമന മുഖ്യപ്രഭാഷണം നടത്തി. സുവർണ്ണ ജൂബിലി ആഘോഷ സ്മരണിക ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. അലക്സ് ജോസഫ് പ്രകാശന കർമ്മം നിർവ്വഹിച്ചു. അദ്ധ്യയന വർഷ കലണ്ടർ പ്രകാശനം ഡോ. സി. വി. ആൻഡ്രൂസ് നിർവ്വഹിച്ചു. ഫാ. ജോബി കടപ്പൂരാൻ, സി. സുമി പോൾ എന്നിവർ നേതൃത്വം നൽകി.

**JCMR--ന് പുതിയ ലാബ്**

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിനുവേണ്ടി പുതുതായി പൂർത്തിയാക്കിയ ലാബുകളുടെ വെഞ്ചിരിപ്പുകർമ്മം ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. അക്കാദമിക്ക് ബ്ലോക്കിൽ 4–ാം നിലയിൽ ഡി ബ്ലോക്കിൽ ബയോകെമിസ്ട്രി, ഹിസ്റ്റോളജി എന്നിവക്കുവേണ്ടി 2000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ലാബും 5–ാം നിലയിൽ ബി ബ്ലോക്കിൽ 750 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വൈറോളജി ലാബുമാണ് പുതിയതായിട്ടുള്ളത്.

### റിസർച്ച് ഹൈലൈറ്റ്സ്

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിന്റെ നേതൃത്വത്തിൽ 2016 ജനുവരി 5-ാം തിയതി ഒരു ഏകദിന പ്രബന്ധാവതരണം (റിസർച്ച് ഹൈലൈറ്റ്സ്-2016) നടത്തുകയുണ്ടായി. കഴിഞ്ഞ നവംബർ (2015) KUHSലേക്ക് തീസീസ് സമർപ്പിച്ച 2013 ബാച്ചുകാരായ 22 പേരാണ് ഇതിൽ പങ്കെടുത്തത്. എം. ഡി. വിഭാഗത്തിൽ നിന്ന് പീഡിയാട്രിക് പി. ജി ഡോ. മഞ്ജുനാഥ് പി. എസ്., എം. എസ്. വിഭാഗത്തിൽ നിന്ന് ഗൈനക്കോളജി പി.ജി. ഡോ അയിഷ സലാം എന്നിവരാണ് ഒന്നാം സമ്മാനത്തിന് അർഹരായത്. എം. ഡി. വിഭാഗത്തിൽ ഡോ. ഡി. എം. വാസുദേവൻ, ഡോ. മനോജ് വി. സി. എന്നിവരും എം. എസ്. വിഭാഗത്തിൽ ഡോ. മനുരാജ്, ഡോ. ഗോപാൽ എസ്. പിള്ള (അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്) എന്നിവരുമാണ് ജൂറിയായിരുന്നത്.

### ഡയാലിസിസിന് സംഭാവന നൽകിയവർ

- ഹോളി ഫാമിലി കോവെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, തൃശ്ശൂർ (30 ഡയാലിസിസ്)
- ഓൾ സിസ്റ്റേഴ്സ്, സിസ്റ്റേഴ്സ് ക്വാർട്ടേഴ്സ്, JMMC, തൃശ്ശൂർ (20 ഡയാലിസിസ്)
- മിസ്സിസ് ജെസ്റ്റിന ടോണി, കൊള്ളൂർ ഹൗസ്, തൃശ്ശൂർ (20 ഡയാലിസിസ്)
- സെന്റ് മേരീസ് ഫൊറോന ചർച്ച്, കണ്ടശ്ശാംകടവ്, തൃശ്ശൂർ (80 ഡയാലിസിസ്)
- സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, ചേറൂർ, വിജയപുരം, തൃശ്ശൂർ (80 ഡയാലിസിസ്)
- സെന്റ് ജോ ദി ബാപ്റ്റിസ്റ്റ് ചർച്ച്, കാരമുക്ക്, തൃശ്ശൂർ (50 ഡയാലിസിസ്)
- സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ, തോപ്പ്, തൃശ്ശൂർ (44 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ചർച്ച്, ചേർപ്പ്, തൃശ്ശൂർ (100 ഡയാലിസിസ്)
- സെന്റ് തോമസ് ചർച്ച്, തിരൂർ, തൃശ്ശൂർ (240 ഡയാലിസിസ്)
- സെന്റ് ഡൊമിനിക്ക്സ് ചർച്ച്, പഴയന്നൂർ, തൃശ്ശൂർ ( 60 ഡയാലിസിസ്)
- നവീൻ ഫുഡ് പ്രൊഡക്ട്സ്, മരത്താക്കര, തൃശ്ശൂർ (30 ഡയാലിസിസ്)
- വോയ്സ് ഓഫ് ആറ്റത്തറ, തൃശ്ശൂർ (42 ഡയാലിസിസ്)
- ശ്രീ സോണി, അഞ്ചേരി ഹൗസ്, നെല്ലിക്കുന്ന്, തൃശ്ശൂർ (22 ഡയാലിസിസ്)
- പ്രിൻസിപ്പാൾ സ്റ്റാഫ് & സ്റ്റുഡൻസ്, വിജയമാത എൻഞ്ചിനീയറിങ്ങ് മീഡിയം ഹൈ സ്കൂൾ, പൊന്നാനി (30 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ചർച്ച് (കെ. സി. വൈ. എം. യൂണിറ്റ്) പൊാനി, മലപ്പുറം

(20 ഡയാലിസിസ്)

- സെന്റ് ആന്റണീസ് ചർച്ച് (കാറ്റികിസം യൂണിറ്റ്) പൊാനി, മലപ്പുറം ( 50 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ചർച്ച്, അമ്മാടം, തൃശ്ശൂർ ( 120 ഡയാലിസിസ്)
- മില്ലേനിയം ഗോൾഡ്, എറണാകുളം ( 80 ഡയാലിസിസ്)
- ശ്രീ. പി. കെ. ജോൺ, പൂക്കോടൻ ഹൗസ്, പുതുക്കാട്, തൃശ്ശൂർ ( 50 ഡയാലിസിസ്)
- സേക്രട്ട് ഹാർട്ട് ഫൊറോന ചർച്ച്, എരുമപ്പെട്ടി, തൃശ്ശൂർ ( 310 ഡയാലിസിസ്)
- സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ, തൃശ്ശൂർ ( 100 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ

**കൺമണിക്കൊരു കരുതലിലേക്ക് സംഭാവന നൽകിയവർ**

- ശ്രീമതി റോസി ആന്റോ, മേച്ചേരി ഹൗസ്, ഒല്ലൂർ, തൃശ്ശൂർ

**ഫാ.ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## 1. 'ബോൺ നതാലെ ഹോംസ്' ഹൗസിംഗ് പദ്ധതി ശിലാസ്ഥാപനം നടത്തി.

ബോൺ നതാലെ ഹോംസ് ഹൗസിംഗ് പദ്ധതി വഴി നിർദ്ധനരായ കുടുംബങ്ങൾക്ക് നിർമ്മിച്ച് നൽകുന്ന ഭവനങ്ങളുടെ ശിലാസ്ഥാപനം അഭിവന്ദ്യ മാർ.ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. കാരുണ്യത്തിന്റെ ഉത്സവമായ ബോൺ നതാലെയോടനുബന്ധിച്ച് ലഭിച്ച മൂവായിരത്തോളം അപേക്ഷകരിൽ നിന്ന് ജാതിമതഭേദമെന്യേ തെരഞ്ഞെടുക്കപ്പെട്ട 30 കുടുംബങ്ങൾക്കാണ് 3 സെന്റ് സ്ഥലവും വീടും സ്വന്തമായി നൽകുന്നത്. മറ്റം–ചിറ്റാട്ടുക്കര റോഡിൽ ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോഗ്രിഗേഷൻ ദാനമായി നൽകിയ സ്ഥലത്ത് തൃശ്ശൂർ അതിരൂപത സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററായ സാന്ത്വനമാണ് ഈ ഹൗസിങ്ങ് പദ്ധതി നടപ്പിലാക്കുന്നത്. അതിരൂപത ഫിനാൻസ് ഓഫീസർ റവ.ഫാ.ജോയി മൂക്കൻ, സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, അസി. ഡയറക്ടേഴ്സ് ഫാ. ടോണി അരിമ്പൂർ, ഫാ. ടെഡ്സ് കുന്നപ്പിള്ളി, മറ്റം ഫൊറോന പള്ളി വികാരി ഡേവിസ് പനങ്കുളം, ക്ലാരിസ്റ്റ് അസീസ്സി പ്രൊവിൻഷ്യൽ സുപ്പീരിയർ ഡോ.സി. അനിത റോസ്, വാർഡ് മെമ്പർ ശ്രീമതി പുഷ്പലത, സാന്ത്വനം ഗവേർണിംഗ് ബോഡി മെമ്പേഴ്സ്, സ്റ്റാഫ് അംഗങ്ങൾ, മറ്റം സാമൂഹ്യക്ഷേമ സമിതി അംഗങ്ങൾ തുടങ്ങിയവർ ശിലാസ്ഥാപന ചടങ്ങിൽ സിഹിതരായിരുന്നു.

## 2. പുതിയ ചെയർമാനു സ്വീകരണവും വാർഷിക പൊതുയോഗവും

സാന്ത്വനത്തിന്റെ പുതിയ ചെയർമാനായി സ്ഥാനമേറ്റെടുത്ത വികാരി ജനറാൾ മോൺ.തോമസ് കാക്കശ്ശേരിയച്ചന് ഊഷ്മളമായ സ്വീകരണം നൽകി. കഴിഞ്ഞവർഷങ്ങളിൽ സാന്ത്വനത്തെ നയിച്ച മോൺ. ജോർജ് കോമ്പാറയ്ക്ക് കൃതജ്ഞതയർപ്പിച്ചു കൊണ്ട് ഡയറക്ടർ ഫാ. തോമസ് പൂപ്പാടി സംസാരിച്ചു. മോൺ ജോർജ് കോമ്പാറയച്ചൻ എല്ലാവരുടെയും സഹകരണത്തിന് നന്ദി പറയുകയും ഭാവി പ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുകയും ചെയ്തു. തുടർ പുതിയ ചെയർമാന്റെ അദ്ധ്യക്ഷതയിൽ വാർഷിക പൊതുയോഗം കൂടുകയും രജിസ്ട്രേഷൻ പുതുക്കുന്നതിന്റെ ഭാഗമായി വാർഷിക കണക്കുകൾ വായിച്ച് അംഗീകരിക്കുകയും ചെയ്തു.

### 3. ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു

അതിരൂപതയുടെ ശതോത്തര രജതജൂബിലിയോടനുബന്ധിച്ച് ആരംഭിച്ച കുടുംബോദ്ധാരണ പദ്ധതിയാണ് ഗോഡ്സ് ഓൺ ഫാമിലി. സമൂഹത്തിലെ അവശരും നിർദ്ധനരുമായ കുടുംബങ്ങളെ കണ്ടെത്തി, അവരെ സ്വയം പര്യാപ്തരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**മാനദണ്ഡങ്ങൾ**

- തൃശ്ശൂർ അതിരൂപതാ അതിർത്തിക്കുള്ളിൽ താമസിക്കുന്ന ജാതിമത ഭേദമെന്യേ ആർക്കും അംഗമാകാം.
- നിത്യ രോഗികൾ ഉള്ള കുടുംബങ്ങൾ.
- സ്ത്രീ കുടുംബനാഥയായ കുടുംബങ്ങൾ.
- 15 വയസ്സിനു താഴെ കുട്ടികളുള്ള കുടുംബങ്ങൾ.
- സ്വന്തമായി സ്ഥലമില്ലാത്ത കുടുംബങ്ങൾ.
- സ്ഥിരവരുമാനമില്ലാത്ത കുടുംബങ്ങൾ.
- ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ.
- ജോലി ചെയ്യുവാൻ സാധിക്കാത്ത മുതിർന്ന പൗരന്മാരുള്ള കുടുംബങ്ങൾ.
- 4 സെന്റിന് താഴെമാത്രം സ്ഥലം സ്വന്തമായിട്ടുള്ള കുടുംബങ്ങൾ.
- ഒരു ലക്ഷത്തിൽ കൂടുതൽ കടബാധ്യതയുള്ള ഭവനങ്ങൾ.
- ശാരീരികവും മാനസികവുമായ വൈകല്യങ്ങൾ അനുഭവിക്കുന്ന അംഗങ്ങളുള്ള കുടുംബങ്ങൾ.
- മൂന്നിൽ കൂടുതൽ പെൺകുട്ടികൾ അംഗമായുള്ള കുടുംബങ്ങൾ.
- സ്വയംസഹായ സംഘങ്ങളിൽ അംഗത്വം ഉള്ളവർ.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. മുകളിൽ പ്രസ്താവിച്ച മാനദണ്ഡങ്ങളിൽ കുറഞ്ഞത് 7 മാനദണ്ഡങ്ങളെങ്കിലും ഉള്ളവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.
2. പദ്ധതിയിൽ അംഗമാകുവാൻ ആഗ്രഹിക്കുവർ സ്വന്തം ഇടവകയിലെ സാമൂഹ്യക്ഷേമ സമിതിയിലേക്കാണ് അപേക്ഷ നൽകേണ്ടത്.
3. സാമൂഹ്യക്ഷേമ സമിതി അപേക്ഷയിൽ മേൽ പ്രാഥമിക അന്വേഷണം നടത്തി യോഗ്യരായവരുടെ ലിസ്ററ് തയ്യാറാക്കുന്നു.
4. വികാരിയച്ചനും സാമൂഹ്യക്ഷേമ സമിതി കൺവീനറും ഒപ്പിട്ട ലിസ്റ്റ് 31 –03–2016 നുള്ളിൽ സാന്ത്വനം ഓഫീസിൽ നൽകേണ്ടതാണ്.

5. സാന്ത്വനം ഓഫീസിൽ നിും സെലക്ഷൻ ടീം ഇടവകയിൽ നിന്നും നിർദ്ദേശിക്കപ്പെട്ട ഭവനങ്ങൾ സന്ദർശിക്കുകയും അർഹതയുള്ളവരെ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

'ഗോഡ്സ് ഓൺ ഫാമിലി' പദ്ധതിയിൽ സഹകാരികളാകുവാൻ സന്മസ്സുള്ളവരെ ക്ഷണിക്കുന്നു.

**A. പെർപെച്ച്വൽ ഗുണകാംക്ഷികൾ**

300000 ഒറ്റ തവണയായി നൽകുന്നവരെ പെർപെച്ച്വൽ ഗുണകാംക്ഷികൾ എന്ന് വിളിക്കുന്ന.അവർ 25 വർഷം പദ്ധതിയുടെ ഗുണകാംക്ഷികൾ ആയിരിക്കും.

**B. സ്ഥിര ഗുണകാംക്ഷികൾ**

100000 രൂപ ഒറ്റ തവണ നൽകുന്നവരെ സ്ഥിര ഗുണകാംക്ഷികൾ എന്ന് വിളിക്കുന്നു. അവർ 5 വർഷം പദ്ധതിയുടെ ഗുണകാംക്ഷികൾ ആയിരിക്കും.

**C. ഭാഗിക ഗുണകാംക്ഷികൾ**

15000 രൂപയോ അതിൽ കൂടുതലോ നൽകുന്നവർ ഭാഗിക ഗുണകാംക്ഷികളായിരിക്കും. അവർ ഒരു വർഷത്തേക്ക് പദ്ധതിയുടെ ഭാഗമായിരിക്കും.

പ്രതിമാസം 1250 രൂപ വീതം നൽകുന്നവർക്ക് പദ്ധതിയിൽ ഉപകാരികൾ ആകാവുന്നതാണ്. പദ്ധതി നടത്തിപ്പിന്റെ ഉദ്ദേശത്തോടെ നൽകുന്ന ഏത് സംഖ്യയും സംഭാവനയായി സ്വീകരിക്കുന്നതാണ്.4.

**4. സേവ് എ ഫാമിലി പ്ലാൻ**

അതിരൂപതയുടെ സാമൂഹ്യപ്രവർത്തനങ്ങളിൽ മുഖ്യ പങ്ക് വഹിച്ച് സുവർണ്ണ ജൂബിലി നിറവിൽ എത്തി നിൽക്കുന്ന സേവ് എ ഫാമിലി പ്ലാൻ വഴി ഇതിനോടകം 6000-ൽ പരം കുടുംബങ്ങളുടെ പുരോഗതിക്ക് സഹായിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ അഗതിമന്ദിരങ്ങളുടെ നിർമ്മാണം, ഭവനനിർമ്മാണ പദ്ധതികൾ, കമ്മ്യൂണിറ്റി വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന റോഡ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, കുളം-തോട് നവീകരണം, തൊഴിൽ പരിശീലനങ്ങൾ, മാലിന്യനിർമ്മാർജ്ജനം, യൂത്ത് ക്ലബ്, തുടങ്ങി നിരവധി പദ്ധതികളിൽ സേവ് എ ഫാമിലി പ്ലാൻ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. നിലവിൽ SPED-III (സമഗ്രഗ്രാമീണ വികസനപദ്ധതി), FDP (ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം), ഗോഡ്സ് ഓൺ ഫാമിലി (കുടുംബോദ്ധാരണ പദ്ധതി) എനീ പദ്ധതികൾ സേവ് എ ഫാമിലി പ്ലാൻ വഴി നടപ്പിലാക്കികൊണ്ടിരിക്കുന്നു. കഴിഞ്ഞ അമ്പതു വർഷക്കാലവും സേവ് എ

ഫാമിലി പ്ലാനിന്റെ നടത്തിപ്പിന് സാമ്പത്തിക സഹായം നൽകി സഹകരിച്ച കനേഡിയൻ ഇന്റർനാഷ്ണൽ ഡെവലപ്പ്മെന്റ് അസ്സോസിയേഷൻ. ഐശ്വര്യഗ്രാം, തദ്ദേശിയരായ ഉപകാരികൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

**5. ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി.**

സേവ് എ ഫാമിലി പ്ലാനിന്റെ ഭാഗമായി അതിരൂപതയിലെ 54 സെന്ററുകളിലായി ഗുണഭോക്തൃ കുടുംബങ്ങൾക്കുവേണ്ടി ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. കാൻസർ എന്ന രോഗത്തെക്കുറിച്ചും ക്ലാസ്സുകളിൽ വിശദീകരിച്ചു. ആനിമേറ്റർമാരായ ശ്രീമതി. ജോയ്സി, ശ്രീമതി. എൽസി, ശ്രീമതി. ഷീല വിൻസെന്റ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## 6. FDP

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം വഴി മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു

അത്താണി- 31,5000/-, പേരാമംഗലം- 34,000/-, വില്ലടം- 6,500/-, മുക്കാട്ടുക്കര- 39,000/-, നെല്ലങ്കര- 29,500/-, ചെവ്വൂർ- 14,000/-, ഇരവിമംഗലം- 5000/-, അരിമ്പൂർ- 21,000/-, കൂനമൂച്ചി- 6,000/-

## 7. JESP

മാർ ജേക്കബ്ബ് തൂങ്കുഴി വിദ്യാഭ്യാസ സഹായ പദ്ധതി(JESP) യുടെ ഭാഗമായി പാലുവായ് യൂണിറ്റ് സന്ദർശിക്കുകയും പ്രോഗ്രസ് റിപ്പോർട്ട് പരിശോധിച്ച് കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുകയും ചെയ്തു. തദവസരത്തിൽ സ്കോളർഷിപ്പിന്റെ ഭാഗമായുള്ള ട്യൂഷൻ ഫീസ് വിതരണം ചെയ്യുകയും ചെയ്തു.

**8. സമൃദ്ധി– കുടിവെള്ള പദ്ധതി ആരംഭിച്ചു.**

സമൃദ്ധി-കുടിവെള്ള പദ്ധതിയുടെ ഭാഗമായി കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന ചേലക്കര പഞ്ചായത്തിലെ വിവിധ വാർഡുകളിൽ രണ്ടാം ഘട്ട മീറ്റിങ്ങ് നടത്തുകയും കുടിവെള്ളം ലഭ്യമാക്കുന്നതിന് കുഴൽ കിണർ സ്ഥാനം നിർണ്ണയിക്കുകയും ചെയ്തു.

9. **ദ്വിദിന ശിൽപശാല നടത്തി**

കേരള സോഷ്യൽ സർവ്വീസ് ഫോറം (KSSF), സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ ജൈവകൃഷി പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടെയും നിർമ്മാ

ണവും ഉപയോഗവും എന്ന വിഷയത്തിൽ രണ്ട് ദിവസം നീണ്ടുനിൽക്കുന്ന പരിശീലനക്യാമ്പ് സംഘടിപ്പിച്ചു. സാന്ത്വനത്തിന്റെ നേതൃത്വത്തിൽ DBCLCഹാളിൽ ജനുവരി 18,19 ദിവസങ്ങളിലായി നടത്തിയ പരിശീലനത്തിൽ സോഷ്യൽ ആക്ഷൻ ഫോറം ഇരിങ്ങാലക്കുട, വെൽഫയർ സർവ്വീസ് എറണാംകുളം, കിഡ്സ് കോട്ടപ്പുറം, സമൃദ്ധി മുവാറ്റുപുഴ എന്നിവിടങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 40 CBO ലീഡേഴ്സ് ട്രെയിനിങ്ങിൽ പങ്കെടുത്തു. പരിശീലന പരിപാടിക്ക് മണ്ണുത്തി കൃഷിവിജ്ഞാനകേന്ദ്രം മേധാവി രഞ്ചൻ. എസ്.കരിപ്പായി, അസോസിയേറ്റ് പ്രൊഫ. ജലജ .എസ്.മേനോൻ തുടങ്ങിയവർ നേതൃത്വം നൽകി. അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ കൃഷി ഓഫീസർ ശ്രീമതി.പി. സി. ശ്രീലത ഉദ്ഘാടനം നിർവ്വഹിച്ചു. ഡെപ്പ്യൂട്ടി ഡയറക്ടർ ഹോർട്ടികൾചർ ശ്രീമതി.കല.എ, KSSF ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, അസി. ഡയറക്ടർ ഫാ. ടോണി അരിമ്പൂർ, ശ്രീമതി. മേരി റെജീന തുടങ്ങിയവർ പ്രസംഗിച്ചു. കോഡിനേറ്റർമാരായ ശ്രീ.സി. പി. ജോർജ്ജ്, ശ്രീ. ബിനേഷ് എന്നീവർ നേതൃത്വം നൽകി.

### 10. ബോധവത്ക്കരണ ക്ലാസ്സ് നടത്തി.

അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ഉണർവ്വ് പ്രോജക്ടിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സ് പൊങ്ങണംക്കാടുവെച്ച് നടത്തുകയുണ്ടായി. ആരോഗ്യവും വ്യക്തി ശുചിത്വവും, മദ്യപാനം, ലഹരി വസ്തുക്കൾ എന്നിവയുടെ ദൂഷ്യഫലങ്ങൾ, തൊഴിലാളികളുടെ അവകാശങ്ങൾ എന്നീ വിഷയങ്ങളിൽ നടത്തിയ ക്ലാസ്സുകൾക്ക് ശ്രീ. ജെസ്റ്റോ വർഗ്ഗീസ് നേതൃത്വം നൽകി.

### 11. JLG രൂപീകരിച്ച് കൈമാറി.

JLG രൂപീകരണങ്ങളുടെ ഭാഗമായി സാന്ത്വനത്തിന്റെ നേതൃത്വത്തിൽ പുള്ള് മേഖലയിൽ 10 JLGകളുടെ രൂപീകരണം നടത്തുകയും സൗത്ത് ഇന്ത്യൻ ബാങ്കിനു കൈമാറുകയും ചെയ്തു. ചടങ്ങിൽ സൗത്ത് ഇന്ത്യൻ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ.ജോസ് മാനുവൽ, SIB ചീഫ് മാനേജർ ശ്രീ.വി.സി നാരയണൻക്കുട്ടി, സാന്ത്വനം അസി. ഡയറക്ടർ ഫാ. ടോണി അരിമ്പൂർ, സാന്ത്വനം അഡ്മിനിസ്ട്രേറ്റർ ശ്രീ. എസ്.കെ മഞ്ഞിയിൽ, പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ബിനേഷ് സി.ജെ, പുള്ള് സ്ക്കൂൾ ഹെഡ്മിസ്ട്രസ്സ് ശ്രീമതി. ജയശ്രീ, സ്ക്കൂൾ ഡവൽപ്പ്മെന്റ് കമ്മിറ്റി ചെയർമാൻ ശ്രീ. ജോബി എന്നിവർ സിഹിതരായിരുന്നു. JLG രൂപീകരണങ്ങൾക്ക് നേതൃത്വം വഹിച്ച സെന്റ്. തോമസ് കോളേജിലെ MSW വിദ്യാർത്ഥികൾക്ക് SIB സർട്ടിഫിക്കേറ്റും ഉപഹാരവും നൽകി.

## 12. JLG ബാങ്ക് ലിങ്കേജ് പ്രോഗ്രാം

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ JLG രൂപീകരിച്ച് ബാങ്കുമായി ലിങ്ക് ചെയ്യുന്നതിന്റെ ഭാഗമായി വിവിധ യൂണിറ്റുകളിൽ മീറ്റിംഗുകൾ നടത്തി. തയ്യൂർ, കണ്ണാറ, പെരിഞ്ചേരി, പുള്ള്, ചേലക്കര എന്നീ സ്ഥലങ്ങളിൽ നടന്ന യോഗങ്ങളിൽ JLG വഴി വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ക്ലാസ്സുകൾ നൽകി.

വിവിധ യൂണിറ്റുകൾ ആരംഭിക്കുന്ന JLG ഗ്രൂപ്പുകൾക്ക് വായ്പ്പ ലഭ്യമാക്കുതിന്റെ ആദ്യപടിയായി ലീഡ് ബാങ്ക് സീനിയർ മാനേജർ ശ്രീമതി.അമ്മ ക്ലാസ്സ് എടുത്തു. JLGകൾ രൂപീകരിച്ച് സാമ്പത്തീക സ്വയംപര്യാപ്തതാ രംഗത്ത് മുന്നേറുന്നതിന് സ്തീകൾക്ക് നിരവധി അവസരങ്ങൾ ഉള്ളതായി അവർ പറഞ്ഞു. കനറ ബാങ്ക് അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ ശ്രീമതി. ഷെറീന, ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, അസി. ഡയറക്ടർ ഫാ. ടോണി അരിമ്പൂർ, ശ്രീ.സെബാസ്റ്റ്യൻ മഞ്ഞിയിൽ, കോഡിനേറ്റർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

### 13. ഭവനങ്ങൾ ആശീർവദിച്ചു.

ബോൺ നതാലെയോടനുബന്ധിച്ച് സാന്ത്വനം വഴി നിർമ്മിച്ചുകൊണ്ടിരിക്കുന്ന രണ്ട് ഭവനങ്ങളുടെ ആശീർവാദ കർമ്മം അഭിവന്ദ്യ മാർ. ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. എരുമപ്പെട്ടി, പങ്ങാരപ്പിള്ളി ഇടവകയിലെ അർഹരായ രണ്ട് കുടുംബങ്ങൾക്കാണ് ഭവനങ്ങൾ നിർമ്മിക്കാൻ സഹായം നൽകിയത്.

### 14. സാന്ത്വനത്തിന് പുതിയ കോൺഫറൻസ് ഹാൾ.

സാന്ത്വനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും വിവിധ പദ്ധതികളുടെ പരിശീലന സൗകര്യത്തിനുമായി പേപ്പൽ ടവറിൽ പുതുതായി നിർമ്മിച്ച ഹാളിന്റെ ആശീർവാദകർമ്മം മോൺ. ജോർജ് കോമ്പാറ നിർവ്വഹിച്ചു. മോൺ. തോമസ് കാക്കശ്ശേരി , ഫൊറോന ഡയറക്ടർമാർ, ജനറൽബോഡി അംഗങ്ങൾ, സ്നേഹനിധി, സ്വയംസഹായ സംഘങ്ങൾ, സാമൂഹ്യക്ഷേമ സമിതിയുടെ അതിരൂപതാ ഭാരവാഹികൾ എന്നിവർ ചടങ്ങിൽ സിഹിതരായിരുന്നു.

ഫാ. ടോണി അരിമ്പൂർ
ഫാ. ടെഡ്സ് കുപ്പിള്ളി
അസി.ഡയറക്ടേഴ്സ്

ഫാ. തോമസ് പൂപ്പാടി
ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫ്രാൻസിസ്കൻ അത്മായസഭ

**സമാധാനവും സൗഭാഗ്യവും**

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ ജനറൽ ബോഡിയോഗം 13.02.2016 ശനിയാഴ്ച കാൽവരി ആശ്രമത്തിൽ വെച്ച് ഫാ. നിക്സൺ കോളാട്ടുകുടിയുടെ അദ്ധ്യക്ഷതയിൽ കൂടി അടുത്ത മൂന്നവർഷ ത്തേയ്ക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

പുതിയ ഭാരവാഹികൾ

പ്രസിഡന്റ് : സണ്ണി വടക്കൻ (കുറുമാൽ), വൈ. പ്രസിഡന്റ്: പി.വി. ഔസേഫ് (കണ്ടശ്ശാംകടവ്) സെക്രട്ടറി : പി.ഐ. സൈമൺ (ഗുരുവായൂർ), ജോ. സെക്രട്ടറി : ഗ്രേസി ജോണി (അരണാട്ടുകര) ഫോർമേറ്റർ : ഡോ. ജെറി ജോസഫ് (പുതുക്കാട് ) ട്രഷറർ : ടി. കെ. ഡേവീസ് (പള്ളിക്കുന്ന്)

യോഗത്തിൽ സി. റോസിലിൻ, പി.ഐ. സൈമൺ, സണ്ണി വടക്കൻ, ഡോ. ജെറി ജോസഫ് എന്നിവർ പ്രസംഗിച്ചു.

ഫെബ്രുവരി 28ന് ഞായറാഴ്ച ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് SFO നേതൃസംഗമം നടക്കുന്നു. അന്നേദിവസം 2016 പ്രവർത്തനകലണ്ടർ പ്രകാശ നവും , നിത്യവ്രതവാഗാദാനവും, സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്. നിത്യവ്രതവാഗ്ദാനം സ്വീകരിക്കുന്നവർ 26ന് വെള്ളിയാഴ്ച വടക്കാഞ്ചേരി ARC യിൽ വെച്ച് ഒരു ദിവസത്തെ ഒരുക്ക ധ്യാനം ഉണ്ടായിരിക്കും. പാലയൂർ തീർത്ഥാടനത്തിന് കഴിയുന്നത്ര അംഗങ്ങൾ പങ്കെടുക്കുവാൻ തീരുമാനിച്ചു.

യേശുവിൽ എളിയ സഹോദരൻ

**വി.സി. സണ്ണി,** സെക്രട്ടറി

## കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**പുത്തൂർ സബ്സോൺ പാരീഷ് ഫെസ്റ്റ്**

ജനുവരി 5, 6 തിയതികളിൽ പുത്തൂർ സെന്റ് തോമസ് ഫൊറോന പള്ളി യിൽ നടന്നു. ഫൊറോന വികാരി വെ. റവ. ഫാ. ഫ്രാൻസീസ് തരകൻ ഉദ്ഘാ ടനം ചെയ്തു. ആനിമേറ്റർ റവ. ഫാ. ഷിജു ചിറ്റിലപ്പിള്ളി സന്ദേശം നൽകി. വിവിധ പഠനക്ലാസ്സുകൾക്ക് അതിരൂപത ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം സോണൽ കോർഡിനേറ്റർ സാബു എം. വർഗ്ഗീസ്, സോണൽ സർവ്വീസ് ടീം

അംഗം എം.എ. ബാബു എന്നിവർ നേതൃത്വം നൽകി. സബ്സോൺ കോ-ഓർഡിനേറ്റർ ജോർജ്ജ് ചാണ്ടി, കെ.എ.സി. അംഗം എൽസി ജോർജ്ജ്, സർവ്വീസ് ടീം അംഗം വിജു സി.ടി. എന്നിവർ മറ്റു പരിപാടികൾക്ക് നേതൃത്വം നൽകി.

**പഴുവിൽ സബ്സോൺ പാരീഷ് ഫെസ്റ്റ്**

പഴുവിൽ സെന്റ് മേരീസ് ധ്യാനകേന്ദ്രത്തിൽ ജനുവരി 5, 6 തിയതികളിൽ നടത്തി. അതിരൂപത ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠം ഉദ്ഘാടനം ചെയ്തു. കരിസ്മാറ്റിക് ആദ്ധ്യാത്മികത എന്ന വിഷയത്തെക്കുറിച്ചുള്ള പഠനത്തിനും അദ്ദേഹം നേതൃത്വം നൽകി. സോണൽ കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, സെക്രട്ടറി സെബാസ്റ്റ്യൻ സി.ടി., മുൻ കോ-ഓർഡജിനേറ്റർ എം. എ. ബാബു എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. പാനൽ ചർച്ച, ഗ്രൂപ്പ് ചർച്ച എന്നിവയുണ്ടായിരുന്നു. വെരി. റവ. ഫാ. തോമസ് ചൂണ്ടൽ,റവ. ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ എന്നിവർ ദിവ്യബലി, അഭിഷേക പ്രാർത്ഥന എന്നിവയ്ക്ക് കാർമികത്വം വഹിച്ചു. സോണൽ സർവ്വീസ് ടീം അംഗങ്ങളായ ഷെവ. സണ്ണി, അൽഫോൺസ അബ്രാഹം, സബ്സോൺ കോ- ഓർഡിനേറ്റർ ടോണി തയ്യാലക്കൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**പാലയൂർ സബ്സോൺ പാരീഷ് ഫെസ്റ്റ്**

ജനുവരി 12, 13, 14തിയതികളിൽ പാലയൂർ തളിയക്കുളാങ്കണത്തിൽ നടത്തി. തീർത്ഥകേന്ദ്രം റെക്ടർ വെരി. റവ. ഫാ. ജോൺ അയ്യങ്കാനയിൽ ഉദ്ഘാടനം ചെയ്തു. ആനിമേറ്റർ റവ. ഫാ. ബെന്നി കിടങ്ങൻ സന്ദേസം നൽകി. റവ. ഫാ. ഷാജൻ തേർമഠം, സെബാസ്റ്റ്യൻ കാഞ്ഞിരപ്പിള്ളി, സാബു എം. വർഗ്ഗീസ്, വിജു സി.ടി., ബാബു എം.എ. എന്നിവർ ക്ലാസ്സുകൾ നയിച്ചു. സെബാസ്റ്റ്യൻ സി.ടി., സി. കെ.ലാസർ, പീറ്റർ കാവീട് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. വെരി. റവ. ഫാ. ജോൺ അയ്യങ്കാനയിൽ റവ. ഫാ. ബെന്നി കിടങ്ങൻ, റവ. ഫാ. ജോജു പനക്കൽ എന്നിവർ ദിവ്യബലിയർപ്പിച്ചു.

**സോണൽ സർവ്വീസ് ടീം കൂട്ടായ്മ**

ആബാ ധ്യാനകേന്ദ്രത്തിൽ ജനുവരി 20 ബുധനാഴ്ച ഡയറക്ടർ ഫാ. ഷാജൻ തേർമഠത്തിന്റെ നേതൃത്വത്തിൽ രാവിലെ 10 മുതൽ 3 വരെ നടന്നു. പാരീഷ് ഫെസ്റ്റുകൾ ഇടവക തലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചർച്ച ചെയ്തു.

**സബ്സോൺ കോ–ഓർഡിനേറ്റേഴ്സ് കൂട്ടായ്മ**

ജനുവരി 30 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ കോ– ഓർഡിനേറ്റേഴ്സും സോണൽ സർവ്വീസ് ടീമും ഒന്നിച്ചുകൂടി. പാരീഷ് ഫെസ്റ്റുകളുടെ വിലയിരുത്തലുകൾ നടത്തി. ഫെബ്രുവരി 27ന് നടക്കുന്ന സബ്സോൺ സർവ്വീസ് ടീം കൂട്ടായ്മയെക്കുറിച്ചും പാലയൂർ കൺവെൻഷൻ വ്രതാരംഭ കൂട്ടായ്മ ഏകദിന പ്രാർത്ഥന ശുശ്രൂഷകൾ തീർത്ഥാടനം എന്നിവയിലെ നേതൃത്വപരമായ പങ്കാളിത്തത്തെക്കുറിച്ചും ചർച്ച ചെയ്തു.

| | | |
|---|---|---|
| **റവ. ഫാ. ഷാജൻ തേർമഠം** | **സാബു എം. വർഗ്ഗീസ്** | **സി.ടി. സെബാസ്റ്റ്യൻ** |
| ഡയറക്ടർ | കോ-ഓർഡിനേറ്റർ | സെക്രട്ടറി |

# കുടുംബക്കൂട്ടായ്മ

**അതിരൂപത കുടംബകൂട്ടായ്മക്ക് പുതിയ ഡയറക്ടർ**

തൃശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ പുതിയ ഡയറക്ടറായി റവ. ഫാ. ഡെന്നി താണിക്കൽ ചുമതലയേറ്റു. അതിരൂപതയിലെ ഏനാമാക്കൽ ് ഇടവകാംഗമായ ഫാ.ഡെന്നി താണിയ്ക്കൽ നിലവിൽ അതിരൂപതയിലെ തൈക്കാട്ടുശ്ശേരി ഇടവക വികാരിയായി സേവനം അനുഷ്ഠിച്ച് വരുകയായിരുന്നു. ഡയറക്ടറച്ചന്റെ ഫോൺനമ്പർ : 9605043327.

09.02.2016ന് കൂടിയ അതിരൂപത എക്സിക്യൂട്ടീവ് യോഗം പുതിയ ഡയറക്ടറച്ചനെ കുടുംകൂട്ടായ്മയിലേക്ക് ഹൃദ്യമായി സ്വാഗതം ചെയ്തു. ഡെന്നിയച്ചൻ അതിരൂപതാ കുടുംബകൂട്ടായ്മയുടെ എല്ലാ പ്രവർത്തനങ്ങൾക്കും ആത്മാർത്ഥമായ പിന്തുണ വാഗ്ദാനം ചെയ്തു.

**ലോറൻസച്ചന് യാത്രയയപ്പ്**

അഭിവന്ദ്യപിതാവിന്റെ കല്പനപ്രകാരം പട്ടിക്കാട് ഫൊറോനനയുടെ ഫൊറോന വികാരിയായി ചുമതലേൽക്കുന്ന കുടുംബകൂട്ടായ്മയുടെ അതിരൂപതയുടെ ഡയറക്ടർ റവ.ഡോ. ലോറൻസ് തൈക്കാട്ടിലിനും ചോറ്റുപാറ ഇടവകവികാരിയായി ചുമതലയേൽക്കുന്ന അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് തരകനും അതിരൂപത എക്സിക്യൂട്ടീവിന്റെ അടിയന്തിരയോഗം ഹൃസ്വമായ ഒരു യാത്രയയപ്പ് നൽകി. അതിരൂപത ജനറൽ കൺവീനർ അഡ്വ. ഡെന്നി.സി.ജെ., ജനറൽ സെക്രട്ടറി എ.എ. ആന്റണി, ട്രഷറർ സാബു നീലങ്കാവിൽ, ജോയിന്റ് സെക്രട്ടറി ശ്രീമതി ഷാന്റി ഷിജോ, തുടങ്ങിയവർ സംസാരിച്ചു. ബഹു.മാനപ്പെട്ട ലോറൻസച്ചനും വർഗ്ഗീസച്ചനും മറുപടി പറഞ്ഞു സംസാരിച്ചു.

03.02.2016 ബുധനാഴ്ച എക്സിക്യൂട്ടീവ് അംഗങ്ങൾ ബഹുമാനപ്പെട്ട ലോറൻസച്ചനെ പട്ടിക്കാട്ടേയക്ക് അനുധാവനം ചെയ്തു.

**അതിരൂപത എക്സിക്യൂട്ടീവ് യോഗം :-**

കുടുംബകൂട്ടായ്മയുടെ എക്സിക്യൂട്ടീവ് യോഗം 09.02.2016 ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് 4 മണിക്ക് പുതുതായി ചുമതലയേറ്റ ഡയറക്ടർ റവ.ഫാ.ഡെന്നി താണിക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. അതിരൂപതയിലെ കുടുംബകൂട്ടായ്മാപ്രവർത്തനങ്ങളെ കൂടുതൽ ഊർജ്ജസ്വലമാക്കാൻ വേണ്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകണമെന്ന് ബഹുമാനപ്പെട്ട ഡെന്നിയച്ചൻ ആവശ്യപ്പെട്ടു. അഭിവന്ദ്യപിതാവിന്റെ സാന്നിദ്ധ്യത്തിൽ എത്രയുംവേഗം അതായത് മാർച്ച മാസത്തിൽ തന്നെ അതിരൂപതയിലെ ഫൊറോന ആനിമേറ്റർമാരുടെ സമ്മേളനവും, തുടർന്ന് അതിരൂപത കുടുംബകൂട്ടായ്മയുടെ ജനറൽബോഡിയോഗവും വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചു. അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യം യോഗങ്ങൾക്ക് ഉറപ്പാക്കണമെന്ന് തീരുമാനിച്ചു. ചുമതലയേറ്റ പുതിയ ഡയറക്ടറച്ചന് സ്വീകരണവും സ്ഥാനമൊഴിഞ്ഞ ലോറൻസച്ചനും വർഗ്ഗീസ് തരകനച്ചനും ഉചിതമായ യാത്രയപ്പും നൽകണം എന്നും തീരുമാനിച്ചു.

അതിരൂപത ജനറൽ കൺവീനർ അഡ്വ. സി.ജെ. ഡെന്നി സ്വാഗതവും ജനറൽ സെക്രട്ടറി എ.എ. ആന്റണി നന്ദിയും രേഖപ്പെടുത്തി.

**പാലയൂർ മഹാതീർത്ഥാടനം - 2016**

ഈ വർഷം നടക്കുന്ന 19-ാം പാലയൂർ മഹാതീർത്ഥാടനത്തിന് എല്ലാ കുടുംബകൂട്ടായ്മകളും സർവ്വവിധ പിന്തുണയും നൽകി വിജയിപ്പിക്കാൻ തീരുമാനിച്ചു. വെള്ളിയാഴ്ചകളിലെ രാത്രികളിലെ ജാഗരണ പദയാത്രയിൽ കുടുംബകൂട്ടായ്മ നേതൃത്വം നൽകുന്ന വെള്ളിയാഴ്ച പരമാവധി പ്രവർത്തകർ പുത്തൻപള്ളിയിൽ രാത്രി 9 മണിക്ക് എത്തിച്ചേരാനും തീരുമാനിച്ചു.

എന്ന്

| | |
|---|---|
| അഡ്വ. സി.ജെ. ഡെന്നി | റവ.ഫാ. ഡെന്നി താണിക്കൽ |
| ജനറൽ കൺവീനർ | ഡയറക്ടർ |
| ആന്റണി എ.എ | |
| ജനറൽ സെക്രട്ടറി | |

## Family Apstolate Centre

ഫെബ്രുവരി 3-ാംതിയ്യതി ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടറായിരുന്ന റവ.ഫാ. ലോറൻസ് തൈക്കാട്ടിലിന് യാത്രാമംഗളങ്ങൾ നേരുകയും പുതിയ

ഡയറക്ടർ ഫാ. ഡെന്നി താണിക്കലിന് സ്വാഗതവും ഫാമിലി അപ്പസ്തോലേറ്റ് കുടുംബം സമുചിതമായി നടത്തുകയുണ്ടായി.

വിവാഹത്തിന് ഒരുക്കമായി നടത്തുന്ന കോഴ്സ് നോമ്പുകാലത്തും പതിവ്പോലെ ഉണ്ടായിരിക്കും. എന്നാൽ മാർച്ച് മാസത്തിലെ വലിയ ആഴ്ചയിൽ (23,24,25,) വിവാഹ കോഴ്സ് ഉണ്ടായിരിക്കുന്നതല്ല.

ഫാ. ഡെന്നി താണിക്കൽ    ഫാ. ജിയോ തെക്കിനിയത്ത്
ഡയറക്ടർ    അസി. ഡയറക്ടർ

# മാതൃസംഘം

മാതൃസംഘത്തിന്റെ പുതിയ ഡയറക്ടറായി ചുമതലേറ്റ റവ.ഫാ. ഡെന്നി താണിക്കലിനെ മാതൃസംഘ കുടുംബത്തിലേക്ക് സ്വാഗതം ചെയ്തു. 16.302.2016ന് 1.30ന് ഫൊറോന പ്രസിഡണ്ടുമാരുടെയും രൂപതാ ഭാരവാഹികളുടേയും സംയുക്തമീറ്റിംഗ് കൂടി. അന്നേദിവസം 2.30ന് പരി.മാതാവിനെക്കുറിച്ചുള്ള തുടർച്ചാക്ലാസ്സ് റവ.ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ നയിച്ചു. അടുത്ത ക്ലാസ്സ് മാർച്ച് 16ന്. മാർച്ച് 8ന് ലോക വനിത ദിനം വനിത കമ്മീഷന്റ നേതൃത്വത്തിൽ ഫാമിലി അപ്പസ്തോലേറ്റിൽ ആചരിക്കും. മാർച്ച് 15ന് രാവിലെ 10 മണിക്ക് മുതൽ അമ്മമാർക്കായി ഫാമിലി അപ്പസ്തോലേറ്റിൽ പുത്തൻപാനമത്സരം ഉണ്ടായിരിക്കും. മാർച്ച് 18ന് ഉച്ചയ്ക്ക് 2 മണിക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സാന്നിദ്ധ്യത്തിൽ മാതൃസംഘത്തിന്റെ 2016–2017 വർഷത്തേക്കുള്ള വാർഷിക പ്രവർത്തന പദ്ധതി, മാതൃസംധം രൂപത ഡയറക്ടറി എന്നിവയുടെ പ്രകാശനകർമ്മം ഉണ്ടായിരിക്കുന്നതാണ്. തദവസരത്തിൽ ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച മാതൃസംഘത്തിൽപെട്ട അമ്മമാരെ ആദരിക്കുന്നതാണ്.

ഫാ. ഡെന്നി താണിക്കൽ    ഫാ.ബൈജു കാഞ്ഞിരത്തിങ്കൽ
ഡയറക്ടർ    അസി. ഡയറക്ടർ

ബീനജോഷി
രൂപതമാതൃസംഘം പ്രസിഡണ്ട്

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

രോഗീദിനമായ ഫെബ്രുവരി 11ന് ആതുരാലയങ്ങളിൽ രോഗികൾക്ക് വേണ്ടി ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും വിവിധ പരിപാടികളോടെ രോഗീദിനം സമുചിതമായി ആചരിക്കുകയും ചെയ്തു.

അതിരൂപത കാത്തലിക് നേഴ്സസ് ഗിൽഡിന്റെ കാരുണ്യപദ്ധതിയായ 'ദിയാക്കോണിയ പാലിയേറ്റീവ് കെയർ' യൂണിറ്റിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി അന്തിക്കാട് ഇടവകയിലെ നിർദ്ധനരായ കിടപ്പുരോഗിയെ സി.എൻ.ജി. ഐ. എക്സിക്യൂട്ടീവ് അംഗങ്ങൾ സന്ദർശിച്ച് അവരുടെ വേദനകളിൽ പങ്കുചേർന്ന് പ്രാർത്ഥിക്കുകയും ചികിത്സാ സഹായം കൈമാറികൊണ്ട് രോഗിപരിചരണത്തിന് അറിവ് പകരുകയും ചെയ്തു. ഇനിയും ഇടവകകളിൽ വളരെ പാവപ്പെട്ടവരായ കിടപ്പുരോഗികൾ ചികിത്സ ലഭിക്കാതെ കഴിയുന്നുണ്ടെങ്കിൽ ഇടവക വികാരി വഴി CNGI അതിരൂപതാ ഡയറക്ടറേയോ ഭാരവാഹികളെയോ അറിയിക്കേണ്ടതാണ്.

തൃശ്ശൂർ അതിരൂപത കാത്തലിക് നേഴ്സസ് ഗിൽഡ് നേതൃത്വം വഹിച്ച കരുണാ വർഷ ആതുര ശുശ്രൂഷ ധ്യാനം 2016 ഫെബ്രുവരി 20 മുതൽ 27 വരെ രണ്ടു ബാച്ചുകളിലായി തലോർ ജറുസലേം ധ്യാനകേന്ദ്രത്തിൽ റവ. ഫാ. ഡേവീസ് പട്ടത്ത് സി.എം.ഐ. യും ടീം അംഗങ്ങളും ചേർന്ന് നയിച്ചു. വിവിധ സ്ഥാപനങ്ങളിൽ നിന്നും ഇടവകയിൽ നിന്നുമായി ധാരാളം ആതുര ശുശ്രൂഷകർ ഈ ആത്മീയ വിരുന്നിൽ പങ്കെടുത്ത് തമ്പുരാന്റെ കാരുണ്യ സ്പർശം ഏറ്റുവാങ്ങുകയും ചെയ്തു. പുണ്യം പൂക്കുന്ന ഈ നോമ്പുകാലത്തിൽ പ്രാർത്ഥനാ ഉപവാസം, പരിഹാരം എന്നീ സുകൃതവഴികളിലൂടെ സഞ്ചരിച്ച് ഉത്ഥാന സന്തോഷം അനുഭവിക്കാൻ പ്രാർത്ഥനാശംസകൾ നേരുന്നു

**ഫാ. സിജോ അരിക്കാട്ട്**
ഡയറക്ടർ

**സി. റോസീന ഡേവീസ്** FCC
സെക്രട്ടറി

# മദ്യവിരുദ്ധ സമിതി

### 1. വാർഷിക പദ്ധതി ഉദ്ഘാടനം

തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധ സമിതിയുടെ 2016 വാർഷിക പദ്ധതി ജനുവരി 24 ഞായറാഴ്ച ഉച്ചതിരിഞ്ഞ് പാസ്റ്ററൽ സെന്ററിൽ വെച്ച് പ്രശസ്ത വ്യവസായിയും വചനപ്രഘോഷകനുമായ കോശി പി. തോമസ് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ രംഗത്ത് പ്രവാചക തീക്ഷ്ണതയോടെ പ്രവർത്തിക്കണമെന്ന് അദ്ദേഹം ബോദ്ധ്യപ്പെടുത്തി. ഡയറക്ടറച്ചൻ മുഖ്യാതിഥിയെ പൊന്നാടയണിച്ചാദരിച്ചു. പ്രസിഡണ്ട് എം.കെ. ബാബു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടറി ജയിംസ് മുട്ടിക്കൽ, മുൻ അതിരൂപത സെക്രട്ടറി തോമസ് ചിറമ്മൽ, വൈസ് പ്രസിഡണ്ട് ആനി ജോൺസ് എന്നിവർ ആശംസകൾ അർപ്പിക്കുകയുണ്ടായി. സെക്രട്ടറി റപ്പായി മേച്ചേരി അവതരിപ്പിച്ച റിപ്പോർട്ടും ട്രഷറർ സമർപ്പിച്ച കണക്കും യോഗം അംഗീകരിച്ചു. സുനീഷ് സ്രാമ്പിക്കലിന്റെ കൃതജ്ഞതാപ്രകാശനത്തോടെ ഉദ്ഘാടന സമ്മേളനത്തിന് പരിസമാപ്തിയായി. 2015 ൽ നടത്തിയ കൂപ്പൺ പദ്ധതിയിൽ 49875 രൂപ കേന്ദ്രസമിതിക്കു ലഭിച്ചുവെന്ന് അറിയിക്കാൻ സന്തോ

ഷമുണ്ട്. സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു.

**മദ്യവിരുദ്ധ ഞായർ**

വലിയ നോമ്പിലെ മൂന്നാം ഞായറാണ് മദ്യവിരുദ്ധ ദിനമായി ആചരിക്കേണ്ടത്. ഇത്തവണ ഫെബ്രുവരി 28 അന്നേദിവസം കുറഞ്ഞ പക്ഷം ഒരു പോസ്റ്ററോ ബാനറോ പ്രദർശിപ്പിക്കുന്നത് നല്ലതായിരിക്കും. മദ്യവിരുദ്ധചിന്തകൾ പങ്കുവെയ്ക്കുന്നതിനു ലഭിക്കുന്ന ഉത്തമ അവസരമായിരിക്കും അത്.

**3. കുടുംബനവീകരണ ധ്യാനം**

വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്തതനുസരിച്ച് മദ്യവിരുദ്ധ പ്രവർത്തകർക്കുവേണ്ടി ഒരു നവീകരണ ധ്യാന പരിപാടി ഒരുക്കിയിരിക്കുന്നു. ഫെബ്രുവരി 28ന് കാലത്ത് 9.30 മണിക്ക് പാസ്റ്ററൽ സെന്ററിലാണ് ധ്യാനം തുടങ്ങുക. കാത്തലിക് സെന്റർ കത്തോലിക്കാ സഭാ അഭിനവ ഡയറക്ടർ, ഫാ. ഫ്രാൻസീസ് കൂത്തൂർ ഉദ്ഘാടനം ചെയ്യുന്നതാണ്. ഡയറക്ടറച്ചൻ അർപ്പിക്കുന്ന ദിവ്യബലിയോടുകൂടിയാണ് പരിപാടി തുടങ്ങുക. സംസ്ഥാന ജനറൽ സെക്രട്ടറി ഫാ.ടി.ജെ. ആന്റണി, വചനപ്രഘോഷകനായ ബ്രദർ ജോയ്സൺ വടക്കാഞ്ചേരി എന്നിവർ ധ്യാനം നയിക്കുന്നു. എല്ലാ ഭാരവാഹികളും കുടുംബസമേതം വന്ന് പങ്കെടുക്കേണ്ടതാണ്. കരുണയുടെ വർഷത്തിൽ ഈ പരിപാടിയുടെ വിജയത്തിന് കരുണ കാണിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.

**സ്മരണികാ പ്രകാശനം**

തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധ സമിതിയുടെ 2015 പ്രവർത്തന വർഷത്തെ സ്മരണിക ഹെസദ് – ഫെബ്രുവരി 28ന് പ്രകാശനം ചെയ്യുന്നതാണ്. കർണ്ണാടക സംഗീത വിദഗ്ദ്ധനായ റവ. ഫാ. ഡോ. പോൾ പൂവ്വത്തിങ്കൽ സി.എം.ഐ. ആണ് പ്രകാശകൻ. നവീകരണ ധ്യാനത്തിൽപങ്കെടുക്കുവാൻ വരുന്നവർക്ക് അന്നുതന്നെ കോപ്പികൾ വിതരണം ചെയ്യും. വെറും ഒന്നൊന്നര മാസം കൊണ്ട് പുതിയ ഭരണസമിതി ഈ സ്മരണിക തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നുവെന്നത് പ്രത്യേകാഭിനന്ദനം അർഹിക്കുന്നു. കരുണയുടെ വർഷമായതുകൊണ്ടാണ് കൃപ പ്രദ്യോതിപ്പിക്കുന്ന ഹെസദ് എന്ന പേർ സ്വീകരിച്ചിരിക്കുന്നത്. സഹകരിച്ചവർക്കെല്ലാം പ്രത്യേകം നന്ദി.

**മദ്യവിരുദ്ധ സന്ദേശം**

കൂനംമൂച്ചി, മണ്ണംപേട്ട, പട്ടിക്കാട്, പടിഞ്ഞാറെകോട്ടയിലെ സെന്റ് ആൻസ് എന്നീ പള്ളികളിൽ വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് മദ്യവിരുദ്ധ സന്ദേശം നൽകി.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**പി. പി. ഡേവീസ്**
പി.ആർ.ഒ.

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് തൃശ്ശൂർ കമ്മീസിയത്തിന്റെ 695-ാമതും, കൂരിയായുടെ 708-ാംമതും സമ്മേളനം 2016 ഫെബ്രുവരി 7 ഞായറാഴ്ച 2.30ന് പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽവെച്ച് പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും ആദ്ധ്യാത്മിക നിയന്താവ് ബഹു.ഡോ. ജോൺ മൂലനച്ചന്റെ സാന്നിദ്ധ്യത്തിലും പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു.

നിയമഗ്രന്ഥത്തിൽ നിന്ന് ബ്ര. പ്രസിഡന്റ് സൈനീക പ്രകടനം എന്ന ഭാഗം ജ്ഞാനവായന നടത്തി. സെക്രട്ടറി മുൻമാസ റിപ്പോർട്ടും ട്രഷറർ മുൻമാസ വരവ്-ചിലവ് കണക്കും അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് ഹാജർ വിളിച്ചതിൽ കാഞ്ഞിരപ്പുഴ, ചേർപ്പ് കൂരിയാകൾ ഹാജരുണ്ടായിരുന്നില്ല. മാർച്ച് മാസം ലൂർദ്ദ് കത്തീഡ്രൽ കൂരിയാ ആരംഭിക്കാമെന്ന് തീരുമാനിച്ചു. ബ്ര. പ്രസിഡന്റ് എല്ലാ മരിയ സൈനീകരേയും പ്രത്യേകം സ്വാഗതമാശംസിച്ചു.

പ്രവർത്തന സംഗ്രഹം ഉണ്ടായിരുന്നില്ല. സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. ജോൺ മൂലൻ പ്രഭാഷണം നടത്തി.

കമ്മീസിയം തലത്തിൽ നടക്കുന്ന ആച്ചിയസ് (സൈനീക പ്രകടനം)2016 മാർച്ച് 6 ഞായറാഴ്ച ഏകദിനപരിപാടിയോട നടത്തുന്നതിന് തീരുമാനിച്ചു.

പുതിയ പ്രസീദിയങ്ങൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ചും പ്രസീദിയം കൂരിയ സന്ദർശനത്തെക്കുറിച്ചും ബ്ര. പ്രസിഡന്റ് ഓർമ്മിപ്പിച്ചു.

2016 കലണ്ടർ അച്ചടിച്ചത് മനോഹരമായിരുന്നു എന്ന് സൈനീകർ അഭിപ്രായപ്പെട്ടു. കലണ്ടർ സ്റ്റോക്ക് തീർന്നതായും സെക്രട്ടറി അറിയിച്ചു.

അവസാന പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവ്വാദത്തിനും ശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

### സി.സി. വാർത്തകൾ

റവ. ഫാ. നിക്കോളസ് അന്തിക്കാട് മുൻ നാഷനൽ കൗൺസിൽ പ്രസിഡണ്ട് ബ്ര. പി.ജി. ജെയ്ക്കബ്, റവ. ഫാ. ജെൻസ് തട്ടിലിന്റെ മാതാവ്

എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

രാമനാഥപുരം രൂപതയിലെ ബഹു. വൈദികരേയും അത്മായ പ്രതിനിധികളെയും ചില സാമൂഹ്യദ്രോഹികൾ ആക്രമിച്ചതിൽ സെൻട്രൽ കൗൺസിലിൽ യോഗം പ്രതിഷേധിച്ചു.

KRCC തലത്തിൽ നടന്ന മത്സരങ്ങളിൽ കണ്ടശ്ശാംകടവ് AC യിലെ മുല്ലശ്ശേരി കോൺഫ്രൻസ് അംഗം ബ്ര. സിൻജോ ജോസ് തൃശ്ശൂർ വെസ്റ്റ് എ.സി.യിലെ അരണാട്ടുകര വനിത കോൺഫ്രൻസ് അംഗം സി. സ്നേഹ ജോയ്, തൃശ്ശൂർ ഈസ്റ്റ് എ.സിയിലെ മൈനർ സെമിനാരി കോൺഫ്രൻസ് അംഗം ബ്ര. സ്റ്റെയിൻസ് കുറ്റിക്കാട്ട് എന്നിവർക്ക് രണ്ടാം സ്ഥാനം ലഭിച്ചു. വിജയികൾക്ക് റവ. ഡോ. ആന്റണി ചെമ്പകശ്ശേരി സമ്മാനങ്ങൾ വിതരണം ചെയ്യുകയും അനുമോദനങ്ങൾ നേരുകയും ചെയ്തു.

'കാരുണ്യസ്പർശം' സഹായ നിധിയിൽ നിന്നും 8 അപേക്ഷകളിൽ 80,000 രൂപ സഹായം അനുവദിച്ചു.

ഏരിയ കൗൺസിൽ തലത്തിൽ കോൺഫ്രൻസ് സന്ദർശനം നടത്തി. സി.സിയിൽ റിപ്പോർട്ട് നൽകണമെന്ന് സി.സി. യോഗം തീരുമാനമെടുത്തു.

പുതിയ അംഗങ്ങൾക്കുള്ള പരിശീലന ക്ലാസ്സ് 06.03.2016ന് വിൻസെൻഷ്യൽ കോംപ്ലക്സ് ഹാളിൽവെച്ച് നടത്തുന്നു.

മാർച്ച് 6-ാം തിയതി കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് സി.സി. അംഗങ്ങളുടെ കുടുംബസംഗമം ദിവ്യബലി, കുമ്പസാരം, ധ്യാനം എന്നിവയോടുകൂടി നടത്തുവാനും തുടർന്ന് സി. സി. യോഗം നടത്തുവാനും തീരുമാനിച്ചു.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **പോൾസൺ കെ. കെ.** |
| ആദ്ധ്യാത്മികോപദേഷ്ടാവ് | സി.സി. പ്രസിഡണ്ട് | സെക്രട്ടറി |

# സി. എൽ. സി.

**പ്രവർത്തക സമിതി യോഗം**

അതിരൂപത സി. എൽ.സി.യുടെ 2016-18 വർഷത്തെ ആദ്യ പ്രവർത്തക സമിതി യോഗം പാസ്റ്ററൽ സെന്ററിലെ സി. എൽ. സി. ഓഫീസിൽ വെച്ച് നടന്നു. അതിരൂപത സി. എൽ. സി. പ്രസിഡന്റ് ബിജിൽ സി. ജോസഫ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത പ്രൊമോട്ടർ റവ. ഫാ. ജിയോ

തെക്കിനിയത്ത് സന്നിഹിതനായിരുന്നു. 2016 – 18 വർഷക്കാലത്തെ പ്രവർത്തനപദ്ധതികൾ ചർച്ച ചെയ്തു.

**കോയമ്പത്തൂരിൽ വൈദീകനെ ആക്രമിച്ചതിൽ അതിരൂപത സി. എൽ. സി. പ്രതിഷേധിച്ചു.**

കോയമ്പത്തൂർ എട്ടിമടയിൽ വച്ച് രാമനാഥപുരം രൂപത പ്രൊക്യൂറേറ്റർ ഫാ. ജോസ് കുന്നകുഴിക്കും ആത്മായ പ്രതിനിധികൾക്കും നേരെയുണ്ടായ ക്രൂരമർദ്ദനത്തിൽ തൃശ്ശൂർ അതിരൂപത പ്രതിഷേധിച്ചു. സാമൂഹ്യ പ്രതിബദ്ധതയോടെ ക്രൈസ്തവർ നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടത്തുന്ന അതിക്രമങ്ങൾക്കും വൈദീകരേയും അത്മായരെയും അക്രമിക്കുകയും ചെയ്തവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുവാൻ തൃശ്ശൂർ അതിരൂപത സി. എൽ .സി. ആവശ്യപ്പെട്ടു. അതിരൂപത സി. എൽ.സി. പ്രസിഡന്റ് ബിജിൽ സി. ജോസഫ് അദ്ധ്യക്ഷത വഹിച്ച യോഗം സംസ്ഥാന സി. എൽ.സി. പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് വിനേഷ് ജെ. കോളേങ്ങാടൻ, ഡിൽജോ തരകൻ, സെബിൻ സി.കെ., ബിനോയ് കാറളത്തുക്കാരൻ, സിവിൻ വിൻസെന്റ്, സോണി തൃശ്ശൂർക്കാരൻ, റീമ പി. തോമസ്, ഷിൻസി എന്നിവർ പ്രതിഷേധ യോഗത്തിൽ സംസാരിച്ചു.

**അസി. പ്രൊമോട്ടർക്ക് സ്വീകരണം**

തൃശ്ശൂർ അതിരൂപത സി. എൽ.സി. അസി. പ്രൊമോട്ടറായി ചാർജ്ജെടുത്ത റവ. ഫാ. ഫ്രജോ വാഴപ്പിള്ളിക്ക് അതിരൂപത സി.എൽ.സി. സ്വീകരണം നൽകി. സി. എൽ.സി. ഓഫീസിൽ വച്ച് നടന്ന സ്വീകരണ യോഗത്തിൽ അതിരൂപത പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് പൂച്ചെണ്ട് സ്വീകരിച്ചു.

**കാരുണ്യവർഷ പ്രവർത്തനങ്ങൾക്ക് തുടക്കമായി**

സംസ്ഥാന സി. എൽ.സി.യുടെ കാരുണ്യവർഷ പ്രവർത്തനത്തിന് തൃശ്ശൂർ അതിരൂപതയിൽ തുടക്കമായി. തൃശ്ശൂർ മുളങ്കുന്നത്ത് കാവ് മെഡിക്കൽ കോളേജിൽ വെച്ച് നടന്ന കാരുണ്യവർഷം ഉദ്ഘാടനം സാഗർ മുൻ ബിഷപ് മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്ത് നിർവ്വഹിച്ചു. മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. ഷാജി അബ്രഹാം, സംസ്ഥാന പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത്, വെളപ്പായ വികാരി ഫാ. ജോഫി ചിറയത്ത്, അസി. പ്രൊമോട്ടർ റവ. ഫാ. ഫ്രജോ വാഴപ്പിള്ളി, അതിരൂപത പ്രസിഡന്റ് ബിജിൽ സി. ജോസഫ്, സംസ്ഥാന സി.എൽ.സി. പ്രസിഡന്റ് വിനേഷ് ജെ കോളേങ്ങാടൻ, പ്രൊഫഷണൽ സി. എൽ.സി. പ്രസിഡന്റ് ജെറോം മാസ്റ്റർ തുടങ്ങിയവർ സംസാരിച്ചു.

**സംസ്ഥാന പ്രൊമോട്ടർക്ക് സ്വീകരണവും അതിരൂപത ഭാരവാഹികളുടെ സ്ഥാനാരോഹണവും**

സംസ്ഥാന സി. എൽ.സി. പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്തിനും അതിരൂപത ഭാരവാഹികളുടെ സ്ഥാനാരോഹണവും ആർച്ച്ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്നു. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരിയെ അതിരൂപത സി. എൽ.സി. കുടുംബത്തിലേക്ക് സ്വാഗതം ചെയ്തു. അതിരൂപത സി. എൽ. സി. നിയുക്ത പ്രസിഡന്റ് ബിജിൽ സി. ജോസഫ് നയപ്രഖ്യാപനം നടത്തി. അതിരൂപത സി. എൽ. സി. പ്രസിഡന്റ് ഡിൽജോ തരകൻ, സംസ്ഥാന പ്രസിഡന്റ് വിനേഷ് ജെ കോളേങ്ങാടൻ അസി. പ്രൊമോട്ടർ റവ. ഫാ. ഫ്രജോ വാഴപ്പിള്ളി എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

പാലയൂർ ജാഗരണ പദയാത്ര, സി. എൽ.സി. നയിക്കുന്നത് മാർച്ച് 4ന്

പാലയൂർ ജാഗരണ പദയാത്ര സംഘടിപ്പിക്കുന്നത് മാർച്ച് 4നാണ്. ബസിലിക്കയിൽ നിന്നാരംഭിക്കുന്ന പദയാത്രയിൽ പങ്കെടുക്കുന്നവർ കൃത്യം 7.30ന് ബസിലിക്കയിൽ എത്തിച്ചേരേണ്ടതാണ്.

സി. എൽ.സിയുടെ സേവനത്തിൽ

| | |
|---|---|
| റവ. ഫാ. ജിയോ തെക്കിനിയത്ത് | ബിജിൽ സി. ജോസഫ് |
| പ്രൊമോട്ടർ | പ്രസിഡന്റ് |
| റവ. ഫാ. ഫ്രജോ വാഴപ്പിള്ളി | സെബിൻ സി. കെ. |
| (അസി. പ്രൊമോട്ടർ) | സെക്രട്ടറി |

# കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

**1. ഗിൽഡ് അംഗങ്ങളുടെ മക്കൾക്കുള്ള അവാർഡിന് അപേക്ഷ**

2014-15 വർഷങ്ങളിൽ എസ്.എസ്. എൽ. സി, പ്ലസ് ടു, ഡിഗ്രി, പി.ജി, പ്രൊഫഷണൽ കോഴ്സുകൾ, ടെക്നിക്കൽ കോഴ്സുകൾ എന്നിവയിൽ ഉന്നത വിജയം നേടിയ പ്രതിഭകൾക്കുള്ള അവാർഡുകൾ നൽകുന്നു. അപേക്ഷകൾ പ്രധാനധ്യാപകൻ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റ് സഹിതം ഫെബ്രുവരി 28-ാം തിയതിക്കുമുമ്പായി Sri. Jophy Manjaly, St.Mary's H.S., Chengaloor, P.O. 680 312 (Ph : 9495464207, jophymanjaly@gmail.com എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

**2. ഗിൽഡ് അവാർഡുകൾ**

ബെസ്റ്റ് ഗിൽഡ് ടീച്ചർ, ബെസ്റ്റ് ഗിൽഡ് യൂണിറ്റ് എന്നീ അവാർഡുകൾക്കുള്ള അപേക്ഷാ ഫോറത്തിന്റെ മാതൃക അയക്കുന്നതാണ്. ആവശ്യമായ ഫോറത്തിന്റെ പകർപ്പെടുത്ത് പൂരിപ്പിച്ച് ഫെബ്രുവരി 28-ാം തിയതിക്കു മുമ്പ് ബഹു. ഡയറക്ടർക്ക് അയക്കണം.

**3. സാഹിത്യമത്സരങ്ങൾ**

വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമായി ഗിൽഡ് സംഘടിപ്പിച്ച സാഹിത്യ മത്സരങ്ങളുടെ റിസൾട്ട് താഴെ ചേർത്തിരിക്കുന്നു. വാർഷിക സമ്മേളത്തിൽ ട്രോഫികൾ വിതരണം ചെയ്യുന്നതാണ്. വിജയികളെ അറിയിക്കുമല്ലോ.

**4. മെമ്പർഷിപ്പ്**

മെമ്പർഷിപ്പ് ഇനിയും അടക്കാത്ത ഏതാനും വിദ്യാലയങ്ങൾ കൂടി ഉണ്ട് എന്ന് ഓർമ്മിപ്പിക്കുന്നു. ഗിൽഡിന്റെ വാർഷിക കൺവെൻഷനും യാത്രയയപ്പ് യോഗവും മാർച്ച് മാസത്തിൽ സംഘടിപ്പിക്കുന്നതാണ്. തിയതി പിന്നീട് അറിയിക്കും. ഈ വർഷം *വിരമിക്കുന്ന മുഴുവൻ ഗിൽഡ് അംഗങ്ങളേയും പ്രസ്തുത യോഗത്തിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം.* യൂണിറ്റ് ഭാരവാഹികളും പ്രസ്തുത യോഗത്തിൽ പങ്കെടുക്കുമല്ലോ. ക്ഷണക്കത്ത് അയക്കുന്നതാണ്. മുഴുവൻ ഗിൽഡ് അംഗങ്ങളേയും വിശദാംശങ്ങൾ അറിയിക്കുമല്ലോ.

സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ജോഷി വടക്കൻ** | **പി.ഡി. വിൻസെന്റ്** |
| ഡയറക്ടർ | പ്രസിഡണ്ട് | ജനറൽ സെക്രട്ടറി |

# RACHANAMALSARAM 2016 RESULTS

## UP Kavitha Rachana

| | | |
|---|---|---|
| I | Alba Benny | SHCGHSS, Thrissur |
| II | Esther M.R. | Matha H.S. Mannampetta |
| III | Gourei Nandana | St. Thomas HSS, Thiroor |

## UP. Katha Rachana

| | | |
|---|---|---|
| I | Akshara Anilkumar | St.Marys HFCUOS Ambakkad |
| II | Immanuval K Francis | St.Thomas CHSS Thrissur |
| III | Namitha Rose | SHCGHSS, Thrissur |

**UP Essay**

| | | |
|---|---|---|
| I | Devanandana Unni | St.Mary's HFCUPS Ambakkad |
| II | Aleena Shaju | St. Thomas HSS, Thiroor |
| III | Sandra K.S. | Matha HS Mannampetta |

**H.S. Kavitha Rachana**

| | | |
|---|---|---|
| I | Lakshimpriya T.G. | BCHSS, Mukkattukara |
| II | Neelima Santhosh | HF CGHSS, Thrissur |
| III | Sofia George | Matha H.S. Mannampetta |

**HS Katha Rachana**

| | | |
|---|---|---|
| I | Akhila Vasudevan | BCHSS, Mukkattukara |
| II | Briji Rose | Matha HS Mannampetta |
| III | Shifaniya | IJGHS Aranattukara |

**H.S. Essay**

| | | |
|---|---|---|
| I | Albin Prince | St. Thoms HSS, Thrissur |
| II | Hanna Joju | Matha HS Mannampetta |
| III | Sinu Mariya Jeeson | IJGHS, Aranattukara |

**Teachers Puthenpana**

| | | |
|---|---|---|
| I | Jexy CJ | St. Joseph's UPS, Kundannur |
| II | Jency MP | LF LPS, Perinchery |
| III | Bindu T.L | St.Mary's CUPS, Chiyyaram |

**HSS Kavitha Rachana**

| | | |
|---|---|---|
| I | Jismol MS | St.Antony's HSS Pudukkad |
| II | Joffy Jose | LFGHSS, Chelakkara |
| III | Jithin K Jose | St. Thomas HSS, Thope, Thrissur |

**HSS Katha Rachana**

| | | |
|---|---|---|
| I | Ardra N.P. | St. Antony's HSS Pudukad |
| II | Akhila Varghese | LFGHSS, Chelakkara |
| III | Siril E Salin | St. Thomas HSS, Thope, Thrissur |

**HSS Essay**

| | | |
|---|---|---|
| I | Reshma K.R. | LFGHSS, Chelakkara |
| II | Arya Vijayan | St.Antonys HSS Pududkad |
| III | Anagha Mariya Baiju | BCHSS Mukkattukara |

**Teachers Kavitha Rachana**

| | | |
|---|---|---|
| I | Rosy A.F. | St. Thomas CHSS Thrissur |
| II | Bindu T.L | St.Mary's CUPS, Chiyyaram |
| III | Merlin Jose | St. George's CLPS, Mukkattukara |

**Teachers Katha Rachana**

| | | |
|---|---|---|
| I | Bindu T.L. | St.Mary;s CUPS, Chiyyaram |
| II | Sini Jose | St.Geoge's CLPS, Mukkattukara |
| III | Baby PA | HFCGHSS, Thrissur |

**Teachers Essay**

| | | |
|---|---|---|
| I | Lilly P.A. | St. Thomas HSS,Thiroor |
| II | Sini Jose | St.George's CLPS Mukkattukara |
| III | Rosy A.F. | St. Thomas CHSS, Thrissur |

## ചിൽഡ്രൻസ് മിനിസ്ട്രി

**0487-2325336, 9947582522**

**അതിരൂപതാ കലാമത്സര സമ്മാനദാനം:**

തൃശ്ശൂർ അതിരൂപത തിരുബാലസഖ്യം, ജൂനിയർ സി. എൽ.സി, അൾത്താര സംഘം എന്നീ സംഘടനകളുടെ 2015-16 വർഷത്തെ കലാമത്സര സമ്മാനവിതരണം മതബോധന കേന്ദ്രത്തിൽ വച്ച് നടന്നു. മാർ.ജേക്കബ് തൂങ്കുഴി പതാക ഉയിർത്തുകയും, സന്ദേശം നൽകുകയും, നിലവിളക്കു തെളിച്ച് തിരുബാലസഖ്യ ദിനാഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. ഉച്ചകഴിഞ്ഞ് ജൂനിയർ സി. എൽ.സി, അൾത്താര സംഘം എന്നീ സംഘടനകളുടെ സമ്മാനദാനചടങ്ങിന്റെ ഉദ്ഘാടനം അതിരൂപത വികാരി ജനറാൾ മോൺ ജോർജ്ജ് കൊമ്പാറ നിർവ്വഹിച്ചു. മതബോധന ഡയറക്ടർ ഫാ റാഫേൽ ആക്കമറ്റത്തിൽ, റവ. ഫാ. വർഗ്ഗീസ് കരിപ്പേരി, റവ. ഫാ സോബിൻ തൈക്കാട്ടിൽ, ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ ജിജോ കപ്പിലാംനിരപ്പേൽ, കോഡിനേറ്റർ സി.മിനി, ആനിമേറ്റർമാരായ സി വിസ്സി, സി. ബിൽജി, ശ്രി. അജി ജോസ്, ശ്രി. ആനീസ് ജോയ്, ശ്രി. പ്രീത വിൽസൻ വിവിധ സംഘടനാഭാരവാഹികളും കുട്ടികളും സിഹിതരായിരുന്നു. നന്ദിയോടെ യോഗം അവസാനിച്ചു. അന്നേ ദിവസം തന്നെ ബെസ്റ്റ് യൂണിറ്റ്, മോഡൽ യൂണിറ്റ്, ബെസ്റ്റ് മിഷൻ കളഷൻ, ബെസ്റ്റ് പ്രയർ ഫ്രൻണ്ട്

കളഷൻ, ബെസ്റ്റ് ജീസസ് ബെർത്ത് ഡേ കളഷൻ എന്നീ സമ്മാനങ്ങളും നൽകി.

**തിരുബാലസഖ്യം.**

1. Best Unit - Basilica Forane - Sacred Heart C.L.P.S, Thrissur
   Best Unit Animator : HM - Sr. Geethi Maria, Sr. Nivya & Mrs. Dilma

**Model Units**

2. Lourde Forane - St. Sebastian`s Church, Nellikkunnu.
3. Chelakkara Forane - Our Lady Of Grace Church, Mayannur.
4. Erumapetty Forane - Mary Matha Church, Marathamkode
5. Kandassamkadavu Forane - St Theresa's Church, Eravu
6. Mattom Forane - St. Sebastian's Church,Chittattukara
7. Ollur Forane - Holy Angels H.S.S, Ollur
8. Palayur Forane - Christ King Convent EMLPS, Pavarty
9. Parappur Forane - St Joseph's Church, Amalanagar
10. Pazhuvil Forane - St. Antony`s Church, Cherpu.
11. Pudukad Forane - St Marys Church, Chittissery.
12. Puthur Forane - Holy Trinity Church, Bharata.
13. Velur Forane - St John The Evangelist Church, Kuttamkulam
14. Wadakkanchery Forane- Arogyamatha L. P. School - Karumathra

Best Mission Collection - St. John Bosco church - Mariyapuram

**ജൂനിയർ സി. എൽ. സി**

Best unit - 2015: St. Joseph`s Church - Amala Nagar

Active Animator : Mrs. Anitta Babu , Mrs. Jeena Jose . C

Model units- 2015

1. St Francis Xaviers Forane Church, Pattikkad
2. St Marys Church,Chittissery
3. Holy Trinity Church,Bharata
4. St Marys Church, Anchery
5. Holy Cross Church, Arthat
6. St Antonys Church, Cherpu
7. Our Lady of Grace Church, Mayannur

Jesus B`Day Collection : St. Sebastian`s Church - Puranattukara

**അൾത്താര സംഘം**

ABA - Best unit - 2015

St Joseph's Church, Veluppadam, Active Animator : Stanlin sunny

Model units- 2015

1. St Joseph's Church,Amalanagar
2. St Francis Xaviers Church,Pattikkad
3. St Antonys Church,Machad
4. St Annes Church,West Fort
5. St Antonys Church Cherpu
6. Our lady of Grace Church, Mayannur

Best Prayer Friend Collection: St. Rocky`s Church - Poothrackal

ആദ്യകുർബ്ബാനസ്വീകരണം : ആദ്യകുർബ്ബാനസ്വീകരണത്തിന് ഒരുക്കു അദ്ധ്യാപകർക്കായി അർദ്ധദിന പരിശീലന പരിപാടി മാർച്ച 12 ശനിയാഴ്ച അതിരൂപതാമതബോധന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. സമയം ഉച്ചക്ക് 1.30 മുതൽ 4 വരെ. താത്പര്യമുള്ളവർ ഫെബ്രുവരി 22 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. ഫോ 0487 2325336, 9947582522,8547250833

**പരിശീലന ക്യാമ്പുകൾ:** ഏപ്രിൽ 4,5,6 തിയതികളിൽ അതിരൂപത തിരുബാലസഖ്യം, ജൂനിയർ സി. എൽ.സി, അൾത്താര സംഘം എന്നീ സംഘടനകളുടെ ആനിമേറ്റ്ഴ്സിനും: ഏപ്രിൽ 7,8,9 തിയതികളിലായി തിരുബാലസഖ്യത്തിന്റെ സ്പർശ് ക്യാമ്പും, ഏപ്രിൽ 11,12,13 തിയതികളിലായി ജൂനിയർ സി എൽ സി യുടെ ക്രിസ്ത്യൻ ലൈഫ് ക്യാമ്പും ഏപ്രിൽ 14,15,16 അൾത്താര സംഘത്തിന്റെ ബെർക്കുമെൻസ് ക്യാമ്പും ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 100/- രൂപയാണ്.

**മാലാഖ:** ചിൽഡ്രൻസ് മിനിസ്ട്രിയുടെയുടെ നേതൃത്വത്തിൽ കുട്ടികൾക്കും മുതിർന്നവർക്കും ഉപകരിക്കതക്കവിധത്തിലുള്ള മാലാഖ എന്ന പേരിൽ ഒരു ഓഡിയോ സി ഡി തയ്യാറായിട്ടുണ്ട്. മതബോധന ദിനം, ഇടവക ദിനം, കുടുംബയൂണിറ്റ് വാർഷികം, ആദ്യകുർബ്ബാനസ്വീകരണം, വി കുർബാന എന്നിവയ്ക്ക് സഹായമായ വിധത്തിലുള്ള ഡാൻസ്, പ്രാർത്ഥന ഗാനങ്ങളാണ് തയ്യാറാക്കിയിരിക്കുന്നത്. ഒരു സി ഡി - യ്ക്ക് 75/- രൂപയാണ് വില.

താത്പര്യമുള്ളവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോ0487 2325336, 9947582522,8547250833

**ഏഞ്ചലോസ് 2016** : ചിൽഡ്രൻസ് മിനിസ്ട്രിയുടെയുടെ നേതൃത്വത്തിൽ 2016 മെയ് 15-ന് കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് ഈ വർഷം ആദ്യകുർബ്ബാനസ്വീകരിച്ച കുട്ടികൾക്ക് അതിരൂപത തലത്തിൽ സ്വീകരണം നൽകുന്നു. അഭിവദ്ധ്യ പിതാക്കൻമാരോടൊപ്പം ഫോട്ടോ എടുക്കാൻ സൗകര്യം ഉണ്ടാകുന്നതാണ്. ഓരോ ഇടവകകളിൽ നിന്നും പങ്കെടുക്കു കുട്ടികളുടെ എണ്ണം ഏപ്രിൽ 30 – ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. ഫോൺ 0487 2325336, 9947582522, 8547250833

**പ്രാർത്ഥിക്കാൻ ......... പ്രവർത്തിക്കാൻ : മാർച്ച് 2016**

**തിരുവചനപഠനം :** യേശു അവരോടു പറഞ്ഞു പ്രവാചകൻ സ്വദേശത്തും സ്വഭവനത്തിലുമല്ലാതെ മറ്റെങ്ങും അവമതിക്കപ്പെടുില്ല. (മത്തായി 13, 57)

**സുകൃതജപം** : വി.യൗസേപ്പ് പിതാവേ നീതിബോധം എന്നിൽ വളർത്തണമേ.

**പ്രാർത്ഥനാനിയോഗം** :നീതിക്കുവേണ്ടി സഹിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുക.

**പ്രവർത്തനം** : എല്ലാവരോടും എപ്പോഴും നി പറയുവാൻ ശ്രമിക്കുക. ജീവിതത്തിൽ നീതിപ്രവർത്തിക്കുക.

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി.യൗസേപ്പ് (മാർച്ച് 19)

ഫാ. ജിജോ കപ്പിലാംനിരപ്പേൽ
ഡയറക്ടർ, ചിൽഡ്രൻസ് മിനിസ്ട്രി

സി. മിനി SSPC
കോഡിനേറ്റർ

# അതിരൂപതാ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

## പാരിഷ് ബുള്ളറ്റിൻ മത്സരം – മാനദണ്ഡങ്ങൾ

അതിരൂപതാ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ മൂല്യനിർണ്ണയത്തിന് ബാധകമായിരിക്കും.

**1. മികച്ച പാരിഷ്ബുള്ളറ്റിൻ**

1.1. പ്രതിമാസം പ്രസിദ്ധീകരിക്കുന്നവയ്ക്കും ഇടവിട്ട് പ്രസിദ്ധീകരിക്കുന്നവയ്ക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കും.

1.2. ഈ മത്സരത്തിലെ മൂല്യനിർണ്ണയത്തിനു മാർക്കുവിഭജനം താഴെപ്പറയും വിധമായിരിക്കും: കവർ (15%), എഡിറ്റോറിയൽ (15%), ലേ ഔട്ട് (15%), ഉള്ളടക്കം (50%) ഇതര കാര്യങ്ങൾ (5%)

1.3. ഈ മത്സരത്തിന് 2015 വർഷത്തെ ബുള്ളറ്റിനുകൾ ബൈൻഡ് ചെയ്ത ഒരു കോപ്പി സമർപ്പിക്കണം.

**2. മികച്ച കവർ, മികച്ച എഡിറ്റോറിയൽ, മികച്ച ലേ ഔട്ട്**

2.1 ഈ മത്സരങ്ങൾ എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നവയ്ക്കുമാത്രമായിരിക്കും

2.2. മികച്ച കവർ - 2015 ആഗസ്റ്റ് (ഒരു കോപ്പി)

2.3. മികച്ച എഡിറ്റോറിയൽ - 2015 സെപ്തംബറിലെ എഡിറ്റോറിയൽ പേജ് മാത്രം. വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

2.4. മികച്ച ലേ ഔട്ട് - 2015 ഒക്ടോബർ (ഒരു കോപ്പി)

**3. മികച്ച ലേഖനം, കഥ, കവിത, കാർട്ടൂൺ, ഫീച്ചർ**

3.1. എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നതോ അല്ലാത്തതോ എന്നു വേർതിരിച്ച് ഈ വിഭാഗത്തിന് ഉണ്ടായിരിക്കുന്നതല്ല.

3.2. ഓരോ പാരിഷ്ബുള്ളറ്റിനിൽനിന്നും ഓരോ വിഭാഗത്തിലേക്കും ഒരു കൃതിയാണ് മത്സരത്തിന് സമർപ്പിക്കേണ്ടത്. (ഉദാ. കവിത-ഒരെണ്ണം, ലേഖനം - ഒരെണ്ണം എന്നിങ്ങനെ).

3.3. ഈ മത്സരങ്ങൾക്ക് പരിഗണിക്കപ്പെടേണ്ട കൃതികളടങ്ങുന്ന ബുള്ളറ്റിൻ പേജുകൾ മാത്രം ഒരു കോപ്പി വീതം നൽകണം. ഇതിൽ വികാരിയച്ചന്റെ ഒപ്പും സീലും നിർബന്ധം.

**4. ഓരോവിഭാഗത്തിലുമുള്ള മത്സരത്തിന് പരിഗണക്കപ്പെടേണ്ട ബുള്ളറ്റിനുകളോ മത്സരയിനമോ വെവ്വേറെയായി തരം തിരിച്ച് ഒരുകോപ്പി വീതം നല്കണം.**

4.1. മത്സരഫലം പ്രഖ്യാപിച്ചശേഷം ബുള്ളറ്റിനുകൾ തിരികെ ലഭിക്കുന്നതാണ്.

മത്സരത്തിനുള്ള എല്ലാ ബുള്ളറ്റിനുകളും 2016 മാർച്ച് മാസം 31ന് മുമ്പ്

**ഫാ. ജിയോ കടവി, ഡയറക്ടർ, അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ്,**
**ആർച്ച്ബിഷപ്പ്സ് ഹൗസ്, തൃശ്ശൂർ – 680 005**

എന്ന വിലാസത്തിലോ അല്ലെങ്കിൽ ആർച്ച്ബിഷപ്പ്സ് ഹൗസിൽ നേരിട്ടോ നൽകേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന ബുള്ളറ്റിനുകൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.

ജോർജ്ജ് ചിറമ്മൽ (9446424520)
സെക്രട്ടറി

ഫാ. ജിയോ കടവി (9387109575)
ഡയറക്ടർ

# പാസ്റ്ററൽ കൗൺസിൽ യോഗം

16-ാം പാസ്റ്ററൽ കൗൺസിലിന്റെ എട്ടാം യോഗം **2016 മാർച്ച് 12 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചക്ക് 1 വരെ ഡി. ബി. സി. എൽ. സി. യിൽ.** എല്ലാ അംഗങ്ങളെയും യോഗത്തിലേക്ക് ക്ഷണിക്കുന്നു.

**വിഷയം** : ആധുനിക കുടുംബം നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗങ്ങളും

**വിഷയാവതരണം** : ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ

**ചർച്ചാവിഷയം**

1. സാമൂഹ്യസമ്പർക്കമാധ്യമങ്ങളും കുടുംബവും
2. വിവാഹിതരുടെ മനഃശാസ്ത്രപ്രശ്നങ്ങൾ, പൊരുത്തക്കേടുകൾ, പരിഹാരമാർഗ്ഗങ്ങൾ
3. വിവാഹിതരുടെ സാമൂഹ്യബന്ധങ്ങളിലെ ശിഥിലീകരണം
4. കുടുംബങ്ങളിൽ വിശ്വാസജീവിതത്തിന്റെ അഭാവം
5. ഉത്തരവാദിത്വമുള്ള പാരന്റിംഗിന്റെ അഭാവവും പരിഹാരവും

16-ാം പാസ്റ്ററൽ കൗൺസിലിന്റെ 2016 വർഷത്തിലെ സമ്മേളനങ്ങൾ താഴെ പറയുന്ന തീയതികളിലായിരിക്കും നടത്തപ്പെടുന്നത്.

**മാർച്ച് 12, ശനി (രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 വരെ)**
**ജൂൺ 11, ശനി (രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 വരെ)**
**സെപ്തംബർ 10, ശനി (രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 വരെ)**
**നവംബർ 12, ശനി - അവാർഡ് ദിനം (ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ)**

## രക്തദാനവും ഡയാലിസിസും


ഈ വർഷത്തെ അതിരൂപതാ ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടത്തുന്ന ഡയാലിസിസ് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ സ്പോൺസർ ചെയ്യുന്നു. ഡയാലിസിസ് സ്പോൺസർ ചെയ്യുന്നതിന് ഉദാരമായി സഹകരിക്കാൻ അംഗങ്ങളെ ക്ഷണിക്കുന്നു. ഡയാലിസിസ് ഒന്നിന് 500/- രൂപയാണ് സ്പോൺസർ സംഖ്യ. മെയ് 15ന് മുമ്പ് സംഖ്യ ഏല്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ജനറൽ സെക്രട്ടറി

**അഡ്വ. ബിജു കുണ്ടുകുളം**
സെക്രട്ടറി

Registered
R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.02.2016
**Mar. 2016**



Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005